2022 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ | ത്രൈമാസിക | ₹ 10

# നക്ഷത്രരാജ്യം

ത്രൈമാസിക

The National ... news Kerala & India

Cinema Sports Arts & Literature




ഇയ്യങ്കോട് ശ്രീധരൻ <◇> പി.ആർ നാഥൻ <◇> ഭാസി മലാപ്പറമ്പ്
കെ കേരളദാസനുണ്ണി <◇> ജോസഫ് പൂതക്കുഴി
രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി <◇> വിനോദ് കുമാർ ദാമോദർ
ശോഭ മക്കട <◇> അനിൽ ചെങ്ങണാശ്ശേരി
നക്ഷത്രരാജ്യം ഇ രാധാകൃഷ്ണൻ
വത്സല നിലമ്പൂർ <◇> ശാരദ പൂമഠം
മഞ്ചേരി ബാലചന്ദ്രൻ <◇> എം.മോഹൻദാസ്


PK ELECTRICALS

PEE KAY
ELECTRICALS
WHOLESALE & RETAIL

City Tower, Mavoor Road, Calicut
Ph: 0495 2720330 / 4060090 Mob: 9447393749
E-mail: pkelectricals.clt@gmail.com
www.peekeyelectricals.in

Finolex HAVELLS legrand ANCHOR Crabtree RR KABEL USHA Crompton KEI

# SOBHA INDUSTRIES

Mooriyad, P.O Chalappuram,
Kozhikode- 673 002
Ph: Mohandas T- 9846235836,
9544475340, 9746591263
sobhaindustries3g@gmail.com
www.sbscalicut.com



## Manufacture of


**Centering Equipments**
**Adjustable Prop, Span,**
**Centering Sheet, Column Box**
**Scaffolding, Etc.**



മുഖചിത്രം
സിത്താര
(ഫിലിം സ്റ്റാർ))

**NAKSHATRA RAJYAM**
**Tri - Monthly (QUARTERLY)**
**2022 AUGUST, SEPTEMBER, OCTOBER**
**RNI Title Code: KERMAL 16195 Dt: 22-06-2018**
**Reg: DCKKD-5221/17-A1A dtd 20-08-2018**
**Issue 17, volume 4**
**Managing Editor, Publisher & Owned by**
**Nakshthrarajyam E. Radhakrishnan**
**Edoli House, Kommeri P.O.**
**Kozhikode - 673007, Kerala State**
**ADDRESS**
**Managing Editior**
**NAKSHATHRARAJYAM**
**P.B. No.1205**
**Mankave P.O., Kozhikode - 7**
**Kerala, India**
**Mob: 98 47 64 95 67**
**97 44 23 39 97**
**e-mail: nakshathrarajyam@gmail.com**
**WEB**
**www.nakshathrarajyameradhakrishnan.in**
**LAYOUT**
**Nakshthrarajyam E. Radhakrishnan**
**COVER**
**Sayooj Mayanad**
**Price Rs-10.**

## എഡിറ്റോറിയൽ



# ഭാരതാംബയും പരിതേവനത്തിൽ

**നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ**


മൂന്നര കോടി ജനങ്ങൾ ജീവിക്കുന്ന കേരളം. വൈവിധ്യവും വൈചിത്യവും വിചിത്രവുമെന്ന് മറ്റു ജനങ്ങൾക്ക് തോന്നുന്ന പലതരത്തിലുള്ള ആചാരങ്ങളും അനുഷ്ടാനങ്ങളും ജീവിതചര്യയാക്കിയ മലയാളികൾ. ഒരു വിഭാഗം ജനങ്ങൾക്ക് ശരിയെന്നു തോന്നുന്നത് മറ്റുള്ള ഒരു ചെറിയ വിഭാഗത്തിന് ആചാരലംഘനം എന്ന തരത്തിൽ വൈവിധ്യമാർന്ന ജീവിത രീതികൾ. ഒരേ സംസ്ഥാനത്ത് പലതരം പ്രശ്നങ്ങളെ അതിജീവിച്ചുകൊണ്ടിരിക്കുകയാണവർ. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഇതു തന്നെ അവസ്ഥ. മൊത്തം ജനങ്ങളുടെ വളർച്ച (ജി.ഡി.പി.) രേഖപ്പെടുത്തുന്നതിനു വിചിത്രമായ രീതികൾ വെച്ചുപുലർത്തുന്ന എക്കണോമിക്സ് പാൽപായസമായി പാനം ചെയ്ത് ഉണ്ടു ഉറങ്ങുന്ന ഭാരതത്തിലെ പ്രധാന രാഷ്ട്രീയപാർട്ടികളും പ്രാദേശിക പാർട്ടികളും. ഉദാഹരണം:- രാജ്യത്തെ മൊത്തം ജനങ്ങളുടെ വളർച്ച രേഖപ്പെടുത്തുന്നതിനു ദരിദ്രനാരായണൻമാരും ഒരു നേരത്തെ ഭക്ഷണത്തിനുപോലും തികയാത്ത നിത്യവരുമാനക്കാരുമായ മൊത്തം ജനങ്ങൾ+അദാനി+അംബാനി+റ്റാറ്റ+ബിർള+ഗോയംഗെ+ഗോദ്റജ് etc+etc... ചേർത്തു വികസനത്തിന്റെ/വളർച്ചയുടെ/പുരോഗതിയുടെ ഘട്ടമായി വിളംബരം ചെയ്ത് കാലാകാലങ്ങളിൽ രാജ്യത്ത് തേനും പാലും ഒഴുക്കിക്കൊണ്ടിരിക്കുന്ന ഭരണകൂടങ്ങൾ.

വിരോധാഭാസമെന്നു പറയട്ടെ രാജ്യത്തിന്റേയും സംസ്ഥാനങ്ങളുടേയും വളർച്ചയെക്കുറിച്ച് ഘോരം ഘോരം കർണ്ണകഠോരമായി പ്രസംഗിക്കുന്നവരുടെ നാട്ടിൽ ഒരു നേരത്തെ അന്നത്തിനും അന്നത്തെ ജീവിതത്തിനും വേണ്ടി അലഞ്ഞുകൊണ്ടിരിക്കുന്ന ബഹുജനവൃന്ദങ്ങൾ.

പ്രാദേശികമായി നമ്മുടെ കൺമുമ്പിലുള്ള ട്രെയിൻ യാത്രാ യാഥാർത്ഥ്യങ്ങളുടെ ഏട് ഒന്നുതുറന്നാൽ നമുക്ക് ഇവിടെയും കാണാം ഇത്തരത്തിൽ നേതൃത്വം അലങ്കരിക്കുന്നവരെ. റെയിൽവേ പാസഞ്ചേഴ്സിനു വേണ്ടി ഇവർ "ട്രെയിൻ പാസഞ്ചേഴ്സ് അസോസിയേഷൻ" നേതാക്കൾ എന്ന പേരിൽ കണ്ണീരൊലിപ്പിക്കുന്നു. റെയിൽവേ സ്റ്റേഷനുകളിൽ കൂട്ടം കൂടുന്നു. വാർത്തകളിൽ ഇടംപിടിക്കുന്നു. പത്രങ്ങളിൽ പ്രസ്താവനകൾ ഇറക്കുന്നു. ഇവരുടെ പ്രധാന ആവശ്യങ്ങളോ! തിക്കോടിയിൽ സ്റ്റോപ്പില്ലാ അവിടെ സ്റ്റോപ്പില്ലാ ഇവിടെ സ്റ്റോപ്പില്ലാ. ഹാ കഷ്ടം! എന്നു പറയുകയല്ലാതെ ഞങ്ങൾ യഥാർത്ഥ റെയിൽവേ പാസഞ്ചേഴ്സ് എന്തു ചെയ്യും?. കൊറോണക്കാലത്ത് നിർത്തലാക്കിയ പാസഞ്ചർ ട്രെയിനുകൾ അതേ ടിക്കറ്റ് ചാർജ്ജിൽ (നിലവിലുള്ള എക്സ്പ്രസ്സ് ട്രെയിൻ ചാർജ്ജാക്കുവാതെ) പാസഞ്ചറായി / ഷട്ടിൽ സർവ്വീസായി യാത്രക്കാർക്കു വീണ്ടെടുത്തു കൊടുക്കുവാൻ മനസ്സില്ലാത്തവർ


**(ശേഷം 8-ാം പജിൽ)**

പാരിസ്ഥിതികം



വിനോദ്കുമാർ ദാമോദർ

# കണ്ടൽ സംരക്ഷണം വ്യക്തമായ നിയമങ്ങളില്ലാതെ



**ആന്തമാൻ നിക്കോബാർ-ദ്വീപിലെ കണ്ടൽക്കാടുകൾ**

**ഒ**രു കാലത്ത് കണ്ടൽകാടുകൾ കേരളത്തിന്റെ തീരപ്രദേശങ്ങളിൽ സമൃദ്ധമായി കണ്ടിരുന്നു . ഇന്ന് ദിനം പ്രതി നശിച്ച് പരിമിതമായി ചുരുങ്ങുന്നതായിട്ടാണ് കാണുന്ന്. എന്താണിതിനു കാരണമായിട്ടുള്ളത്?. പഠനങ്ങൾ തെളിയിക്കുന്നത് പ്രധാനമായും കൈയ്യേറ്റക്കാരായ സ്വകാര്യ വ്യക്തികളുടെ കൈയ്യേറ്റങ്ങളുടെ വിവരങ്ങളാണ്. പലസ്വകാര്യ വ്യക്തികളും ഇത്തരത്തിൽ കൈയ്യേറ്റം നടത്തുന്നുണ്ടെങ്കിലും അത്രയും തന്നെ ഗുരുതരമായ മറ്റൊരു പ്രശ്നമാണ് ഭരണകൂടങ്ങൾ കാലാകാലങ്ങളിൽ പാസ്സാക്കിക്കൊണ്ടിരിക്കുന്ന നിയമങ്ങൾ.

കേരളത്തിലെ തീരപ്രദേശങ്ങളിലെ കണ്ടൽകാടുകളിൽ പലതരം മത്സ്യങ്ങളേയും മറ്റു അപൂർവ്വജീവികളേയും ചെമ്മീൻ തരങ്ങളേയും കാണാൻ കഴിയും.

തീരപ്രദേശങ്ങളിൽ ഉണ്ടാകുന്ന വൻതിരമാലകളേയും മറ്റും തടയാനും കണ്ടൽകാടുകൾ ഉപകാരപ്രദമാണ്. സുനാമി സമയത്ത് ആന്തമാൻനിക്കോബാർ ദ്വീപിലെ കണ്ടൽക്കാടുകൾക്ക് അവിടേയ്ക്കു അടുക്കുന്ന തിരമാലകളെ നല്ലരീതിയിൽ തടയാനും വിപത്തുകൾ കുറയ്ക്കാനും കഴിഞ്ഞുവെന്നാണ് ശാസ്ത്രീയമായി പറയപ്പെടുന്നത്.

ഇത്രയും പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ വെട്ടിത്തെളിയിക്കുന്നത് ഇന്ന് വെറും വാർത്തകളിൽ ഒതുങ്ങുന്നു. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്ത അന്നത്തെ രണ്ടു ദിവസം ചർച്ചയ്ക്ക് വിധേയമാകും. പിന്നീട് കാര്യങ്ങൾ പഴയതുപോലെത്തന്നെ



മുംബെയ്യ് നഗരത്തിലെ കണ്ടലുകൾ



"സുന്ദർബെൻ" വനമേഖല പ്രദേശം



"സുന്ദർബെൻ" നാഷണൽ പാർക്ക്

തുടർന്നുകൊണ്ടിരിക്കും. ഇതാണ് പരിസ്ഥിതി സംരക്ഷണ രംഗങ്ങളിലെ ഇന്നത്തെ അവസ്ഥ.

എന്നാൽ മഹാനഗരമായ മുംബയ്യ് പോലെയുള്ള ഇടങ്ങളിൽ വനം-വന്യജീവി വകുപ്പിനാണ് കണ്ടൽകാടുകളുടെ സംരക്ഷണ ചുമതല. അതുകൊണ്ടുതന്നെ നിയന്ത്രിക്കാൻ വകുപ്പ് ശക്തമാണ്. മുംബയ്യിൽ 20 ൽ പരം സംഘടനകൾ കണ്ടൽക്കാട് സംരക്ഷണ രംഗത്തുണ്ട്.

ഇങ്ങനെയൊക്കെയായിട്ടും അവിടെയും കണ്ടൽക്കാട് വെട്ട് നടക്കുന്നുണ്ട്. ഒരു വ്യത്യാസം. കേരളത്തെപ്പോലെ അധികൃതരുടെ മുമ്പിൽ വെച്ചല്ല.

പലപ്പോഴും വൻ വികസന പദ്ധതികളുടെ പേരിലാണ് അവിടെ കണ്ടൽ വെട്ട് നടക്കുന്നത്. ഇത് തടയാൻ സംഘടനകൾ കോടതിയിൽ പോയിനോക്കും. സർക്കാറിന് അല്ലെങ്കിൽ പദ്ധതികൾക്ക്, അനുകൂലമായി കോടതിയിൽനിന്നും അനുവാദം ലഭിച്ചാൽ പിന്നെ സംഘടനകൾക്ക് കണ്ടൽ സംരക്ഷണത്തിനു ബുദ്ധിമുട്ടുകളുണ്ടാകും.

അത്പോലെ തന്നെയാണ് കൽക്കത്ത നഗരത്തിലും

ബംഗാളിൽ 2000 ചതുരശ്ര കിലോമീറ്റർ പരന്നുകിടക്കുന്ന "സുന്ദർബെൻസ്" എന്ന വനമേഖല മുഴുവൻ കണ്ടൽക്കാടുകളാണ്. അവിടെ സംരക്ഷിത വനമേഖലയായി പ്രഖ്യപിച്ചിരിക്കുകയാണ്.

ഇതിൽ കടുവ ഉൾപ്പെടെയുള്ള വന്യജീവികൾ വിഹരിക്കുന്നുണ്ട്.

"സുന്ദർബെൻ" വനമേഖല പ്രദേശം ബംഗ്ലാദേശിലും വ്യാപിച്ചു കിടക്കുന്നു. ബംഗ്ലാദേശും ഇന്ത്യയും സംയുക്തമായി ഈ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നു.


പൂർണ്ണമായും വനം വന്യജീവി വകുപ്പിന്റെ സംരക്ഷണത്തിലുള്ള ഇവിടെ പ്രവേശിക്കുന്നത് അനുവാദമില്ലാതെയാണെങ്കിൽ ക്രിമിനൽ കുറ്റമായി കണക്കാക്കും. ഉപ്പുകലർന്ന വെള്ളമുള്ള ഈ പ്രദേശത്ത് റോയൽ ബംഗാൾ കടുവകൾ വിഹരിയ്ക്കുന്നു.

കഥ



ഇയ്യങ്കോട് ശ്രീധരൻ

# ആസൂത്രണം



നൂറുനൂറായിരം മരുന്നുകഴിച്ചിട്ടും ശമിക്കാത്ത മാറാവ്യാധിപോലെ മഴ വന്നുംപോയുമിരുന്നു. പാത ചളിപ്പാടംപോലെയായി. കലുങ്കുകൾക്കടിയിലൂടെ വെള്ളം അമറിക്കൊണ്ടൊഴുകി.

കുട ഉണ്ടായിരുന്നിട്ടും ഞാൻ ആകെ നനഞ്ഞൊലിച്ചു. മാനത്തു നോക്കിയപ്പോൾ മറ്റൊരു ഉഗ്രൻ മഴയ്ക്കുള്ള തയ്യാറെടുപ്പാണ് കണ്ടത്. അതിന്നു മുമ്പെ ബസസ്റ്റാന്റിൽ എത്തണം. ഞാൻ വലിഞ്ഞു നടന്നു.

എന്റെ മുന്നിലും പിന്നിലുമെല്ലാം യാത്രക്കാരുണ്ട്. കയ്യിൽ പച്ചനിറത്തിലുള്ള പ്ലാസ്റ്റിക്ക് ബക്കറ്റും പൊതികളുമായി നടക്കുന്നവർ.

എല്ലാ വഴികളും ബസ്സ്റ്റാന്റിലേക്കു ഒഴുകുന്നു. സീറ്റു കിട്ടില്ലെന്നു വരുമോ?

റെയിൽവേ സ്റ്റേഷനിൽ ചെന്ന് നിരാശനായി പിന്തിരിഞ്ഞവനാണ് ഞാൻ. അവിടെ അഞ്ചു വണ്ടിക്കുള്ള ജനമുണ്ട്. വരാനുള്ളത് ഒരു വണ്ടിയും. ഭേദം ട്രാൻസ്പോർട്ടു ബസ്സാവുമെന്ന് കരുതി തിരിച്ചു നടന്നു. "പടയും പേടിച്ചു പന്തളത്തു ചെന്നപ്പോൾ..." എന്ന പഴഞ്ചൊല്ലുപോലെയായി കഥ.

കാര്യമായി സംസാരിക്കുമ്പോൾ, ഇടയിൽക്കയറി വിഡ്ഢിത്തം വിളമ്പുന്ന അരസികന്മാരെപ്പോലെ പെട്ടെന്ന് മഴ ചാറാൻതുടങ്ങി.

"സാറെ കൊറൊച്ചുദൂരം കുടക്കീഴിൽ ഞാനും നിന്നോട്ടെ?"

കയ്യിൽ ബക്കറ്റും കക്ഷത്തിൽ ചില പൊതികളുമുള്ള ഒരു എല്ലിച്ച മനുഷ്യൻ അടുത്തു വന്നു ചോദിക്കുന്നു. അലക്കിൽ നീലം കൂടിപ്പോയ മുണ്ടും കോളർ കീറിയ ഷർട്ടും ധരിച്ച ഒരു മുപ്പത്തഞ്ചുകാരൻ. ചാഴിക്കേടു ബാധിച്ച നെൽകൃഷിപോലെ രോമം കൊഴിഞ്ഞ തല. കഷണ്ടി എന്നു വിളിക്കാറായില്ല.

അയാൾ ഒപ്പം നടന്നു. മഴ ആഞ്ഞടിച്ചു. സ്റ്റാന്റിലെത്തുമ്പോൾ ഞങ്ങൾ കുളിച്ച മട്ടായി. അയാളുടെ ബക്കറ്റും പൊതികളും നനഞ്ഞു.

കൊട്ടാരം പോലുള്ള വെയിറ്റിംഗ് ഷെഡ്ഡിൽ കയറി ഷർട്ടും മുണ്ടും പിഴിഞ്ഞു. ഞാൻ അടുത്ത ബസ്സിന്റെസമയമറിയാൻ ടൈം ബോർഡിന്റെ അടുത്തേയ്ക്കു ചെന്നു.

സ്റ്റാന്റിൽ, പൂരത്തിന് എഴുന്നള്ളിച്ചു നിർത്തിയ ആനകളെപ്പോലെ ബസ്സുകൾ വരിവരിയായി നില്ക്കുന്നു. മസ്തകത്തിൽ എഴുതിപ്പതിച്ച സ്ഥലപ്പേരുകൾ നോക്കി. ആലപ്പുഴയ്ക്കും, കോട്ടയത്തേയ്ക്കും ആലുവായ്ക്കുമുള്ള ബസ്സുകൾ മാത്രമുണ്ട്. ഇട

യ്ക്കിടയ്ക്കു ബസ്സുകൾ കടന്നു വരുമ്പോൾ കാത്തുകെട്ടിയ ജന ങ്ങൾ ലഗേജുമെടുത്ത് അവയ്ക്കു ചുറ്റും ഓടികൂടി. ഡ്രൈവർമാർ സ്ഥലപ്പേര് എഴുതിയ ബോർഡു വെയ്ക്കാതെ അല്പനേരം യാത്ര ക്കാരെ പരിഭ്രമിപ്പിച്ചു. ബോർഡു വെച്ചുകഴിയുമ്പോൾ കെട്ടുംപെട്ടി യുമായി ഓടിച്ചെന്നവർ ശപിച്ചു കൊണ്ട് സ്വസ്ഥാനങ്ങളിലേയ്ക്കു വലിഞ്ഞുകൊണ്ടിരുന്നു.

"തൃശ്ശൂരേക്ക് എപ്പഴാ ബസ്സ്?" സഹയാത്രികൻ എന്റെ പിന്നാലെ വന്ന് അന്വേഷിച്ചു.

"അതാ ഞാനും നോക്കണത്" ടൈം ബോർഡു പ്രകാരം ഈ സമയത്ത് ഒരു ബസ്സുണ്ട്. പക്ഷേ സ്റ്റാന്റിൽ അതിനിയും എത്തി ച്ചേർന്നിട്ടില്ല. ഏതായാലും എൻക്വ യറിയിൽ ഒന്നന്വേഷിച്ചു കളയാം.

"തൃശ്ശൂർക്ക് എപ്പോഴാണിനി ബസ്സ്?..."

"ടൈംബോർഡിൽ നോക്കൂ"

"ടൈംബോർഡിൽ സൂചിപ്പിച്ച ബസ്സ് ഇനിയും കാണാനില്ല, വരുമോ?..."

എനിക്കുറപ്പു പറഞ്ഞുകൂടാ... വരാം... വരാതിരിക്കാം..."

നിസ്സംഗനെപ്പോലെ എൻക്വയറി യിലെ സർവ്വാധിപതി മറുപടി പറ ഞ്ഞു. തന്നെ ഇവിടെ എന്തിനു വേണ്ടിഇരുത്തിയതാണെന്ന കാര്യംപോലും അയാൾ മറന്നിരി യ്ക്കുന്നു. യാത്രക്കാർ അത് മറന്നി ട്ടില്ല. അതിനാൽ ഇടയ്ക്കിടയ്ക്കു അവിടെ ചെന്ന് അന്വേഷിക്കുന്നു. അയാളുടെ മുൻ കോപത്തിന്റെ രുചി ആസ്വദിക്കുന്നു.

ബസ്സ് വരുന്നതുവരെ ഒരിടത്തു ഇരിക്കാമെന്നുവെച്ചാൽ, ഇരിപ്പിട ങ്ങളെല്ലാം മുൻപെ വന്നവർ കയ്യട ക്കിയിരിക്കുന്നു. പച്ച പ്ലാസ്റ്റിക്ക് ബക്കറ്റും പൊതികളുമാണ് എല്ലാ യിടത്തും.

"സാറും തൃശ്ശൂർക്കാണല്ലേ!"

"അതെ."

"ഞാനും അങ്ങട്ടാണ്."

ഒരു വിരോധവുമില്ല എന്ന മട്ടിൽ ഞാൻ തലയാട്ടി.

ഞാൻബാഗിൽനിന്നും അന്നത്തെ പത്രമെടുത്തു തറയിൽ വിരിച്ചു, ഇരുന്നു.

അയാളും എന്റെ തൊട്ടടുത്തിരു ന്നു.

പുറത്തു മഴ തകർത്തു പെയ്യു ന്നു. മഴയിൽ മഷി കലക്കിയ മട്ടിൽ ഇരുട്ടു വരുന്നു. പുതിയ യാത്ര ക്കാർ കടന്നു വരുന്നു.

എന്റെ കൂടെ വന്ന ആൾ ഒരു പൊതിയെടുത്തു അഴിച്ചു. കെട്ടു പഴക്കത്തിന്റെ ചൂരുപൊന്തി. വീണ്ടും എന്റെ മുഖത്തേ യ്ക്കൊന്നു നോക്കി സാരി മടക്കി വെച്ചു. കീശയിൽനിന്ന് ഒരു നോട്ടു പുസ്തകമെടുത്തു എന്തെല്ലാമോ കുറിച്ചു. ഞാനതു ശ്രദ്ധിക്കുന്നു ണ്ടെന്ന് നടിക്കാതെ അയാളുടെ ചെയ്തികൾ സൂക്ഷിച്ചു.

"ബക്കറ്റിന് ഒരു നാലുറുപ്യകിട്ടും അല്ലെ സാറെ..."

അയാൾ ആ ബക്കറ്റു തിരിച്ചും മറിച്ചും നോക്കി എന്നോടൊരു ചോദ്യം.

ഞാൻ അയാളുടെ ഊഹക്ക ണക്കു ശരിയാണെന്ന് വരുത്താൻ സമ്മതാർത്ഥത്തിൽ തലകുലു ക്കി.

4 ക എന്നു അയാൾ നോട്ടു പുസ്തകത്തിൽ എഴുതുന്നു.

"ഈ സാരിക്കെന്തു കിട്ടും സാറെ...?"

എടാ, ഇതു വലിയ ശല്യമാ യല്ലോ

എങ്കിലും വെറുപ്പിക്കേണ്ടെന്നു കരുതി ഞാൻ പറഞ്ഞു.

"ഒരു പത്തുപതിനഞ്ചുരുപ്പിക കിട്ടുമായിരിക്കും..."

അയാൾ അതും എഴുതുന്നു. വീണ്ടും എന്തെല്ലാമോ എഴുതു ന്നു.


കണക്കുകൂട്ടുന്നു.

ഒടുവിൽ തിരിഞ്ഞുനിന്ന് ഏതാ ണ്ടൊരു വിജയഭാവത്തിൽ പറ ഞ്ഞു.

"മോശംല്യ!"

എന്തിനെക്കുറിച്ചാണ് പ്രസ്തുത അഭിപ്രായപ്രകടനം എന്നു ഞാൻ ചോദിച്ചില്ല. പക്ഷേ ചോദിക്കാതെ തന്നെ അയാൾ വിവരിച്ചു. നഗര ത്തിൽ നടക്കുന്ന കുടുംബാസൂ ത്രണമഹോത്സവത്തിന്റെ കഥ.

"ഒക്കെപ്പാടെകൂടി നൂറുനൂറ്റിപ്പ ത്തുഉറുപ്യവരും. നാലുദെവ സത്തെ ശാപ്പാടും. മോശംല്യ!"



കഥ ഉപസംഹരിച്ചുകൊണ്ട് അയാൾ അമർത്തിപ്പറഞ്ഞു.

അയ്യന്തോൾ സ്വദേശിയും കൂലി പ്പണിക്കാരനുമായ വേലായുധന്റെ കഥ ഞാൻ കേട്ടു. കല്യാണം കഴി ഞ്ഞിട്ടു ഒരു കൊല്ലമായി. കുട്ടി ഒന്നേ ഉള്ളു. എന്നിട്ടും അയാൾ കുടുംബാസൂത്രണത്തിന്നു വന്നു. പക്ഷേ ആ വിവരം ഭാര്യ അറിയി ല്ല. അറിഞ്ഞാൽ അവൾ അയാളെ പച്ചയ്ക്കുതിന്നും.

ഭർത്താവുമരിച്ച പെങ്ങളും ആറു കുട്ടികളും വേലായുധന്റെ കൂടെ യാണ്. ഒന്ന് ഒന്നരമാസമായി യാതൊരു തൊഴിലുമില്ല. കടം വാങ്ങിയും പട്ടിണികിടന്നിട്ടും തോറ്റു.

"നൊമ്മയ്ക്കു പഷ്ണികെട ക്കാൻ പറ്റും. കുട്ട്യോൾക്ക് പറ്റ്വോ സാറെ..."

കർക്കിടകമാസം കലിതുള്ളി വേലായുധന്റെ മുമ്പിൽ വന്ന പ്പോൾ അയാൾ പേടിച്ചുവിറച്ചു. മലവെള്ളത്തിൽ പിടികിട്ടിയ വൈക്കോൽതുരുമ്പ് പോലെ യാണ് ആസൂത്രണത്തിന്റേയും നൂററുറുപ്പികയുടേയും വിവരം അയാൾ അറിഞ്ഞത്. പിന്നെ ഒട്ടും ചിന്തിച്ചില്ല.

"നേർത്തെ പറഞ്ഞ വില തന്നാൽ ബക്കറ്റും സാരിയും സാറിന്നു തരാം..."

നോക്കണം ഗ്രഹപ്പിഴ!

"ഞാനിതിന്ന് വില പറഞ്ഞിട്ടില്ല. എനിക്കിതു വേണംന്നൂല്യ."

അപ്പുറത്ത് ഒരു ബസ്സു വന്നു നിന്നു. തൃശ്ശൂർക്കുള്ളതാണെന്ന് തോന്നുന്നു. ഞാൻ ഓടിച്ചെന്ന് ബസ്സിൽ കയറി. പിന്നാലെ വേലാ യുധനും. ബസ്സിലിരിക്കുമ്പോൾ ഞാൻ ഓർത്തുപോയി. നമ്മുടെ ആസൂത്രണങ്ങളെപ്പറ്റി; അതിന്റെ നിർവ്വഹണ വിജയത്തെപ്പറ്റി.

കർക്കിടകമാസമേ നിനക്കു നന്ദി! തൊഴിലില്ലായ്മ എന്ന ദുരി തമേ നിനക്കും. ○

## ഭാരതാംബയും പരിതേവനത്തിൽ (എഡിറ്റോറിയൽ തുടർച്ച)

സ്വന്തം പേര് ഏതെങ്കിലും വിധത്തിൽ പത്രത്തിൽ അച്ചടിച്ചു വരുന്നതിനു തിണ്ണമിടുക്കുകാട്ടുന്നു, എല്ലാത്തിനും മുന്നിൽ ഇടിച്ചുകയറി നേതാവു ചമയുന്നു. നിലവിൽ ഉള്ളതു നഷ്ടപ്പെടുത്തുവാൻ സാധാരണക്കാരനു മുന്നോട്ടു ചലിക്കാനാവാത്തവിധം എവിടെയും വലിയ വലിയ പദവികളിൽ ഇവരുണ്ടാകും.

വളർന്നു വളർന്നു മൂട്ടിൽ മണ്ണില്ലാതെ വളരുന്ന തലശോഷിച്ച കേരവൃക്ഷം പോലെ ദരിദ്രരായി കൊണ്ടിരിക്കുന്ന ജനങ്ങൾ. അവർക്കു കാറുണ്ട്. വലിയ സൗധങ്ങളുണ്ട്. വിലകൂടിയ ടൂവീലറുകളും സ്മാർട്ടു ഫോണുകളുമുണ്ട്. എല്ലാമുണ്ട്. എന്നാൽ ബാങ്ക് ലോണായതു കാരണം അതു ബാങ്കുകളുടേതാണെന്നു മാത്രം. ഒരു ദിവസം ഒന്നു അടി തെറ്റിയാൽ ഒന്നു കിടന്നു പോയാൽ ബാങ്കുകൾ കൊണ്ടുപോകുന്ന സ്വത്തും, വസ്തുവകകളും, ദ്രവ്യങ്ങളും വെച്ച് വളർച്ചയുടെ കണ്ണിയായി കുരുക്കിയിട്ട സാധാരണ ജനങ്ങൾ. അവർക്ക് അഹങ്കാരമുണ്ട്. ആത്മാഭിമാനമുണ്ട് സ്വന്തം വളർച്ചയിൽ കാലുകുത്തിയ പടവുകളെകുറിച്ച്. പരിണാമചക്രം തിരിയുന്നതിനിടയിൽ ഉദാരവൽക്കരണനയത്തിനാൽ ഭാണ്ഡംചുമക്കുന്നവരായി രാജ്യത്ത് "കടം" എന്നനേട്ടമുണ്ടാക്കിയവരും ഇവർതന്നെ. രാജ്യത്തിന്റെ കടം തേവരുടെ ആനയായി താരതമ്യം ചെയ്യാം. വിചിത്രം തന്നെ. രാജ്യത്തെ ജനങ്ങളെയും വോട്ടർമാരെയും വോട്ടിനുവേണ്ടി മാത്രമുള്ള ഉപഭോഗവസ്തുവാക്കി വെക്കുവാനുള്ള നിയമ സംഹിതകൾ പൊടിതട്ടി എടുക്കുന്ന ഭരണകൂടങ്ങൾ ജനങ്ങളെ ഭയപ്പെടാത്ത യജമാനൻമാരായി ജനങ്ങളെ സേവിക്കുന്നു. അടവുകളും, തന്ത്രങ്ങളും, വിവാദങ്ങളും, നേതൃപദവിയിലിരിക്കുന്നവരുടെ പരസ്പര മുതലക്കണ്ണീർ പോരാട്ടങ്ങളും കൊണ്ട് എന്നും ജനാധിപത്യ രാജ്യത്തിലെ യജമാനൻമാരായ ദരിദ്രനാരായണൻമാരുടെ കണ്ണുകളുടെ കാഴ്ച മൂടിവെക്കാനാവുമോ ഭരണകൂടങ്ങൾക്ക് എന്നതും ഒരു കാര്യം തന്നെ. ജനങ്ങളുടെസങ്കല്പത്തിലെ കള്ളവും ചതിയും പൊളിവചനങ്ങളും, ക്ഷാമവും കഷ്ടകാലവുമില്ലാതെ സ്വർഗ്ഗസമാനമായി ജീവിക്കുന്ന മാവേലി ഭരണകൂടംസപ്നം കാണുന്നവരുടെ നിരന്തരമായ വളർച്ചയ്ക്ക് ഇനിയെങ്കിലും ഉദാരമായി പ്രവർത്തിക്കുന്നതിനു ആയിരം കണ്ണുകളുമായി കാത്തിരിക്കുകയാണ് ഭാരതത്തിലെയും കേരളത്തിലെയും ജനങ്ങൾ എന്നതും ഒരു പൊതുജന ധാര തന്നെ. ഭരണകൂടങ്ങൾക്ക് അത് നിവർത്തിക്കുവാൻ സാധിക്കുമാറാകട്ടെ..

**മാനേജിംഗ് എഡിറ്റർ**

കവിത

# എന്റെ പ്രണയം

**ചെറുകൂർ ഗോപി**

**ഇ**തുവരെ....,
കാണാതെ പോയൊരാ പിറവിതൻ-
പൊക്കിൾക്കൊടിയോടും
ആദ്യത്തെ പ്രണയം....
അതിലെന്റെ രോദനം
കേൾവിക്കുമില്ലാത്തൊരിറ്റു
മുലപ്പാലിനോടെന്റെ പ്രണയം....
തളരും തനുസ്സിന്റെ കയ്ക്കുമ്പിൾ നീട്ടുമോരന്ന-
ത്തിനോടായി പിന്നത്തെ പ്രണയം....
ഇടവഴിക്കോണിന്നൊരറ്റത്തിരുന്നു ഞാൻ
വഴിവക്കിലൂടെത്ര ബന്ധങ്ങൾ
കണ്ടതും....
ഇവിടം, തനിച്ചല്ല എന്നുറപ്പിക്കുവാൻ
സ്നേഹ ബാഷ്പത്തിനോടായെന്റെ
പ്രണയം....
ക്രോധം പുരട്ടും വിഷപ്പല്ലു കൊണ്ടും-
ഗതികെട്ട മനസിനോടലിവെന്റെ
പ്രണയം...
വർണ്ണങ്ങളില്ല....,
വർണ്ണങ്ങളില്ല, വസന്തവുമില്ലതിൽ
ചിതറിയ ചിന്തകളായെന്റെ പ്രണയം
അതിലെന്റെ മൗനവും ഇടറുന്ന വാക്കിനാൽ
വിടരുന്ന പൂവിനോടായെന്റെ
പ്രണയം.....
ആദ്യരാഗത്തിന്റെ അനുരാഗമെങ്കിലും
അനുഭൂതിതൻ പൂക്കളങ്ങളായില്ലതും...
ഇവിടെ ഞാൻ വീണ്ടും
തനിച്ചെന്ന പോലെ
കാലത്തിനോടൊത്തു നേരത്തിരുന്നു ഞാൻ
ഇനിയെന്റെ ദാഹവും, മോഹമായ് നീയില്ല
ഒഴുകുന്ന സാഗരം പോലതു
പ്രണയം...
എങ്കിലും, എങ്കിലുമിന്നു നാം അന്യരായ്
നീയെന്നിലർപ്പിച്ച നോവാണു
പ്രണയം....
അതിനുള്ളിലെരിയുന്ന തീക്കനൽ
ചൂളയിൽ, വെന്തുരുകുന്നൊരു ത്യാഗമായ് പ്രണയം...
പ്രണയമേ....
പ്രണയമേ..., നിന്നോടെനിക്കില്ല പ്രണയം.
കാലം കുറിച്ചിട്ട ത്യാഗമോ പ്രണയം...
കാലം കുറിച്ചിട്ട ..ത്യാഗമാ...
പ്രണയം...!

കഥ



വത്സല നിലമ്പൂർ

# മനസ്സാഴങ്ങളിലെ നീല മത്സ്യം




കിരൺഥാപ്പ ഡ്യൂട്ടിക്ക് കയറിയപ്പോൾ പരിസരമാകെ രാവിരുട്ടിന്റെ ശകലങ്ങള് അകലാൻ മടിച്ചു കരുവാളിച്ചു കിടന്നിരുന്നു. തന്റെ വലിയ ടോർച്ച് തെളിയിച്ചു ഥാപ്പ ഗേറ്റിൽ തട്ടിവിളിച്ചു. രാത്രി ഡ്യൂട്ടിക്കാരൻ അഹമ്മദ് പുതച്ചിരുന്ന ചൗക്കാളം കുടഞ്ഞെറിഞ്ഞു ചാറ്റൽ മഴയിലൂടെ ഗേറ്റിലേക്ക് നടന്നു.

"കാലം തെറ്റിയ മഴ "

പുഞ്ചിരിയോടെ കിരൺ ഥാപ്പ അകത്തേക്ക് കടന്നു

മലയാളം കേട്ടാല് അറിയുമെങ്കിലും വികലമായേ കിരണിന് പറയാനാകൂ.

"ക്യാ ഭായ്. മയയെ വയക്ക് പറയേണോ?"

"നീ ഡ്യൂട്ടിക്ക് കയറ്. ഞാൻ പോണു."

അഹമ്മദ് മടക്കി വെച്ചിരുന്ന വിസിറ്റേഴ്സ് ബുക്ക് മേശപ്പുറത്തേക്ക് വെച്ച് കുടയെടുത്തു നിവർത്തി ക്യാബിന്റെ മതിലിനു ചാരി നിർത്തിയിരുന്ന സൈക്കിള് ഉരുട്ടി ഗേറ്റിനു പുറത്തേക്ക് നടന്നു.

നാലു ആറുനില കെട്ടിടങ്ങളുള്ള റസിഡൻസിയിലെ സെക്യൂരിറ്റി ഡ്യൂട്ടിക്കാരാണ് മലപ്പുറംകാരനായ അഹമ്മദും നേപ്പാളിയായ കിരൺഥാപ്പയും.

നേരിയ പുലർവെളിച്ചത്തിലേക്ക് മഴയോടൊപ്പം റയിൻകോട്ടിട്ട് ഥാപ്പ ബിൽഡിംഗിനു ചുറ്റും ചെക്ക് ചെയ്യാനിറങ്ങി.

എ1 ബിൽഡിങ്ങിന്റെ പിറകുവശത്തായി എന്തോകിടക്കുന്നു. ഥാപ്പ ടോർച്ചടിച്ചു നോക്കി. ഒരു പട്ടി ചത്തുകിടക്കയാണ്.

"പരമേശ്വർ പണിയായി. മുനിസിപ്പാലിറ്റിയുടെ വണ്ടിവരുന്നത് കാത്തുനില്ക്കണം. കയറുകെട്ടി വലിച്ച് ചത്ത പട്ടിയെ ഗേറ്റിന് പുറത്തെത്തിക്കണം."

ഥാപ്പ പിറുപിറുത്തു.

എ 2 വിന്റെയും 3 യുടെയും ഇടയിലായി ഒരു ചത്തപട്ടികൂടി കിടക്കുന്നതു കണ്ട് അയാള് അമ്പരന്നു. അവ ജീവനോടെ കടന്നു വന്നത് പടിഞ്ഞാറെ മതിൽ ഇത്തിരി പൊളിഞ്ഞ ഇടത്തുകൂടിയാവാം. പക്ഷേ എങ്ങനെ ചത്തു പോയി

ഥാപ്പ ക്യാബിനിലേക്ക് തിരിച്ചു നടന്നു സെക്രട്ടറി മധുമോഹൻ മേനോന് ഇന്റർകോമിലൂടെ വിവരം കൈമാറി. നിമിഷങ്ങൾക്കകം മേനോൻ താഴെ എത്തി. ചത്ത പട്ടികളെ പുറത്തേക്ക് മാറ്റി അവ കിടന്നയിടം മണ്ണെണ്ണ ഒഴിച്ച് ശുദ്ധിയാക്കാൻ പറഞ്ഞു. പക്ഷേ ആ പട്ടികൾ എങ്ങിനെ ചത്തു...?

"ങാ ഥാപ്പ ഇന്നലെ പിഷാരടിയുടെ മകന്റെ പിറകെ ഒരു തെരുവ് നായ ഓടിച്ചെന്ന് അവനെ ഭയപ്പെടുത്തിയിരുന്നു. പട്ടികൾ പെരുകിയിട്ടുണ്ട്. പിറകിലെ മതിൽ റിപ്പയർ ചെയ്യാൻ ആളെ വിളിക്കണം."

"ജി സാബ്"

ഥാപ്പ തലയുയർത്തി മുകളിലേക്ക് നോക്കിയപ്പോള് മൂന്നാം നിലയിലെ ബാൽക്കണിയിൽ പിഷാരടി താഴേക്ക് ശ്രദ്ധിച്ചു നില്ക്കുകയായിരുന്നു.

"ഇനി സോമു പേടിക്കേണ്ട ട്ടോ. ഇന്നലെ മോന്റെ പിന്നാലെ കൂടിയ നായ്ക്കള് ദേ താഴെ ചത്തുകിടപ്പുണ്ട്."

പിഷാരടി മകൻ സോമുവിന്റെ പ്ലേറ്റിലേക്ക് ഇഡലി എടുത്തു വെച്ചു.

"കഴിച്ചോട്ടോ"

"അതെങ്ങനാ അച്ഛാ മരിച്ചു

പോയേ”

“എങ്ങിനെയോ. മോൻ ശ്രദ്ധിക്കേണ്ട ട്ടോ”

പിഷാരടി മനസ്സിലിട്ടു വാക്കുകള് ഉലച്ചു

“എന്റെ മോനെ ഭയപ്പെടുത്തിയാൽ...”

ഒരു ഛായാചിത്രം പോലെ അടക്കവും ഒതുക്കവുമുള്ള മുറിയിലേക്ക് ഒന്നു കൂടി നോക്കി പിഷാരടി കതക് പൂട്ടി. അവൾ, അവൾ മാത്രമാണ് ഇതിനൊക്കെ കാരണം.

പിഷാരടി ഓർത്തു. അവളുടെ ജോലി, അവളുടെ മാറ്റിവെക്കാനാവാത്ത ഇഷ്ടങ്ങൾ, താൽപര്യങ്ങൾ, ചിട്ടയില്ലായ്മ അതൊക്കെ കൂടി തന്റെയും സോമുവിന്റെയും ജീവിതത്തിൽ നിന്നും അവളെ അകറ്റി.

അവൾ വിവാഹിതയായി ഫ്ളാറ്റിലേക്ക് കയറിവന്നത് തന്റെ ചിട്ടയായ ജീവിതം ചവിട്ടി തേച്ചുകൊണ്ടായിരുന്നു. കണ്ണാടി പോലെ തിളങ്ങിയിരുന്ന ഫ്ളോറിൽ ചേര പാമ്പുകളെ പോലെ അവളുടെ മുടിയിഴകൾ...

അലമാരയുടെ കണ്ണാടിയിൽ അവൾ അഴിച്ചൊട്ടിക്കുന്ന പൊട്ടുകൾ...

ഡ്രസ്സിങ് റൂമിൽ തട്ടിമറഞ്ഞുകിടക്കുന്ന നെയിൽ പോളിഷ് കുപ്പികൾ തുറന്നിട്ടു മറന്നു പോകുന്ന ലിപ്സ്റ്റിക്ക് ...

തറയില് ചിതറിക്കിടക്കുന്ന പൗഡർ...

ബാൽക്കണിയിൽ അഴ വലിച്ചു കെട്ടി അതിലെന്നും നനഞ്ഞ തുണികള് കാറ്റിലാടി പൂച്ചട്ടികളിലെ പുറം കാഴ്ച മറച്ചു കൊണ്ടങ്ങിനെ...

കട്ളറികളുടെ സ്ഥാനം തെറ്റുന്നു.

എത്ര വൃത്തിയാക്കിയിട്ടും അടുക്കളയിൽ ഏതോ മസാലമണം.

കൃത്യമായി വെട്ടാത്ത നഖം നീട്ടി അതില് ചായം പുരട്ടിയ കൈകൾ കൊണ്ടാണവൾ ആഹാരം പാകം ചെയ്യുന്നത്. മുഖത്ത് മഞ്ഞളോ മൈലാഞ്ചിയോ ഒക്കെ തേച്ചാണ് കുക്കിംഗ്...

കിടക്കയിലേക്ക് വരും മുമ്പ് ഒന്നു കൂടി കുളിക്കുക എന്ന ശീലമില്ല.

അവളെ പ്രാപിച്ചു കഴിഞ്ഞു താൻ ചുടുവെള്ളത്തിൽ കുളിച്ചു വരുമ്പോഴേക്കും ശരീരത്തില് പെട്ടുപോയ അഴുക്കുകളോടെ അവൾ ഉറക്കം പിടിച്ചു കാണും.

അവസാനം ഗർഭിണിയായപ്പോൾ നാലുമാസത്തോളം ഡൈനിങ്ങ് ടേബിളിൽ നിന്നും ഛർദ്ദിക്കാൻ ഓട്ടം.

സോമുവിനെ പ്രസവിച്ച ശേഷം വീടാകെ മലമൂത്രഗന്ധം.

അവസാനം അവൾ നിരപരാധിയും താൻ അപരാധിയുമായി. അവൾ ഒരു കയ്യില് സൂട്ടകേസും മറുകയ്യിൽ സോമുവുമായി ഫ്ളാറ്റ് വിട്ടിറങ്ങാൻ നോക്കി. പക്ഷെ അവളുടെ ഒരു കൈ ശൂന്യമായി. സോമു എന്ന രണ്ടു വയസ്സുകാരൻ

“അച്ഛാ ബൈ”

സോമു സ്കൂള് ഗേറ്റ് കടന്ന് പോയപ്പോള് പിഷാരടി കാർ റിവേഴ്സ് എടുത്തു ഓഫീസിലേക്ക് തിരിച്ചു.

ഫോൺ റിങ്ങ് ചെയ്തപ്പോള് സ്ക്രിനിൽ സോമുവിന്റെ സ്കൂള് ഫോട്ടോയോടൊപ്പം പ്രിൻസിപ്പാളുടെ നമ്പര് തെളിഞ്ഞു.

“ഹലോ ജയേഷ് പിഷാരടി ഹിയർ..”

“മിസ്റ്റർ പിഷാരടി ഞാൻ പ്രിൻസിപ്പാൾ അഭിരാമിയാണ്. താങ്കളെ മീറ്റ് ചെയ്യാനായി നാലഞ്ചു തവണയായി ഞാൻ സോമുവിന്റെ ഡയറിയില് നോട്ട് അയക്കുന്നു. താങ്കൾ അത് കാണുകയും സൈൻ ചെയ്തു തിരിച്ചയക്കുകയുമാണ് തികച്ചും അവഗണനയോടെ”

“മാഡം. മാസം രണ്ടായിരം രൂപ ഫീസ് തന്ന് എന്റെ മകനെ ഞാന് അവിടെ പഠിക്കാൻ വിടുന്നത് നിങ്ങള് പറയുമ്പോഴൊക്കെ ഞാൻ അവിടെ വരാനല്ല. നിങ്ങളെക്കാൾ ഉത്തരവാദിത്വം ഉള്ള ഓഫീസ് ചെയറിലിരിക്കുന്ന ആളാണ് ഞാൻ.”

“പക്ഷേ മിസ്റ്റർ പിഷാരടി നിങ്ങള് ഒരു അച്ഛനും കൂടിയാണ്. അതും അമ്മ അടുത്തില്ലാത്ത കുട്ടിയുടെ എല്ലാ ഉത്തരവാദിത്ത്വവും നിങ്ങൾക്കാണ്.

ഗ്ലാസ് ടംബ്ലറിലെ തണുത്ത വെള്ളം ഒരിറക്ക് കുടിച്ച് പിഷാരടി ഉത്തരം പറയാൻ തയ്യാറായി.

“എന്റെ മകൻ പഠിക്കുന്നില്ലേ? വൃത്തിയായി സ്കൂളിൽ റഗുലറായി വരുന്നില്ലേ? കൃത്യമായി ഫീസ് അടയ്ക്കുന്നില്ലേ? പിന്നെ എന്താ വിഷയം”

കൂൾഡൗൺ സർ. താങ്കൾ പറഞ്ഞതൊക്കെ ശരി തന്നെ. പക്ഷേ അവനെ അലട്ടുന്ന മറ്റെന്തോ പ്രശ്നമുണ്ട്. അത് താങ്കൾ കണ്ടെത്തണം, കൂടുതൽ താങ്കളോട് സംസാരിച്ചിട്ട് ഒരു ഗുണവുമില്ല എന്ന് മനസ്സിലായി.

സോമുവിന്റെ പ്രശ്നം എന്ത്.

അന്ന് പതിവിലും നേരത്തെ പിഷാരടി ഫ്ളാറ്റിലേക്ക് തിരിച്ചു.

ഥാപ്പ ഗേറ്റ് തുറന്നു

കാർ പാർക്കിംഗ് കഴിഞ്ഞു പിഷാരടി ലിഫ്റ്റിനടുത്തെത്തിയപ്പോൾ ഥാപ്പ ഓടിയെത്തി.

“സാഹിബ് സോമുബേട്ട മുകളിലേക്ക് പോയിട്ടുണ്ട്. ഇന്ന് ഞാൻ ഗേറ്റിനുപുറത്തുതന്നെ കാത്തുനിന്നു. ഒരു കുത്താ പോലും ഇവിടെ എങ്ങും ഉണ്ടായിരുന്നില്ല.”

മറുപടി പറയാതെ അയാൾ ലിഫ്റ്റിലേക്കു കയറി. സ്പെയർ കീ വെച്ച് കതകു തുറന്നപ്പോള് സോഫയിൽ പാതി കിടന്നുകൊണ്ട് ഒരു പ്ലേറ്റിൽനിന്ന് സോമു എന്തോ കഴിക്കുന്നു.

ടി.വി ഓണാണ്. ഒരു തമിഴ് പാട്ടിന്റെ വിഷ്വൽ.

പിഷാരടി പെട്ടെന്ന അത് ഓഫ് ചെയ്തു.

“സോമു സിറ്റിങ് ഏരിയയിലെ സോഫ ഭക്ഷണം കഴിക്കാനുള്ള ഇടമല്ല.

ഡൈനിങ്ങ് ടേബിളിലേക്ക് പോകു. അല്ല ഇന്ന് സ്ക്കൂള് വിട്ട് വന്നാല് സാൻഡ്വിച്ച് ഉണ്ടാക്കി കഴിക്കാനല്ലേ പറഞ്ഞത്? ഇതെന്താ.. ഉണ്ണിയപ്പമോ.. എവിടെ നിന്നാണ് നിനക്കിത്?”

“ഇത് അലീനയുടെ മമ്മ കൊണ്ടു തന്നതാണ്.”

“വേസ്റ്റ് ബാസ്ക്കറ്റിലേക്കിട്. അവരുടെ വീട്ടില് പാചകം ചെയ്യുന്നതാരാണ് എന്നറിയാമോ ഒരു വൃത്തികെട്ട തമിഴത്തി. കൈകഴുകി ടെൻറി മിനിട്ട്സ് മുട്ടുകുത്തി നില്ക്ക്.”

കുളിച്ചു വേഷം മാറി ഒരു കപ്പ് കോഫിയുമായി അയാള് സെറ്റിയിലേക്കിരുന്നു.

“ അയ്യോ”

സോഫയിലേക്ക് അമർത്തിയ കൈപ്പത്തി അയാള് വലിച്ചെടുത്തു. രക്തം ഇറ്റുവീഴുന്നു

സീറ്റിൽ തിരുകി നിർത്തിയ ഒന്നല്ല മൂന്നാല് ബ്ലേഡ് കഷണങ്ങള്!!!

കൈകഴുകി ആന്റി സെപ്റ്റിക്ക് ലോഷനും ക്രീമും പുരട്ടി നിശബ്ദനായി അയാള് സോഫ ക്ലീന് ചെയ്യുമ്പോള് ഒരു നനഞ്ഞ എലി

കവിത

അനിൽ ചെങ്ങണാശ്ശേരി

# മരണത്തെ കിനാവുകാണുന്ന പെൺകുട്ടി





മരണത്തെ ഞാനിതുവരെ കണ്ടിട്ടില്ല
അവന്റെ മുഖം കറുത്തിട്ടോ വെളുത്തിട്ടോ?
അവന്റെ കണ്ണുകൾ
കനൽക്കട്ടപോലെ തിളങ്ങുന്നതോ
കനിപൊഴുകുന്നതോ?
അവന്റെ സ്വരം
ആർത്തട്ടഹസിക്കുന്നതോ?
അവന്റെ കരങ്ങളിൽ
പരുത്തകുരുക്കു കയറോ
വരണ മാല്യമോ?
വീട്ടിനുള്ളിൽ തനിച്ചിരിക്കുമ്പോഴോ
ആൾക്കൂട്ടത്തിലലയുമ്പോഴോ
അവൻ വരിക?
യാതൊരുറപ്പുമില്ല

പക്ഷേ ഒന്നുണ്ട്
സമയമാകുമ്പോൾ
തീർച്ചയായും അവൻവരും
അതുവരെ
അവനരികിലേക്ക് പോകുകയോ
അവനെക്കുറിച്ച് ചിന്തിക്കുകയോ വേണ്ട.

# ലയൺസ് ക്ലബ് കുന്ദമംഗലം



കുന്ദമംഗലം ലയൺസ് ക്ലബിന്റെ ഈ വർഷത്തെ ഭാരവാഹികളെ തെരഞ്ഞെടുത്തു. വി.പി. അശോകൻ പ്രസിഡണ്ടായും, എം.എസ്. അനന്തു സെക്രട്ടറിയായും, സി.എം. സുന്ദരൻ ട്രഷററായും സ്ഥാനമേറ്റു. കാരന്തൂർ വി.ആർ. റസിഡൻസിയിൽ നടന്ന ചടങ്ങിൽ ഇ.ആർ. സതീഷ്കുമാർ അദ്ധ്യക്ഷത വഹിച്ചു. വിശ്വനാഥകുറുപ്പ്, സി.എ. രജീഷ്, സുരേഷ്ബാബു, അഡ്വ. അൻവർ, ലതാ വിശ്വനാഥ് പ്രസംഗിച്ചു. നിർദ്ധന വിദ്യാർത്ഥികൾക്ക് ശ്രവണസഹായിയും, പ്രകൃതിക്ഷോഭത്തിൽ നാശം നേരിട്ട വ്യക്തിക്ക് ധനസഹായവും നൽകി. പി.എൻ. ശശിധരൻ സ്വാഗതം പറഞ്ഞു.

ക്കുട്ടിയെ പോലെ വിറച്ചുകൊണ്ട് സോമു ചുമരില് ചാരി നിന്നു. അടുത്ത ശിക്ഷക്ക് കാതോർത്തുകൊണ്ട്.

“എന്റെ കൈമുറിഞ്ഞിരിക്കുന്നു. ഇനിയും ഇന്ന് ഭക്ഷണം ഉണ്ടാക്കാനാവില്ല. നമുക്ക് പട്ടിണികിടക്കാം സോമു”


ആ വാക്കുകള് കഠിനമായ ശിക്ഷയാണ് എന്നവനറിയാം. സോമു ബുക്കുകൾ നിവർത്തി ഹോം വർക്ക് ചെയ്യാൻ തുടങ്ങി.

അവന്റെ കൊച്ചുകണ്ണുകൾ നിറഞ്ഞു.

“സോമു ഇനിയും അയൽക്കാരുടെ സത്ക്കാരങ്ങൾ വാങ്ങിക്കരുത്. പലതവണയായി ഞാൻ ഇതുപറയുന്നു. നിന്നെ തിരുത്താൻ മറ്റാരും ഇവിടെ ഇല്ലാന്ന് അറിയാലോ”

ഹോം വർക്ക് എഴുതിതീർന്നപ്പോഴേക്ക്, സോമുവിന്റെ പരുഷമായ നോട്ടം ഫ്രൂട്ട്സ് മുറിക്കാൻ ഡൈനിങ്ങ് ടേബിളിൽ വെച്ചിരുന്ന കത്തിയുടെ വായ്തല മൂർച്ചകൂട്ടി കഴിഞ്ഞിരുന്നു.

ഫുട്ബോൾ സ്മരണകൾ



ഭാസി മലാപ്പറമ്പ്

# ഫുട്ബോൾ ആസ്വാദനം റേഡിയോ റണ്ണിങ്ങ് കമന്ററിയിൽ കൂടി





**കോ**ഴിക്കോടൻ ഫുട്ബോളിന്റേയും കേരള ഫുട്ബോളിന്റെയും മുൻകാല വേദികളിലേക്ക് സ്മരണകൾ തിരിയുമ്പോൾ സ്വർണ്ണത്തിളക്കങ്ങളോടെ മനോമുകുരത്തിൽ എത്തുന്ന രംഗങ്ങളിൽപ്പെട്ടതാണ്. "ആകാശവാണി" എന്ന പൊൻനാമത്തിൽ അറിയപ്പെട്ടിരുന്ന റേഡിയോ സംവിധാനത്തിൽ കൂടി, മൈതാനത്ത് അരങ്ങേറുന്ന മത്സരത്തിലെ പോരാട്ട ചലനങ്ങൾ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ ആവേശം ജനിപ്പിക്കുന്ന വിധത്തിൽ അവതരിപ്പിച്ച് കളിയെപ്പറ്റിയുള്ള "വാക്ക്" വിശദീകരണങ്ങൾ!. ടെലി












വിഷൻ സംവിധാനങ്ങൾ ഇല്ലാതിരുന്ന കാലത്ത് കേരളത്തിലെ പ്രധാന ഫുട്ബോൾ കേന്ദ്രനഗരങ്ങളായ കോഴിക്കോട്, തൃശൂർ, എറണാകുളം, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ സംഘടിക്കപ്പെട്ടിരുന്ന അഖിലേന്ത്യാ ഫുട്ബോൾ ടൂർണ്ണമെന്റുകളിൽ ഫൈനൽ മത്സരങ്ങളിലെ (പിൽകാലങ്ങളിൽ സെമിഫൈനൽ മത്സരങ്ങളിലേയ്ക്കും) പോരാട്ട രംഗങ്ങൾ വാക്കുകളിൽ കൂടി ശ്രോതാക്കളിൽ മനോദൃശ്യങ്ങളാക്കി അവതരിപ്പിച്ച സംവിധാനമാണ് "റേഡിയോ റണ്ണിംഗ് കമന്ററി" എന്ന കായിക കലാവേദി!. മത്സര രംഗങ്ങൾ ആവേശവാക്കുകളിലൂടെ മനോദൃശ്യങ്ങളാക്കി മാറ്റി നൽകിയ മലയാളഭാഷാ റേഡിയോ കമന്റേർ വിദഗ്ദ്ധന്മാർ കേരളത്തിൽ ഉണ്ടായിരുന്നു. ആ ശൃംഖലയിലെ മുൻനിര തന്നെയായിരുന്നു കോഴിക്കോട്ടെ ടി. ദാമോദരൻ, പി.കെ. പത്മനാഭൻനായർ, മുഷ്ത്താഖ് എന്ന തൂലികാനാമത്തിൽ പ്രശസ്തനായിരുന്ന പി.എ മുഹമ്മദ്കോയ എന്നിവർ. 1960 കളുടെ അവസാന വർഷങ്ങളിൽ കോഴിക്കോട്ടെ റേഡിയോ നിലയം ഈ കായിക റണ്ണിംഗ് കമന്റേറ്റർമാരുടെ വാക്ക് വൈദഗ്ദ്ധ്യത്തിൽ കൂടി അക്കാലങ്ങളിലെ ഇന്ത്യയിലെ പ്രമുഖ ഫുട്ബോൾ ക്ലബ്ബുകളായിരുന്ന ഹിന്ദുസ്ഥാൻ എയർ ക്രാഫ്ട്സ് (ബാംഗ്ലൂർ), മദ്രാസ് റെജിമെന്റൽ സെന്റർ, ബിന്നി മിൽസ് (ബോംബെ), രാജസ്ഥാൻ ക്ലബ്ബ് (കൽക്കത്ത) എന്നിവയുടെ കായികയുദ്ധ വൈദഗദ്ധ്യങ്ങൾ മത്സരങ്ങൾ കാണുവാൻ മൈതാനത്ത് സന്നിഹിതരാകുവാൻ കഴിയാതിരുന്ന ഫുട്ബോൾ പ്രേമികൾക്ക് അവരുടെ ചെവികളിലൂടെ ഹൃദയസ്വാദനത്തിന് എത്തിച്ചിരുന്ന സംവിധാനമാണ് റേഡിയോ റണ്ണിംങ്ങ് കമന്ററി വേദി. ആ മേഖലയിലേക്ക് കാൽവെക്കുവാനും കോഴിക്കോട്ടെ അഖിലേന്ത്യാ പ്രശസ്തരായ യങ്ങ് ചാലഞ്ചേഴ്സ് ക്ലബ്ബിന്റെ പ്രതിരോധതാരമായി കേരളത്തിൽ കോഴിക്കോടിന്നു പുറമെ കണ്ണൂർ, തൃശൂർ, എറണാകുളം, കൊല്ലം, തിരുവനന്തപുരം, കോയമ്പത്തൂർ, മധുര, തൃശ്ശിനാപ്പള്ളി, മദിരാശി എന്നീ നഗരങ്ങളിലും സംഘടിപ്പിക്കപ്പെട്ടിരുന്ന അഖിലേന്ത്യാ ഫുട്ബോൾ ടൂർണ്ണമെന്റുകളിൽ ടീമിന്റെ ക്യാപ്റ്റൻ എന്ന നിലകളിലും പ്രതിരോധ ഭടൻ എന്ന നിലയിലും പ്രശംസ നേടിയിരുന്ന കാലഘട്ടത്തിൽത്തന്നെ കളിയുടെ കായികാവേശം വാക്കുകളിലാക്കി കളി കാണാൻ സന്നിഹിതരാകുവാൻ കഴിയാത്തവരെ "വാക്ക് അനുഗ്രഹ" ത്തിൽകൂടി ആസ്വദിപ്പിക്കുവാനും എനിയ്ക്ക് സാധിച്ചത് "ഫുട്ബോൾ എക്കാലത്തും "ജീവിത സഖി" തന്നെ" എന്ന വികാരം കൊണ്ടായിരുന്നു എന്നതാണ് യാഥാർത്ഥ്യം.

ഏതു വേദികളിലും അരങ്ങേറുന്ന പ്രധാന ഫുട്ബോൾ മത്സരങ്ങൾ ടെലിവിഷനിൽ കൂടി കണ്ട് ആസ്വദിക്കുവാൻ ഫുട്ബോൾ പ്രേമികൾക്ക് അവസരം ലഭിച്ചു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഫുട്ബോളിന്റെ ആവേശ നിമിഷങ്ങൾ വാക്കുകളിൽകൂടി മാത്രം തൽസമയത്തു തന്നെ കൈമാറുവാൻ ഫുട്ബോൾ കമന്റേറ്റർമാർക്ക് അവസരം ലഭിച്ചിരുന്നുവെന്നത് ടെലിവിഷൻ നിലവിലില്ലാതിരുന്ന കാലത്തു പോലും, എക്കാലത്തും തന്നെ, ഫുട്ബോൾ കായിക പ്രേമികളുടെ മാത്രമല്ല കലാസ്വാദകരുടേയും ആസ്വാദനമേഖലയാണ് എന്ന സത്യമാണ് ലോക ജനതയുടെ മുന്നിൽ എത്തിയ്ക്കുന്നത്.

വാക്കുകളിൽകൂടിയാണെങ്കിലും ഫുട്ബോൾ എക്കാലത്തും കായിക മേഖല മാത്രമല്ല, മാനസിക വികാര നിർവൃതി മേഖല കൂടിയാണ് എന്നതാണ് യാഥാർത്ഥ്യം. മറ്റൊരു കായിക മേഖലയ്ക്കും ഫുട്ബോളിനെപ്പോലെ ആസ്വാദനം ലഭിക്കാതിരിയ്ക്കുന്നത് ഫുട്ബോളിൽ കായികാഭ്യാസം മാത്രം പോര, മാനസികാഭ്യാസവും കൂടി നിർബന്ധമായും വേണം എന്ന പ്രവണത കൊണ്ടുതന്നെയാണ്! ലോക കായിക മേഖലകളിൽ മറ്റൊരു കായിക മേഖലയ്ക്കും ലഭിക്കാത്തത്ര ആസ്വാദന വൈകാര്യമുള്ള കായിക മേഖലയാണ് ഫുട്ബോൾ! ദൃശ്യങ്ങളിലും വാക്കുകളിലും വൈകാരികമൂല്യം ലോകത്തിൽ ഏറ്റവും ഉന്നതിയുള്ള കായിക സ്വർണ്ണവേദി! ○

ലോകവിചാരം



പി.ആർ. നാഥൻ

# പരസ്പരം സംസാരിക്കുക

വിവാഹിതനായ ശേഷം ഞാൻ ആദ്യമായി തിരുവനന്തപുരത്തെ ജോലി സ്ഥലത്ത് എത്തിയ സന്ദർഭം. വളരെ വേണ്ടപ്പെട്ട ഒരു സുഹൃത്ത് എന്നെ ഫോണിൽ വിളിച്ചു. നാളെ പ്രഭാതത്തിൽ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ഞാനും ഭാര്യയും വിരുന്നുചെല്ലണമെന്നാണ് ആഗ്രഹം. പ്രിയപ്പെട്ട മിത്രമായതിനാൽ ഞാൻ ചെല്ലാമെന്ന് സമ്മതിച്ചു. രാവിലത്തെ ആഹാരത്തിനു ശേഷം പത്തുമണിയോടടുപ്പിച്ച് ഞാൻ താങ്കളുടെ വീട്ടിൽ എത്തിക്കൊള്ളാമെന്ന് ഞാൻ പറഞ്ഞു. ബ്രെയ്ക്ക് ഫാസ്റ്റ് അവിടെ കരുതേണ്ട എന്ന അർത്ഥത്തിലാണ് ബ്രെയ്ക്ക് ഫാസ്റ്റ് കഴിച്ചാണ് അങ്ങോട്ട് വരിക എന്നു പറഞ്ഞത്. അത്രയും കേട്ടതും അദ്ദേഹത്തിനു നിർബന്ധം. ബ്രെയ്ക്ക് ഫാസ്റ്റ് കഴിക്കാതെ വേണം എന്റെ വീട്ടിലേക്കു വരുവാൻ. എന്തായാലും അങ്ങിനെയാകട്ടെ എന്നു ഞാൻ പറഞ്ഞു. പിറ്റേന്ന് രാവിലെ കനത്ത വിശപ്പുണ്ടായിരുന്നുവെങ്കിലും ഞാനും ഭാര്യയും ആഹാരമൊന്നും കഴിക്കാതെ സുഹൃത്തിന്റെ വീട്ടിൽ എത്തി. കേരളത്തിലെ ഏറ്റവും പ്രശസ്തനായ ഒരു സാഹിത്യകാരനാണ് അദ്ദേഹം. ഭാര്യ ഉയർന്ന ഒരു ഉദ്യോഗത്തിലിരിക്കുന്നു. ഗെയിറ്റു കടന്നു മുറ്റത്തേക്കിറങ്ങിയതും അവിടെ നില്ക്കുന്ന ഗൃഹനാഥ അത്ഭുതപ്പെട്ടു. നിങ്ങളെന്താണ് മുൻകൂട്ടി ഒരു വിവരവും തരാതെ ഇങ്ങോട്ടു വന്നത് എന്നായിരുന്നു അവരുടെ ആദ്യത്തെ ചോദ്യം.



വരുന്ന വിവരം ഞാൻ ഇന്നലെ ഫോണിൽ പറഞ്ഞിരുന്നുവല്ലോ എന്ന് ഞാൻ.

അവരുടെ മുഖം വിവർണ്ണമായി.

“നിങ്ങൾ വരുന്ന കാര്യം അതിയാൻ എന്നോട് പറഞ്ഞില്ല.”

“മറന്നതായിരിക്കും”

“മറന്നതല്ല അതു പോട്ടെ നിങ്ങൾ രണ്ടുപേരും കൂടി ആദ്യമായി ഈ വീട്ടിൽ വരികയെല്ലെ? ബ്രെയ്ക്ക് ഫാസ്റ്റ് കഴിച്ചോ?”

“ഇല്ല ഇവിടെ വന്ന് കഴിക്കണമെന്ന് അദ്ദേഹം പ്രത്യേകം പറഞ്ഞിരുന്നു.”

ഇത്രയും കേട്ടതും അവർ ക്ഷോഭിക്കുന്നത് കാണാമായിരുന്നു. ആ വീട്ടിൽ ആഹാരം ഇല്ല. ഞങ്ങൾ അവർക്ക് പ്രയപ്പെട്ടവരാണെങ്കിലും വരുന്ന വിവരം ഭർത്താവ് പറഞ്ഞിട്ടില്ല. പിന്നെ എങ്ങിനെയാണ് വീട്ടിൽ ആഹാരമുണ്ടാക്കുക?.

സംസാരിച്ചു നിൽക്കുമ്പോൾ എന്റെ സുഹൃത്ത് മ്ലാനവദനനായി അവിടേക്ക് വന്നു. തലേന്ന് എന്നോട് സംസാരിച്ച ശേഷം ആ വിവരം ഭാര്യയോട് പറയുംമുൻപ് അവർ മറ്റൊരു കാര്യ സംസാരിച്ച് പിണങ്ങി. കനത്ത ദേഷ്യത്തിലായിരുന്നതുകൊണ്ട് അയാൾ പിന്നീട് ഭാര്യയോട് സംസാരിച്ചിട്ടില്ല. ഈ കാര്യം പറഞ്ഞുകൊണ്ട് അവർ പിന്നേയും വഴക്കുതുടങ്ങി. ഇരുവരും കുലീനമായ പദങ്ങൾ എടുത്തു പ്രയോഗിക്കാൻ തുടങ്ങി. ഭാര്യയെ ഭർത്താവ് തല്ലി.

ഗ്രാമീണ ഭാഷയിൽ പറഞ്ഞാൽ സംഗതിയാകെ കുളമായി. ധാരാളം ഗ്രന്ഥങ്ങൾ രചിച്ച ഒരു മഹദ്വ്യക്തയാണ് അദ്ദേഹം. ഭാര്യയും ഭർത്താവും തമ്മിൽ ഒരു കമ്മ്യൂണിക്കേഷൻ ഗ്യാപ്പ് വന്നു. ഇത്രയും പ്രശ്നങ്ങൾ ഉണ്ടാകാൻ അതാണ് കാരണം. അന്ന് ഞാനും ഭാര്യയും അവിടെനിന്ന് ബ്രെയ്ക്ക് ഫാസ്റ്റ് കഴിച്ചു. ഉച്ചയ്ക്ക് ഒരു മണിക്കാണെന്നു മാത്രം.

വേണ്ടത്ര ആശയവിനിമയം ഇല്ലായ്മ ഇപ്പോഴും പല കുടുംബങ്ങളിലും സംഭവിക്കുന്ന കാര്യമാണ്. ഇന്ന് മൊബൈൽ ഫോൺ ഉള്ള കാലമാണ്. എന്നിട്ടുകൂടി ഭർത്താവ് എവിടെപോയി എന്നു ചോദിച്ചാൽ ഭാര്യയ്ക്ക് അറിഞ്ഞുകൂട. ഭാര്യ പുറത്തേയ്ക്ക് പോയിട്ടുണ്ടെങ്കിൽ അത് ഭർത്താവിനും അറിയില്ല. കുട്ടികൾ എങ്ങോട്ടു പോകുന്നു എന്ന് രക്ഷാകർത്താക്കൾക്ക് അറിയില്ല. ഒരു മുറിയിൽ താമസിക്കുന്നവർ പോലും പരസ്പരം അവർ എവിടെയ്ക്കാണ് പോകുന്നതെന്ന് തുറന്നു പറയുന്നില്ല. വീട് പൂട്ടി പോകുകയാണെങ്കിൽ പോകുന്നത് എങ്ങോട്ടാണെന്ന് അയൽക്കാരനോട് പറയുന്നത് നല്ലതാണ്. അവിചാരിതമായി ഒരു വ്യക്തിയെ കാണേണ്ടി വരുന്നു എന്ന് കരുതുക. അയാൾ എവിടെയാണെന്ന് കണ്ടുപിടിക്കേണ്ടെ?

പരസ്പരമുള്ള ആശയവിനിമയം നഷ്ടപ്പെടുമ്പോൾ പല ആപത്തുകളും ഉണ്ടാകാറുണ്ട്. മൂന്നു സുഹൃത്തുക്കൾ ഒരു വിനോദയാത്രയ്ക്കു പുറപ്പെട്ടു. കപ്പലിലായിരുന്നു യാത്ര. അവർ എല്ലാം മറന്ന് ആഹ്ലാദിക്കുകയായിരുന്നു. ഇതിനിടയിൽ കപ്പലിന് ചോർച്ചയുണ്ടായത് അവർ അറിഞ്ഞില്ല. കപ്പലിൽ വെള്ളം കയറി. അവർ എങ്ങിനെയോ ലൈഫ്ബോട്ടിൽ കയറി ഒരു ദ്വീപിൽ എത്തി. ദ്വീപിൽ അവർ മൂന്നുപേർമാത്രം. ഇനി എന്താണ് ചെയ്യുക.? തിരികെ പോകാൻ ഒരു നിർവ്വാഹവുമില്ല. ജന്മനാട്ടിലേക്ക് വിവരം കൊടുക്കാൻ മാർഗ്ഗങ്ങളുമില്ല. മൂന്നു പേരും ദൈവവിശ്വാസികളായിരുന്നു. കാളിയുടെ യഥാർത്ഥ ഭക്തർ. രക്ഷകയായി കാളി പ്രത്യക്ഷപ്പെടണമെന്ന് അവർ പ്രാർത്ഥിച്ചുകൊണ്ട് കിടന്നുറങ്ങി. ഈ അവസരത്തിൽ കാളി പ്രത്യക്ഷപ്പെട്ടു.



ആപത്തിൽപെട്ടവരെ രക്ഷപ്പെടുത്തുന്നവളാണ് കാളി.

ഒന്നാമനെ തട്ടിയുണർത്തിയ ശേഷം കാളി ചോദിച്ചു.

"എന്താണ് ആവശ്യം?."

കണ്ണുതുറന്ന ഒന്നാമൻ കാളിയെ കണ്ട് അത്ഭുതപ്പെട്ടു. ഭാര്യയേയും മക്കളേയും കാണാൻ കഴിയാതെ അയാൾ അസ്വസ്ഥനായിരുന്നു. എത്രയും പെട്ടെന്ന് എന്നെ എന്റെ വീട്ടിൽ എത്തിച്ചു തരണമെന്ന് അയാൾ അപേക്ഷിച്ചു. ഭക്തന്മാരുടെ ആഗ്രഹമെന്തും ഉടനെ സാധിച്ചുകൊടുക്കുന്നവളാണ് ദേവി. അധികസമയം വേണ്ടി വന്നില്ല. ഒന്നാമൻ ജന്മനാട്ടിലുള്ള അയാളുടെ വീട്ടിലെത്തി.

കാളി രണ്ടാമനെ തട്ടിയുണർത്തി.

അയാൾ കണ്ണു തുറന്നപ്പോൾ കാളി മുൻപിൽ നിൽക്കുന്നു.

"എന്താണ് നിന്റെ ആവശ്യം?."

അയാൾ തുറന്നു പറഞ്ഞു. എനിക്ക് ഉടനെ എന്റെ ജോലി സ്ഥലത്ത് എത്തണം. എനിക്ക് ലീവില്ല. മേലുദ്യോഗസ്ഥൻ കർക്കശസ്വഭാവക്കാരനാണ്. മുഴുവൻ കേൾക്കും മുൻപ് കാളി അയാളെ ജോലി സ്ഥലത്ത് എത്തിച്ചു.

തുടർന്ന് കാളി മൂന്നാമനെ തട്ടിയുണർത്തി.

"നിന്റെ മോഹം എന്താണ്?."

അയാൾ ചുറ്റും നോക്കി. തന്റെ കൂടെ ഉറങ്ങിക്കിടന്ന രണ്ടുപേരെയും കാണുവാനില്ല. അയാൾ ആവശ്യപ്പെട്ടു.


"എന്റെ കൂടെ ഉറങ്ങിക്കിടന്ന രണ്ടുപേരെയും പെട്ടെന്ന് എന്റെ അരുകിൽ എത്തിച്ചു തരണം."

കാളി വിചാരിച്ചാൽ നടക്കാത്ത കാര്യമുണ്ടോ? വീട്ടിലേക്കു പോയ വ്യക്തിയെ കാളി ദ്വീപിൽ എത്തിച്ചു. ഓഫിസിലേക്കു പോയ രണ്ടാമനെയും അവിടെ എത്തിച്ചു. സ്വന്തം ഡ്യൂട്ടി നിർവ്വഹിച്ച ശേഷം കാളി അപ്രത്യക്ഷയാകുകയും ചെയ്തു. വീട്ടിലേക്കു പോയവനും ഓഫിസിലേക്കു പോയവനും മറ്റു രണ്ടുപേരോട് യാത്ര പറയാതിരിരിക്കാൻ കാരണമെന്താണ്?. അതിന്റെ പരിണത ഫലമാണ് അവർ അനുഭവിച്ചത്. ഒരുമിച്ച് ജീവിക്കുന്നവർ പരസ്പരം സംസാരിക്കണം. കാര്യങ്ങൾ തുറന്നു പറയണം. അത് എല്ലാവരുടെയും ആവശ്യമാണ്. ○

ലേഖനം



ജോസഫ് പൂതക്കുഴി









# വായന മരിക്കുന്നില്ല

ടി.വി. യുടെയും ഇന്റർനെറ്റിന്റെയും മറ്റ് ആധുനിക വാർത്താമാധ്യമങ്ങളുടെയും അതി പ്രസരത്തിൽ വായനക്ക് അൽപ്പം ക്ഷീണം തട്ടിയിട്ടുണ്ട് എന്നല്ലാതെ വായന മലയാളത്തിൽ മരിക്കുന്നുണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്നുതന്നെ ഉത്തരം. ബെന്യാമിന്റെ "ആടുജീവിതവും" , പെരുമ്പടവം ശ്രീധരന്റെ "ഒരു സങ്കീർത്തനം പോലെ"യും ഒക്കെ ചൂടപ്പം പോലെ വിറ്റു പോവുന്നതു കാണുമ്പോൾ വായനക്ക് കാര്യമായ കോട്ടമൊന്നും തട്ടിയിട്ടില്ല എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

കോവിഡിന്റെ ഈ കാലഘട്ടത്തിൽ ആളുകൾ വായനയിൽ കൂടുതൽ മുഴുകുന്നത് സാധാരണമായിട്ടുണ്ട്.


"വായിച്ചാലും വളരും
വായിച്ചില്ലെങ്കിലും വളരും
വായിച്ചാൽ വിളയും
വായിച്ചില്ലെങ്കിൽ വളയും"

മലയാളികളുടെ പ്രയപ്പെട്ട കവി കുഞ്ഞുണ്ണി മാഷ് വായനയുടെ അനിവാര്യത വ്യക്തമാക്കാൻ എഴുതിയ വരികൾ എത്ര അർത്ഥവത്താണ്.


വായന ഒരു ജീവിത സംസ്ക്കാരമാണ്. ഉന്നതമായ മൂല്യങ്ങളിലേക്ക് മനുഷ്യസംസ്ക്കാരം ഉയരുന്നത്








വായനയിലൂടെയാണ്. ചിന്താശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കാൻ വായനയെപ്പോലെ സഹായകമായ മറ്റൊന്നില്ല. വായന ഏകാഗ്രത വർദ്ധിപ്പിക്കും. ഭാവന വളർത്തും. മാനുഷികമൂല്യങ്ങൾ ചിന്തയിലും വാക്കിലും പ്രവർത്തിയിലും രൂഢമൂലമാകാൻ ഇടയാക്കും. സ്വപ്നം കാണാനുള്ള മാനസികാവസ്ഥ സൃഷ്ടിക്കും. വായന ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നു. ജീവിതവിജയത്തിലേക്ക് വായനക്കാരനെ നയിക്കുന്നു.




പുസ്തകങ്ങളുടെ എണ്ണം കൂടിയതോടെ അറിവിന്റെ വ്യാപനവും വേഗതേതിലായി. വായനശീലം അക്ഷരമറിയന്നവന്റെയെല്ലാം സ്വഭാവമായി മാറി. മുൻ തലമുറ സമ്പാദിച്ചുവെച്ച അറിവിന്റെ കലവറയാണ് പുസ്തകങ്ങൾ. വായനയുടെ പ്രാധാന്യവും ആവശ്യകതയും പണ്ഡിതന്മാരും ചിന്തകരും ഊന്നിപ്പറഞ്ഞു. ഒരു പൂർണ്ണമനുഷ്യനെ രൂപപ്പെടുത്തുന്നത് വായനയാണ് എന്ന് "ഫ്രാൻസീസ് ബേക്കൺ "

നമ്മുടെ സമയവും സൗകര്യവും നോക്കി നമ്മെ പഠിപ്പിക്കുന്ന ഗുരുനാഥന്മാരും നമ്മെ സല്ലാപത്താൽ രസിപ്പിക്കുന്ന സുഹൃത്തുക്കളുമാണ് നല്ല ഗ്രന്ഥങ്ങൾ. ചീത്ത പുസ്തകങ്ങൾ അപകടകാരിയായ സുഹൃത്തിനെപ്പോലെ നമ്മിലെ അധമവികാരങ്ങളെ തട്ടിയുണർത്താൻ ഇടയാക്കും. പുസ്തകങ്ങളും സുഹൃത്തുക്കളും തെരഞ്ഞെടുക്കപ്പെട്ടതായിരിക്കണമെന്ന് സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട്. ആനുകാലികങ്ങളിലെ സമകാലിക പ്രശ്നങ്ങളെക്കുറി




ച്ചുള്ള വായനയും ചർച്ചയും നമ്മുടെ സാമൂഹിക അവബോധം സജീവമാക്കാൻ ഉതകുന്നതാണ്.

വായനയുടെ പ്രാധാന്യം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിൽ ജൂൺ 19 മുതൽ വായനാവാരമായി ആചരിച്ചു വരുന്നു. വായിച്ചു വളരുക, ചിന്തിച്ച് വിവേകം നേടുക എന്ന സന്ദേശവുമായി കേരളത്തിലങ്ങോളമിങ്ങോളം പ്രസംഗിച്ചു നടക്കുകയും ഗ്രന്ഥശാലാസംഘം സ്ഥാപിക്കുകയും ചെയ്ത പി.എൻ. പണിക്കരുടെ ചരമദിനമാണ് വായനാദിനമായി കൊണ്ടാടുന്നത്. വായന പ്രചരിപ്പിക്കുന്നതിൽ നമ്മുടെ നാട്ടിലെ ഗ്രന്ഥശാലകൾ നിർവ്വഹിച്ച പങ്ക്



വളരെ വലുതാണ്. "ഒരു പ്രദേശത്തിന്റെ വിളക്കുമാടം" എന്നാണ് വായനശാലയെ വിശേഷിപ്പിച്ചിട്ടുള്ളത്.

ഹൈടെക് വിദ്യാഭ്യാസം, വരാൻ പോകുന്ന വായനയുടെ സ്വഭാവം തീർച്ചയായും മാറ്റുമെന്ന കാര്യത്തിൽ സംശയമില്ല. ○

ലേഖനം



രവീന്ദ്രൻ വൈദ്യർ കൊടാപ്പള്ളി

# എം.ടി. വാസുദേവൻ നായർ നവതിയുടെ നിറവിൽ

എഴുത്തിൽ പെരുന്തച്ചനായ എം.ടി വാസുദേവൻനായർ മലയാളികളുടെ വായനാനുഭവത്തിൽ ആഴത്തിൽ സ്വാധീനിച്ച സാഹിത്യകാരനാണ്. "രണ്ടാംമൂഴം" എന്ന ഒരൊറ്റ കൃതി എക്കാലത്തേയും രചനയായി ജനഹൃദയത്തിൽ ഒളിമങ്ങാതെ നിലനിൽക്കും. മഹാഭാരതം എന്ന ഇതിഹാസത്തിൽ നിന്ന് "ഭീമനെന്ന" കഥാപാത്രത്തിന് മുഖ്യമായ സ്ഥാനം നൽകി വിരചിതമായ ആ നോവൽ ഹൃദയസ്പർശിയായി ജനങ്ങളുടെ മനസ്സിൽ ഉണ്ടാവും. അദ്ദേഹത്തിന്റെ മറ്റുകൃതികളിൽ നിന്ന് ഏറെ വ്യത്യസ്തമാണ് ആ രചന. പുരാതന കാലത്തു സ്ത്രീകൾ അനുഭവിക്കേണ്ടി വന്ന ദുരിതങ്ങൾ ഇതിൽ മിഴിവേകുന്ന ചിത്രങ്ങളാണ്.





സ്വാതന്ത്ര്യത്തിന്റെ പൊൻകിരണം നിറഞ്ഞ 1948 ൽ അദ്ദേഹത്തിന്റെ കന്നി കഥാരചനയായ വിഷുകൈനീട്ടം രംഗപ്രവേശം ചെയ്തു. 75 വർഷം മലയാള ഭാഷാ സാഹിത്യത്തിൽ കഥകളുടെയും, നോവലുകളിലൂടെയും എഴുത്തിൽ വ്യാപരിച്ച കേരളത്തിന്റെ കഥാകാരനാണ് അദ്ദേഹം.

21-ാം വയസ്സിൽ 1954 ൽ ലോകകഥാമത്സരത്തിൽ സമ്മാനിതനായി.

പൊന്നാനി താലൂക്കിൽ 1933 ജൂലായ് 15 ന് ജനിച്ചു. മാതാവ് അമ്മാളുഅമ്മയും പിതാവ് ടി. നാരായണൻ നായരും.


കുമാരനെല്ലൂർ ഹൈസ്ക്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. പാലക്കാട് വിക്ടോറിയ കോളേജിൽ 1953ൽ ബി.എസ്.സി കെമിസ്ട്രി ബിരുദം. അദ്ധ്യാപകൻ, പത്രാധിപർ, കഥാകൃത്ത്, തിരക്കഥാകൃത്ത്, സിനിമ സംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനായി.


നിർമ്മാല്യം, കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം തുടങ്ങിയ ചലച്ചിത്രങ്ങൾക്ക് ദേശീയഅവാർഡും ഓളവും തീരവും, ബന്ധനം, ഓപ്പോൾ, ആരൂഢം, വളത്തുമൃഗങ്ങൾ, അനുബന്ധം, തൃഷ്ണ ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച, അമൃതംഗമയ, പെരുന്തച്ചൻ, സുകൃതം, തീർത്ഥാടനം എന്നിവയ്ക്ക് സംസ്ഥാന ബഹുമതികളും ലഭിച്ചു. രണ്ടാംമൂഴം വയലാർ അവാർഡും നേടി. നാലുകെട്ട്, സ്വർഗ്ഗം തുറക്കുന്ന സമയം, ഗോപുരനടയിൽ എന്നീ കൃതികൾക്ക് കേരള സാഹിത്യ അക്കാദമി അവാർഡും വാനപ്രസ്ഥത്തിന് ഓടക്കുഴൽ അവാർഡും 1996 ൽ ജ്ഞാനപീഠം പുരസ്കാരത്തിനും അർഹനായി.

1996ൽ ജൂൺ 16 ന് കാലിക്കറ്റ് സർവ്വകലാശാല ഓണിറ്റി ഡി. ലിറ്റ് (ഡോക്ടർ ഓഫ് ലെറ്റേർസ്) ബിരുദം നൽകി ആദരിച്ചു. 2004 ൽ പത്മഭൂഷൺ നൽകി രാഷ്ട്രം അദ്ദേഹത്തെ ആദരിച്ചു.

2005 ൽ കേരളസാഹിത്യ അക്കാദമി വിശിഷ്ടാഗത്വം ലഭിച്ചു.

ഇപ്പോൾ തുഞ്ചൻ സ്മാരക അദ്ധ്യക്ഷൻ കേന്ദ്ര സാഹിത്യ സംസ്കാരിക എക്സിക്യൂട്ടീവ് മെമ്പർ തുടങ്ങി വിവിധ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.
















പ്രധാനകൃതികൾ<>

മഞ്ഞ്, കുലം, നാലുകെട്ട്, അസുരവിത്ത്, വിലാപയാത്ര, പാതിരാവും പകൽവെളിച്ചവും,. അറബിപ്പൊന്ന്, രണ്ടാംമൂഴം, വാരാണസി (നോവലുകൾ)

ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, കുട്ട്യേടത്തി, വാരിക്കുഴി, പതനം, ബന്ധനം, സ്വർഗ്ഗം തുറക്കുന്ന വാതിൽ, നിന്റെ ഓർമ്മയ്ക്ക്, വാനപ്രസ്ഥം, എം.ടിയുടെ തിരഞ്ഞെടുത്ത കഥകൾ, ഡാർഎസ് സലാം, രക്തം പുരണ്ട മൺതരികൾ, വെയിലും നിലാവും, കളിവീട്, വേദനയുടെ പൂക്കൾ, ഷെർലക് (കഥകൾ),

ഗോപുരനടയിൽ (നാടകം)

കാഥികന്റെ കല, കാഥികന്റെ പണിപ്പുര (പ്രബന്ധം)

ആൾക്കൂട്ടത്തിൽ തനിയെ (യാത്രാവിവരണം)

എം.ടിയുടെ തിരക്കഥകൾ, പഞ്ചാഗ്നി, നഖക്ഷതങ്ങൾ, വൈശാലി, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ, നഗരമേനന്ദി, നിഴലാട്ടം, ഒരു ചെറുപുഞ്ചിരി, (തിരക്കഥകൾ)

അമ്മയ്ക്ക് (ഓർമ്മ)

ഇംഗ്ലീഷിലേക്കും ഇതരഭാഷകളിലേക്കും കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

90 ന്റെ നിറവിൽ നില്ക്കുമ്പോഴും സമകാലീന രാഷ്ട്രീയ സംഭവങ്ങളിൽ തന്റേതായ അഭിപ്രായം അദ്ദേഹം മുന്നോട്ടു വെക്കുന്നു.

# CALICUT BARBELL CLUB

THE FITNESS KING SINCE 1972




Founder

Kuthiravattom
Calicut-16

Ph: 9847010735
9847941277

Calicut barbell Club 1972




Fitness centre

Affiliated in Dist. Bodybuilding, Weightlifting & Powerlifting Association



## ശ്രീമുത്തപ്പൻ ഓം ശ്രീ സായ്റാം



കൊളത്തായ് കോംപ്ലക്സ്
പാലാഴി പാല, കോഴിക്കോട്
(Near Hilite Mall)
ഫോൺ: 9061434339, 8137860600

**ടൂൾസുകൾ വാടകയ്ക്ക്**

കട്ടിംഗ് മെഷീൻ, , സാൻട്രിംഗ് മെഷീൻ,
ഡ്രിൽ, കംപ്രസ്സർ, വെൽഡിംഗ് മെഷീൻ,
കോൺക്രീറ്റ് കട്ടിംഗ് മെഷീൻ തുടങ്ങിയ
വിവിധ ടൂൾസ് മെഷീനുകൾ വാടകയ്ക്ക്.






KANSAI PAINT

KANSAI NEROLAC PAINTS LIMITED

## AKSHAYA WATER PROOFING

29-851, Kottoli, Mavoor Road, Kozhikode - 673016
Mob : P.P. PRADEEP - 9447312616, 9037940457
E-Mail : aakshayawaterproof@gmail.com




ചോർച്ചയിൽ നിന്നും എന്നന്നേക്കും മോചനം
ഗ്യാരണ്ടിയോടുകൂടി ചെയ്തുകൊടുക്കുന്നു.



## Ammu Distributors

Joudha Building, 5/2697, Rajeev Nagar Colony
Near Swimming Pool, Calicut - 673004
Suresh Babu M. (Managing Partner) 9447722358
9495922358, Off : 0495-3550084
E-mail: ammudistributors01@gmail.com



**Authorised OF:** BALCO
PVC Pipes, Conduits & Solvent Cement
**From AN ISO 9001 : 2015 Company**



## ന്യൂ കാലിക്കറ്റ് ഓട്ടോ മൊബൈൽ വർക്ക് ഷോപ്പ്

മൂരിയാട് റോഡ്, പുതിയപാലം
കോഴിക്കോട്





ഫോൺ : മണികണ്ഠൻ 9846386998

**കാർ സ്പ്രേപെയിന്റിങ്ങ്,
ബോഡി വർക്സ്, എഞ്ചിനിയറിംഗ് വർക്സ്**

കവിത



ശോഭ മക്കട

# ഓർമ്മകളിൽ ജയൻ




എന്റെ സ്മരണതൻ-
രാജവീഥിയിൽക്കൂടി
അശ്വാരൂഢനായ്
സഞ്ചരിക്കുന്നിതാ
ജയനെന്ന ബഹു-
ജനപ്രിയനടൻ.
മേനിക്കൊഴുപ്പു-
മുറച്ച പേശിയും
ചുരുണ്ടിരുണ്ടഴകാർന്ന കേശവും
തിളക്കമാർന്ന മിഴികളും
നിഷ്ക്കളങ്കഭാവവും
മധുരഗാംഭീര്യമാർന്ന ശബ്ദവും
സത്യവും, കൃത്യനിഷ്ഠയും
ക്ഷമാശീലവും, ശക്തിയും
വിനയവും കാരുണ്യവു-
മൊത്തുചേർന്നൊരാ
ദർശവിസ്മയം.
അറബിക്കടലിന് മീതെ-
ക്കൂറ്റൻ കൊളുത്തിൽ
തൂങ്ങിയാടിയഭിനയിച്ച
ചാരുതികാട്ടിയും
പൂർണ്ണതയ്ക്കായ് മലമ്പാമ്പിനോട്-
മല്ലടിച്ചും നിർഭയനായ്
സിംഹരാജനോട് പോരടിച്ചും
ക്രൂരനായും, വില്ലനായും, വീരനായും
അനുരാഗലോലനായും
സിനിമാലോകം കീഴടക്കി
തരുണിമണികൾതൻ-
ഹൃദയക്ഷേത്രത്തിലാ-
രാധനാബിംബമായും
അതികായനാം ഇതിഹാസ നായകൻ
അവസാനരംഗം കോളിളക്കമായി
ആവേശം ചിറകടിച്ചുയർന്നു
ഒരുമാത്രശക്തിയായ്-
ഭൂമിയിൽ പതിച്ചു...
ഭൂമിനൊമ്പരത്തോടെ
തഴുകിത്തലോടി
പ്രകൃതി വിതുമ്പി...
വിണ്ണിൽ മേഘമാല-
കളാർത്തലച്ച്കരഞ്ഞു
ഭൂമിക്കണ്ണീർക്കടലായി
സാഹസികതയുടെ രക്തസാക്ഷി
എന്നെന്നേയ്ക്കുമായ് വിടചൊല്ലി
യുവത്വവും കീർത്തിയും
ജ്വലിച്ചു നിൽക്കെ
മൃത്യു വന്നെത്താൻ കൊതിച്ച-
നിജ ജന്മ കൃത്യങ്ങൾ നിർവ്വഹിച്ച
നിർവ്യാജസ്നേഹമേ
നീ ധന്യനായി.



നോവലറ്റ്

14





നക്ഷത്രരാജ്യം ഇ. രാധാകൃഷ്ണൻ

# നിലാവ് പൂക്കും താഴ്‌വാരം

ഒരു ദിവസം പാർട്ടിയുടെ ആസ്ഥാനത്തു നിന്ന് ദൂതനായി ഒരു കേഡർ ഘോഷിരിക്കുന്ന ഒളിത്താവളത്തിൽ എത്തി. സംസ്ഥാന കമ്മറ്റിയുടെ ഒരു കത്ത് തന്നെ ഏല്പിക്കുകയാണ് അയാളുടെ ദൗത്യം.

കത്തിലെ ഉള്ളടക്കം വായിച്ച് ഘോഷ് പതറിയില്ല.

"ഡിഗ്രിട്ടൺ" ലെ സമരവിരുദ്ധ സ്ക്വോഡിനെ നിഷ്ക്രിയമാക്കുവാനാനുള്ള ചുമതലയാണ് പാർട്ടി വീണ്ടും തന്നെ ഏല്പിച്ചിരിക്കുന്നത്.



"പ്ലാന്റർ റാണയുടെ മരണത്തോടെ പത്തിമടക്കി ഒളിവിലിരുന്ന സമരവിരുദ്ധസ്ക്വോഡ് വീണ്ടും തോട്ടം മേഖലയിൽ തൊഴിലാളികളുമായി സംഘർഷത്തിലേർപ്പെടുന്നതും തൊഴിലാളികളെ മർദ്ദിക്കുന്നതും നിത്യസംഭവങ്ങളായി. ദിനവും പരിക്കേൽക്കുന്നവരുടേയും മരണപ്പെടുന്നവരുടേയും എണ്ണം വർദ്ധിച്ചുക്കൊണ്ടിരിക്കുന്നു. തൊഴിലാളികൾക്ക് വീടുകളിൽനിന്ന് പുറത്തിറങ്ങാൻ സാധിക്കാത്ത വിധം വലയത്തിലാക്കിയിരിക്കുകയാണവർ. നിർജ്ജീവമായിക്കൊണ്ടിരിക്കുന്ന സമരത്തിൽ പങ്കെടുത്ത് തൊഴിലാളികൾക്ക് ഊർജ്ജശ്വാസം നല്കുന്നതിനുള്ള ദൗത്യം തുടരണം." ഇതായിരുന്നു കത്തിലെ ഉള്ളടക്കം.

ഘോഷ് സന്തോഷത്തിലായി. കഴിഞ്ഞ കുറെ ആഴ്ചകളായി കൃഷ്ണമുഖർജിയുടെ വീട്ടിൽ ഒളിച്ചു കഴിയുന്നു. കൃഷ്ണയും രക്ഷിതാക്കളായ അയാളുടെ അച്ഛൻ അജയപ്രകാശും ഭാര്യയും അജയപ്രകാശിന്റെ അമ്മയും ചേർന്ന് നല്ല പരിപാലനവും സമയാസമയങ്ങളിൽ ഭക്ഷണവും നല്കുന്നുണ്ടെങ്കിലും ഇങ്ങിനെ ഒരേ മുറിയിൽ അടച്ചിട്ട വാതിലിനുള്ളിൽ ഇരുന്നും കിടന്നും ശ്വാസം മുട്ടുന്നതിൽ നിന്നുള്ള മോചനമാണ് ദൗത്യം അറിഞ്ഞശേഷമുണ്ടായ അയാളുടെ പ്രത്യേക സന്തോഷത്തിന് കാരണം. കാറ്റും വെളിച്ചവും ഏല്ക്കുവാനുള്ള ഇന്നുള്ള ഏക മാർഗ്ഗം "ഡിഗ്രിട്ടൺ" ലെ പ്രകൃതി രമണീയമായ തേയിലത്തോട്ടങ്ങളിലും മലകളിലും അടിവാരങ്ങളിലും ഒളിഞ്ഞു സഞ്ചരിക്കുകമാത്രമായിരുന്നു.

കൃഷ്ണ സ്ഥലത്തില്ല. അയാളുടെ അച്ഛനും അമ്മയും തോട്ടത്തിൽ പണിക്കു പോയിരിക്കുകയാണ്. മുത്തശ്ശി മരണപ്പെട്ട റാണയുടെ എസ്റ്റേറ്റ് ബംഗ്ലാവിലെ സഹായിയാണ്.

മുന്നയും, തേജസ്വിയും, അരവിന്ദും പഴയതുപോലെ തന്റെ സഹായത്തിനുകൂടെയുണ്ടാകും എന്നാണ് കത്തിൽ അറിയിച്ചിരിക്കുന്നത്. തുടർന്നും കൃഷ്ണയുടെ വീട്ടിൽതന്നെയാണ് ഒളിവുകേന്ദ്രം.

സായാഹ്നസൂര്യന്റെ ചെങ്കതിർ മലയിറങ്ങി അങ്ങു കിഴക്കൻ മലകളെയും താണ്ടി വിലയം പ്രാപിച്ചു.

ഇരുട്ടുമൂടി. ആകാശത്തിൽ ഒന്നു രണ്ടു നക്ഷത്രങ്ങൾ കണ്ണുതുറന്നു.

ശരീരത്തിനെ കാർന്നുതിന്നുന്ന തണുപ്പിൽ അയാൾ കൃഷ്ണ

യെയും കുടുംബത്തെയും കാത്തിരിക്കുകയാണ്. "ഡിഗ്രി ട്ടൺ" ലെ എസ്റ്റേറ്റുകളിൽ തൊഴിലാളികൾ ഇരുട്ടുന്നതുവരെ തൊഴിൽ ചെയ്യണമെന്നാണ് എസ്റ്റേറ്റ് മുതലാളിമാരുടെ ശാഠ്യം. സമയത്തിനു ഭക്ഷണം കഴിക്കുവാനോ കൂലി നേരാംവണ്ണം സമയത്തിനു കൊടുക്കുവാനോ മുതലാളിമാരിൽ ഭൂരിഭാഗവും തയ്യാറാകില്ല. തൊഴിലാളികളെ ഇരുകാലി മൃഗങ്ങളായി അവഗണിക്കുന്നതിൽ എസ്റ്റേറ്റ് മുതലാളിമാരോട് തൊഴിലാളികൾക്ക് തർക്കമുണ്ട്. കൂലിക്കൂടുതൽ മാത്രമല്ല അവരുടെ ആവശ്യം. മനുഷ്യരായി തങ്ങളെ പരിഗണിക്കണമെന്നതാണ് അവരുടെ പ്രധാന ആവശ്യങ്ങളിൽ ഒന്ന്. ചാട്ടവാറിന്റേയും തോക്കിന്റേയും പിൻബലത്തിൽ എസ്റ്റേറ്റു മുതലാളിമാരിൽ ചിലർ കാട്ടിക്കൂട്ടുന്ന അക്രമസംഭവങ്ങൾ പല എസ്റ്റേറ്റുകളിലും സ്ഥിരമായി നടക്കാറുണ്ട്. തൊഴിലാളികൾ അതിൽ പ്രകോപിതരുമാണ്. മദ്യപിച്ചു മദോന്മത്തരായിരിക്കുമ്പോൾ എസ്റ്റേറ്റു ബംഗ്ലാവിൽ വെച്ചു എസ്റ്റേറ്റു മുതലാളിമാരും അവരുടെ സംഘടനകളും തീരുമാനിക്കുന്ന മനുഷ്യാവകാശ ലംഘനങ്ങളും തൊഴിലാളി വിരുദ്ധ അതിക്രമങ്ങളും ചെയ്യുവാനുള്ള ഒരു ചെന്നായ്ക്കൂട്ടം അവരോടൊപ്പം എപ്പോഴും തയ്യാറായിരിക്കുന്നുണ്ട്. മനുഷ്യരൂപത്തിലുള്ള ഈ ഇരുകാലിമൃഗങ്ങളെ വെച്ചാണ് മുതലാളിമാർ തൊഴിലാളികളെ ഒരിക്കലും നിവർന്നുനില്ക്കാൻ കഴിയാത്ത വിധം ദാരിദ്ര്യത്തിലേക്കും ദുരിതത്തിലേക്കും തള്ളിവിടുന്നത്.

ഗുണ്ടകളുടെ അക്രമണത്തിൽ മിക്ക തൊഴിലാളി ലയങ്ങളിലും തൊഴിലാളികൾ ജീവച്ഛവമായി ശാരീരിക ബലമില്ലാതെയും അംഗവൈകല്യങ്ങളോടെയും ദുരിതമനുഭവിക്കുന്നു. ഇത്തരം മനുഷ്യാവകാശലംഘനങ്ങൾക്കും തൊഴിലാളിവിരുദ്ധപ്രവർത്തികൾക്കും അതിക്രമങ്ങൾക്കും എതിരെയാണ് "ഡിഗ്രിട്ടൺ" ലെ തൊഴിലാളികൾ സമരം ചെയ്യുന്നത്.

തൊഴിലാളികൾ പലപ്പോഴായി ചെയ്യുന്ന സമരങ്ങൾ ഒരിക്കലും വിജയിക്കാറില്ല. കാരണം ഗുണ്ടകളുടെ വിളയാട്ടം മൂലം അവർ പിൻതിരിയുകയോ അക്രമിക്കപ്പെടുകയോ ആണ് അവരുടെ മുൻകാലങ്ങളിലുള്ള അനുഭവങ്ങൾ.

### കഥ ഇതുവരെ

ഒരു പത്രപ്രവർത്തകയാണ് രൂപാസെൻ. തന്റെ കോളേജ് സഹപാഠിയും, ഭാവിവരനായി സ്വപ്നത്തിൽ കുറിച്ചിട്ട തന്റെ എല്ലാമായ നക്സൽ തടവുകാരൻ ഘോഷിനെ കാണാൻ രൂപാസെൻ ജയിലിലെത്തി. ജയിലറുടെ അനുവാദം വാങ്ങി രൂപ ഘോഷിന്റെ മുറിയിലെത്തി. ഘോഷ് രൂപയെ കണ്ടു. ഘോഷിന്റെ മനസിൽ തന്റെ കോളേജ് പഠന കാലം ഓർമ്മയിലെത്തി. കോളേജിലെ മറ്റൊരു വിദ്യാർത്ഥിയായ ബോസും ഘോഷും തമ്മിൽ നിരന്തരം ബദ്ധവൈരികളായി. അതിനു കാരണം ബോസിനു രൂപയോടുള്ള പ്രണയമായിരുന്നു. വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ സാധിച്ചു കിട്ടാനായി കോളേജിൽ ഘോഷിന്റെ നേതൃത്വത്തിൽ സമരം തുടങ്ങി. അത് പോലീസ് ലാത്തിച്ചാർജ്ജിലാണ് അവസാനിച്ചത്. ബോസ് വീണ്ടും പ്രണയാഭ്യർത്ഥനയമായി രൂപാസെന്നിനെ കണ്ടു. പഴയതു പോലെ രൂപ നിരസിക്കുകയും ചെയ്തു. രാജ്യമൊട്ടാകെ തൊഴിലാളികളുടെ നേതൃത്വത്തിൽ ഭക്ഷ്യക്ഷാമത്തിനെതിരെ സമരം തുടങ്ങി. വിദ്യാർത്ഥികളും സമരത്തിൽ പങ്കുചേർന്നു. ഘോഷ് പോലീസ് ബലപ്രയോഗത്തിൽ പരിക്കേറ്റ് ആസ്പത്രയിലായി. പ്ലാന്റർ സുരേന്ദ്ര പ്രസാദിന്റെ തോട്ടത്തിലെ തൊഴിലാളികളും സമരത്തിൽ പങ്കുചേർന്നു. എന്നാൽ പ്ലാന്റർ റാണയുടെ നേതൃത്വത്തിൽ ഡാർജിംഗിലെ തോട്ടം തൊഴിലാളി സമരം പരാജയപ്പെടുത്താൻപ്രതിരോധസ്ക്വോടു രൂപികരിച്ചു പ്രവർത്തനം തുടങ്ങി. ആദ്യവട്ട പ്രവർത്തനമായി സുരേന്ദ്രപ്രസാദിന്റെ തോട്ടത്തിലെ മൂന്നു തൊളിലാളികളെ അവർ വധിച്ചു. തോട്ടം മേഖലാ തൊഴിലാളികൾ പരിഭ്രാന്തിയിലായി. റാണയെ നേരിടാനായി നേതൃത്വം തോട്ടം മേഖലയിലേക്ക് ഘോഷിനേയും സംഘത്തേയും അയച്ചു. അവർ റാണയുടെ ബംഗ്ലാവിൽ എത്തി. ഘോഷ് റാണയുടെ ബഡ്റൂമിനടുത്തെത്തി.ഏറ്റുമുട്ടലിനിടയിൽ റാണ സ്വന്തം സംഘത്തിന്റെ വെടിയേറ്റു മരിച്ചു. ഘോഷ് ഒളിവിലായി. രൂപ ഒളിവിലിരിക്കുന്ന ഘോഷിനെ കാണാൻ ഹോസ്റ്റലിൽ നിന്ന് സഹപാഠികളോട് പറയാതെ ഓട്ടോയിൽ രവീന്ദ്രയെ അന്വേഷിച്ച് അംബേദ്ക്കർ ചേരിയിലെത്തി. രവിന്ദ്രയോടൊപ്പം ഘോഷിന്റെ ഒളിത്താവളം ലക്ഷ്യം വെച്ച് ആകാശുമായി ചേർന്ന് മൂവർ സംഘം ഡിഗ്രിട്ടണിലെത്തി. ബോസിന്റെ ആളുകൾ ഇവരെ പന്തുടരുന്നുണ്ടായുന്നു. മരണപ്പെട്ട റാണയുടെ സമരവിരുദ്ധ സ്ക്വോഡുമായി ബോസ് ചങ്ങാത്തത്തിൽ കൈകകോർത്തു.

ഘോഷിന്റെ ഒളികത്താവളത്തിലേക്ക് രവീന്ദ്രയുടെ പിന്നാലെ ചെങ്കുത്തായ തേയിലമല തോട്ടങ്ങൾക്കരികിലൂടെയുള്ള അപകടങ്ങൾ നിഞ്ഞ ചെമ്മൺ പാതയിലൂടെ രൂപയും ആകാശും കയറ്റം തുടർമ്മുക്കൊണ്ടിരുന്നു. എന്നാൽ ബോസിന്റേയും കൂട്ടാളികളുടേയും അക്രമണം കാരണം തൽക്കാലം ഘോഷിനെ സന്ദർശിക്കുവാനുള്ള പദ്ധതി അവർ ഉപേക്ഷിച്ചു. സംഘം തിരിച്ചുപോന്നു. രൂപയുടെ അച്ഛനും അമ്മയും ഹോസ്റ്റലിൽ രൂപയെകണ്ടു. അവരുടെ സങ്കടവും അപേക്ഷയും രൂപയെ വീട്ടിലേക്കു തിരിച്ചുപോകുവാൻ മാനസികമായി പ്രേരിപ്പിച്ചു. രൂപ വീട്ടിൽ തിരിച്ചെത്തി.

**(നോവലറ്റ് തുടർന്നു വായിക്കുക)**

"ഡിഗ്രിട്ടൺ"ൽ സമരം വിജയിക്കണമെങ്കിൽ ശക്തനായ, തൊഴിലാളികളോട് ആത്മാർത്ഥതയുള്ള ഒരു നേതാവ് മുന്നിൽ നിന്നു നയിക്കണം. ഇതുവരെയുള്ള പരാജയങ്ങളുടെ അനുഭവങ്ങളിൽ നിന്ന് ഇതാണ് തൊഴിലാളി സംഘടനകളുടെ ബോധ്യം.

അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഭക്ഷ്യക്ഷാമ സമരം വന്നതും ഘോഷ് തോട്ടം തൊഴിലാളി മേഖലയിൽ പ്രവർത്തിക്കാൻ എത്തിയതും "തൊഴിലാളികൾ ഇഛിച്ചതും നേതൃത്വം കല്പിച്ചതും ഒന്നെന്ന മട്ടിൽ" തോട്ടം തൊഴിലാളികൾക്ക് ആഘോഷമായി.

സമയം പിന്നെയും ഇരുട്ടി.

ഘോഷിന്റെ മനസ്സിൽ ചില അപായ സൂചനകൾ മുളപൊട്ടി. തോട്ടത്തിൽനിന്നവർ ഇത്രയും വൈകിവരാറില്ല. സംശയത്തിന്റെ നാമ്പുകൾ തലയിൽ ചുമന്ന് അയാൾ ഇരുട്ടിനെ കവചമാക്കി ജാകരൂകനായി.

ദൂരത്തുനിന്നും ഒരു വെട്ടം അടുത്തുവരുന്നുണ്ട്.

അയാൾ വെളിച്ചം അടുക്കുന്നിടത്തേക്ക് ദൃഷ്ടികൾ പായിച്ചു.

കൃഷ്ണയാണ് മുന്നിൽ നടന്നു വരുന്നത്.

അജയപ്രകാശും ഭാര്യയും ചേർന്ന് മുത്തശ്ശിയെ താങ്ങിനടത്തുന്നു.

(തുടരും)

കഥ



ശാരദ പൂമരം

# മോഹഭംഗം



**1976** മാർച്ച് 2-ാം തിയ്യ്തി രശ്മി ആട്സിന്റെ ചെറുകഥാ മത്സരത്തിൽ ഒന്നാം സമ്മാനാർഹമായ കഥ (എന്റെ ആദ്യത്തെ കഥ)

നേരം അർദ്ധരാത്രിയായി. എല്ലാവരും നിദ്രാദേവിയെ തഴുകുകയാണ്. രാധിമാത്രം ആ നിതാന്ത നിശ്ശബ്ദതയിൽ നിദ്രയെ കാത്തിരുന്നു. പക്ഷെ തീ തിന്നുന്ന ആത്മാവിനെന്തുറക്കം, കണ്ണുനീരൊഴുകുമ്പോൾ കണ്ണുകൾക്കെന്തു മയക്കം

ഓർക്കാതിരിക്കാൻ ശ്രമിക്കും തോറും കൂടുതൽ ശക്തിയോടെ, ഓർമകൾ മനസ്സിനെ കുത്തിനോവിക്കുന്നു... മനോഹരമായ ബാല്യം. രാധിയുടെ ഓർമ്മകൾ ഭൂതകാലത്തിലേക്കെത്തിനോക്കി.

നല്ലൊരു കുടുംബത്തിൽ ജനിച്ചു. അച്ഛനും, അമ്മയും ചേച്ചിമാരും, കൊച്ചനിയനും, ചേട്ടനും. അദ്ധ്യാപകനായ അച്ഛന്റെ ശമ്പളം മാത്രമായിരുന്നു വരുമാനം. സാമ്പത്തികപരാധീനത മക്കളെ അറിയിക്കാതിരിക്കാൻ പാടുപെടുന്ന മാതാപിതാക്കൾ. വീട്ടുജോലികളും മക്കളുടെ പരിപാലനവുമായിക്കഴിഞ്ഞിരുന്ന അമ്മ.

അവരുടെ ആഗ്രഹത്തിനനുസരിച്ചു തന്നെ മക്കൾ നന്നായി പഠിച്ചു. ഋതുക്കൾ മാറിമാറി വന്നു. കുട്ടികൾ പഠിച്ചു. വളർന്നു. ഏട്ടൻ S.S.L.C. കഴിഞ്ഞ് കോളേജിൽ ചേർന്നു. എങ്ങിനെ പഠിപ്പിക്കുമെന്ന ചിന്തവന്നപ്പോൾ അമ്മാമൻ പറഞ്ഞു.

“മൂത്തമകനെ ഞാൻ പഠിപ്പിക്കാം. അവനു ജോലിയായൽ നിങ്ങളുടെ വിഷമം മാറുമല്ലോ?”പഠിക്കാൻ മിടുക്കനായ ചേട്ടൻ നന്നായിത്തന്നെ പഠിച്ചു. പഠനം കഴിഞ്ഞ് താമസിയാതെ തന്നെ ചേട്ടന് അന്യസംസ്ഥാനത്തിൽ ജോലി കിട്ടി. അന്നുമുതൽ ചേട്ടൻ കുടുബത്തിന് താങ്ങായി. പഠിപ്പുകഴിഞ്ഞ് താമസിയാതെ ചേച്ചിമാരുടെ വിവാഹവും നടന്നു.

താൻമാത്രം എവിടെയും ചെന്നെത്തിയില്ല.

S.S.L.C. പാസായി. തുടർന്നു പഠിക്കാൻ ആഗ്രഹമുണ്ടായിരുന്നു. സ്ക്കൂളിൽ ഒരിക്കലും അനുസരണക്കേട് കാണിച്ചിട്ടില്ല. കൂട്ടുകാർക്ക് തന്നെ ജീവനായിരുന്നു. ഓർമ്മകൾ പിറകോട്ടൊഴുകുമ്പോൾ ഓരോ രംഗവും മുന്നിൽ തെളിയുന്നു.

ഹൈസ്ക്കൂളിലെത്തിയപ്പോൾ പഠിക്കാനുള്ള ഉത്സാഹം കൂടിയെങ്കിലും ക്ലാസിൽ ഫസ്റ്റാവുക എന്നതൊരു മരീചികയായിരുന്നു. പത്താംതരം അവസാന പരീക്ഷ അടുക്കും തോറും അസ്വസ്ഥകൾ കുമിഞ്ഞുകൂടി. വിദ്യാർത്ഥി ജീവിതത്തിൽ തങ്ങളെ നേർവഴിക്കു നയിച്ച പ്രിയപ്പെട്ട അദ്ധ്യാപകരോട്, കൂട്ടുകരോട് വിട ചോദിക്കേണ്ട സമയം അടുത്തപ്പോൾ മനസ്സിൽ വിഷാദത്തിന്റെ തേങ്ങൽ മാത്രം അവശേഷിച്ചു.

എത്രമധുരമായിരുന്നു ആ ജീവിതം. രാവിലെ ചിരിച്ചുല്ലസിച്ച് ഒരു കൂട്ടം പൂമ്പാറ്റകൾ വിദ്യയാകുന്ന മധുവും തേടി പറന്നുപോകും. ഉച്ചക്കുള്ള ഒഴിവുസമയം മാവിൻ ചോട്ടിൽ മാരുതന്റെ തലോടലേറ്റ്, ഭാവികാലത്തെപറ്റി സ്വപ്നങ്ങൾ നെയ്തെടുക്കും. അപ്പോൾ എല്ലാം മറക്കും. വൈകുന്തോറും നിരാശ. അന്നെല്ലാം ആശിച്ചിരുന്നു.

അടുത്ത സുപ്രഭാതം ഒന്നു വേഗം വന്നെങ്കിൽ!

സ്ക്കൂൾ പൂട്ടാറായപ്പോഴേക്ക് ഒരു ഓട്ടോഗ്രാഫ് വാങ്ങി. ഓർമ്മിക്കാൻ അതിന്റെ ആവശ്യമില്ലെങ്കിലും; അദ്ധ്യാപകന്മാരെകൊണ്ടെല്ലാം അതിൽ എഴുതിച്ചു. നല്ലനല്ല ആശംസകൾ, ഉപദേശങ്ങൾ. കൂട്ടുകാരികളും അതിൽ എഴുതി.

രാധി വിളക്കുകത്തിച്ചു. ആരും ഉണരരുതെ. ഓട്ടോഗ്രാഫ് കൈയിലെടുത്തു. താളുകൾ മറിച്ചു.

ആദ്യത്തെ പേജിൽ പ്രധാനദ്ധ്യാപകൻ എഴുതിയിരിക്കുന്നു. Every action there is an equal and opposite reaction എത്ര അർത്ഥവത്തായ വരികൾ! മറ്റുള്ള അദ്ധ്യാപകർ എഴുതിയതും വായിച്ചു. ആത്മാർത്ഥത നിറഞ്ഞ ആശംസകൾ. അന്നെല്ലാം അദ്ധ്യാപകർക്ക് മക്കൾ തന്നെയായിരുന്നു വിദ്യാർത്ഥികൾ

കൂട്ടുകാർ എഴുതിയതും കൂടി വായിക്കാം. താളുകൾ മറിക്കുമ്പൾ ഓരോമുഖവും മനസ്സിൽ തെളിയുന്നു. ഒരു സ്നേഹിത എഴുതിയിരിക്കുന്നു. താങ്കളുടെ സ്വപ്നമായ അദ്ധ്യാപികയായി സേവനമനുഷ്ഠിക്കുമ്പോൾ ഈ കൂട്ടുകാരിയെ മറക്കരുതെ. ഒരു സ്നേഹിത എഴുതിയിരിക്കുന്നു. രാധീ, ഈ ക്ലാസ്സിൽ വെച്ച് ഏറ്റവും നല്ല സ്വഭാവം താങ്കളുടെയാണെന്ന്...

കൂട്ടുകാരി, താങ്കളുടെ സങ്കൽപത്തിലെ അദ്ധ്യാപികയാണ് ഈ പാതിരാത്രിയിൽ ഏകാന്തതയിൽ, തകർന്നടിഞ്ഞ സ്വപ്നങ്ങളെയോർത്ത് മനമുരുകി കണ്ണുനീർ വീഴ്ത്തുന്നത്. ഓട്ടോഗ്രാഫ് മാറ്റിവച്ചു.ഹൃദയത്തിന്റെ തേങ്ങൽ കണ്ണുനീരായൊഴുകി. തന്റെ തേങ്ങൽ ആരും കേൾക്കരുതെ! തന്റെ വേദന തന്നിൽ തന്നെ അലിയട്ടെ!. വിളക്കുകെടുത്തി. കണ്ണിറുകെയടച്ചു. എത്രനേരം ഇങ്ങനെ കിടന്നുവെന്നറിയില്ല. മണി നാലടിക്കുന്നതു കേട്ടപ്പോഴാണ് ഇത്ര നേരവും ഉറങ്ങിയില്ലെന്ന സത്യം മനസ്സിലായത്. ഉറക്കം വരാനായി കണ്ണടച്ചിട്ടും പഴയ ചിന്തകളിൽ നിന്നും തനിക്ക് മോചനം ലഭിച്ചിട്ടില്ല.

യുവജനോത്സവത്തിനും, സ്പോർട്സ് മത്സരങ്ങളിലുമെല്ലാം സജീവമായി പങ്കെടുത്തിരുന്നു. പലതിനും സമ്മാനങ്ങളും ലഭിച്ചിരുന്നു. രാമായണത്തിലെ ഇഷ്ടപ്പെട്ട ഭാഗം പ്രബന്ധമെഴുതി. അന്ന് 10ൽ 10 മാർക്കും തനിക്കു കിട്ടി.

S.S.L.C. പാസ്സായകാലത്ത്, ചേച്ചിമാർ വിവാഹപ്രായമായി നില്ക്കുന്നു. അനിയൻ കോളേജിൽ പഠിക്കുന്നു. അച്ഛൻ പെൻഷൻ പറ്റി ഈ പരിതസ്ഥിതിയിൽ ചേട്ടൻ അയക്കുന്ന പണം മാത്രമായിരുന്നു ആശ്രയം. അക്കാലത്ത് സാമ്പത്തിക വിഷമങ്ങൾ ഉണ്ടായിരുന്നു.

അതുകാരണം ടി.ടി സിക്ക് അപേക്ഷ അയക്കേണ്ടന്ന് അച്ഛൻ തീർത്തും പറഞ്ഞു. തന്റെ ആഗ്രഹം നടക്കാത്തതിൽ നിരാശതോന്നിയെങ്കിലും ചേട്ടന്റെ ഭാരിച്ച ചുമതലയെക്കുറിച്ചോർത്തപ്പോൾ, എതിർത്തു പറഞ്ഞില്ല. ലീവിൽ വന്ന ചേട്ടൻ, ട്രെയിനിങ്ങിന് അപേക്ഷ അയക്കാത്തതിന് വഴക്കുപറഞ്ഞു- കൂട്ടത്തിൽ അവനവന് വേണമെന്ന് ഇല്ലാഞ്ഞിട്ടാണെന്ന കുറ്റപ്പെടുത്തലും. അതു കേട്ടപ്പോൾ നിറഞ്ഞ കണ്ണുകൾ തുടച്ച് മനസ്സിൽ പറഞ്ഞു. സ്വന്തം ദേഹം കൂടെ നോക്കാതെ, കുടുംബം നല്ല നിലയിലെത്താൻ രാപ്പകൽ കഷ്ടപ്പെടുന്ന ചേട്ടന് അല്പം ആശ്വാസം ലഭിച്ചിട്ടാകാമെന്നുവെച്ചാണ് അയക്കാതിരുന്നതെന്ന്. വരുന്ന കൊല്ലം നേരത്തെ അയച്ചോ. സിലക്ഷൻ കിട്ടുമെന്നുറപ്പാണ്. അദ്ധ്യാപികയായി ജീവിക്കാൻ സുഖമാണ്. സ്നേഹപൂർണമായതാക്കീതും.

ദിവസങ്ങൾക്ക് നീളം കൂടുതലാണെന്ന് തോന്നി. എന്നും രാത്രി ഓർത്തോർത്ത് കരയും. എന്റെ ആഗ്രഹം ഒരിക്കലും സഫലമാവില്ലെ? പലപ്പോഴും മാതാപിതാക്കളോട് പറഞ്ഞിരുന്നു. എന്റെ മോഹം സാക്ഷാത്കരിച്ചാൽ ഞാനൊരു ടീച്ചറായാൽ എനിക്കു കിട്ടുന്ന ശമ്പളം മുഴുവൻ നിങ്ങളെയേൽപിക്കുമെന്ന്. അന്നെല്ലാം ആത്മവിശ്വാസമുണ്ടായിരുന്നു. സ്വന്തമായി എന്തെങ്കിലും സമ്പാദിക്കാൻ കഴിയുമെന്ന്.

എല്ലാ വേദനകളും മനസ്സിലൊതുക്കി വർഷങ്ങൾ തള്ളിനീക്കി. ഒന്നിനും ഉന്മേഷം തോന്നിയില്ല.

മധുരക്കിനാവുകൾ കൊണ്ടുകെട്ടുന്ന മന:ക്കോട്ട, പെട്ടെന്ന് തകർന്നുവീഴും.. അങ്ങിനെ...

ട്രെയിനിങ്ങിന് അപേക്ഷ അയക്കേണ്ട സമയമായപ്പോൾ തീർച്ചയായുംഅയക്കേണമെന്ന് തീർച്ചയാക്കി. കിട്ടിയാൽ ഒന്നരക്കൊല്ലം വീട്ടുകാരെ പിരിഞ്ഞു നിൽക്കേണ്ടി വരും. അതോർത്തപ്പോൾ വിഷമം തോന്നി. ട്രെയിനിങ്ങ് കഴിഞ്ഞാൽ ഏതെങ്കിലും സ്ക്കൂളിൽ നിയമനം ലഭിക്കും. പിന്നീടുള്ള ജീവിതം സന്തോഷമാകും. ആദ്യദിവസം ക്ലാസിൽ പോകുമ്പോൾ പരിഭ്രമമുണ്ടാകുമോ? ഒന്നുമില്ല. ഏറ്റവും ചെറിയ ക്ലാസെടുക്കണം. ചെറിയകുട്ടികളെ പഠിപ്പിക്കാനാണ് സുഖം. ഒരു കുട്ടിയേയും വേദനിപ്പിക്കില്ല. നിഷ്കളങ്കരായ ആ കുട്ടികൾക്ക് രാധി. ടീച്ചറെ ജീവനായിരിക്കണം. അഥവാ വലിയ കുട്ടികളെ പഠിപ്പിക്കേണ്ടി വന്നാലോ? സാരമില്ല. നല്ലൊരദ്ധ്യാപികയായി, സ്വന്തം വിദ്യാർത്ഥികൾക്ക് താൻ കൂട്ടുകാരിയായിരിക്കും തെറ്റുകൾ വന്നാൽ സ്നേഹത്തോടെ ശാസിക്കും. അവരുടെ അഭിപ്രായങ്ങൾക്ക് വില കല്പിക്കും. സഹാദ്ധ്യാപകരുടെ ഇടയിൽ നല്ല അഭിപ്രായമുണ്ടാക്കാൻ ശ്രമിക്കും. ശരിക്കും ഒരു മാതൃകാദ്ധ്യാപികയായിരിക്കും താൻ.


പെട്ടെന്നാണ് മന:ക്കോട്ട തകർന്നത്. അഥവാ അയച്ചില്ലെങ്കിലോ എങ്കിൽ? പരാജയപ്പെടുമെന്നുതോന്നിയപ്പോൾ കരഞ്ഞു മതിവരുവോളം.

ഇതിനിടയിൽ ചേച്ചിമാരുടെ കല്യാണം കഴിഞ്ഞു. അനിയന്റെ കോളേജ് പഠനം.ചേട്ടൻ സാമ്പത്തികമായി വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെന്ന് മനസ്സിലായി. ഒരു കൊല്ലം കൂടികടന്നുപോയി. ട്രെയിനിങ്ങിന് അപേക്ഷ അയക്കേണ്ട സമയമായപ്പോൾ അച്ഛനോടു പറഞ്ഞു. അച്ഛനെല്ലാം മറന്നെന്നു തോന്നി.- “ഇനി നീ ജോലിക്കൊന്നും ശ്രമിക്കേണ്ട.” സഫലമാകാത്ത ആഗ്രഹം.

അമ്മയോടു പറഞ്ഞു.

പെൺകുട്ടികൾ എത്ര പഠിച്ചിട്ടെന്താ ഇപ്പോ ചേച്ചിമാരുടെ കാര്യം കണ്ടില്ലെ. ആരെങ്കിലും കല്ല്യാണം കഴിച്ചാൽ കഴിഞ്ഞില്ലെ എല്ലാം.

എതിർക്കാൻ അറിയാഞ്ഞിട്ടല്ല. പക്ഷെ അച്ഛനോടും, അമ്മയോടും, ചേച്ചിമാരോടുംമെല്ലാം പലവട്ടം പറഞ്ഞുനോക്കി. ഗതിമുട്ടിയപ്പോൾ അച്ഛൻ പറഞ്ഞു. എന്നാൽ നീ നേഴ്സിങ്ങിന്ന് അയച്ചോ?



# MARRIED COUPLE

## Fathima Nitha .P

**D/O Mr. Asharaf .P & Mrs. Sajitha**
**(Grand D/O late Ahammed & Mrs. Khadeeja)**
**Puliyullathil (H), Palazhi, Pala.**

## Anas Backer .M

**S/O Mr. Rasheed & Asmabi.**
**Makkattu House, Palazhi, Kozhikode**

**With Best Compliments From,**
**P.A. Lights & Sounds &**
**Family, Shana, Fiza**

# MARRIED COUPLE

## Fathima Fidha

**D/O Mr. Musthafa .P & Mrs. Aiyshabi**
**Perinchikal House, Kommeri, Kozhikode**

## Muhammad Raffi

**S/O Mr. Kabeer & Mrs. Rukiya**
**Nagathan Kandy House, Kommeri, Kozhikode**

**With Best Compliments From,**
**Nakshathra Rajyam Management & Staf**



പെട്ടെന്ന് "വിളക്കേന്തിയ വനിത" എന്നു ലോകം അറിയപ്പെടുന്ന ഫ്ളോറൻസ്നൈറ്റിഗേലിനെ ഓർമ്മ വന്നു. സ്വന്തം ജീവൻ പോലും തൃണവൽഗണിച്ച് പാവപ്പെട്ടവരുടെ കണ്ണീരൊപ്പാൻ ധീരധീരം പോരാടിയ അവരുടെ ഓർമകൾ തന്നെ കോരിത്തരിപ്പിച്ചു. പിന്നെ ദീനദീനം കേഴുന്ന ആയിരങ്ങളെ, ഓവയ്യ. അവരെ ആശ്വസിപ്പിക്കാൻ ഇഷ്ടമില്ലാഞ്ഞിട്ടല്ല. പക്ഷെ മറ്റൊരാളുടെ കണ്ണുനീരും വേദനയും കാണാൻ മന:ശക്തി തീരെയില്ല. എല്ലാം അറിയുന്ന അച്ഛനാണിതു പറയുന്നത്.

ചേച്ചിമാർ പറഞ്ഞു. നീയെന്തിനു വിഷമിക്കുന്നു. ഞങ്ങളെല്ലാമില്ലെ? ശരിയാണ് എനിക്ക് വേണ്ടതെല്ലാം നിങ്ങൾ നൽകുന്നു. പക്ഷെ എന്നും മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കുന്നതിൽ താൻ തൃപ്തയല്ല. അഥവാ ഒരിക്കൽ ഒറ്റയ്ക്ക് ജീവിക്കേണ്ടി വന്നാലോ. ഇപ്പോൾ സ്നേഹിക്കുന്ന നിങ്ങൾക്ക് ഞാനൊരുഭാരമായാലോ? എല്ലാവരും വെറുത്താലോ.


സ്വന്തമായി ജോലിചെയ്ത് വേണ്ടപ്പെട്ടവരെ സംരക്ഷിക്കണം. പാവങ്ങളെ സഹായിക്കണം. എന്നാൽ ഈ ജന്മം ധന്യമായി.

വീണ്ടും നശിച്ച ആലോചന. രാധി തിരിഞ്ഞു മറിഞ്ഞു കിടന്നു. കണ്ണുനീരിൽ കുതിർന്ന കിടക്കയിൽ മുഖമമർത്തി ദൈവത്തെ ധ്യനിച്ചു.

താൻ നല്ലൊരദ്ധ്യാപികയായി ക്ലാസിൽ പാഠമെടുക്കുന്നു. കുട്ടികൾ നിശ്ശബദരായി, കണ്ണിമവെട്ടാതെ താൻ പാഠമെടുക്കുന്നത് ശ്രദ്ധിച്ചു കൊണ്ടിരിക്കുന്നു. ആ രംഗം കൺമുമ്പിൽത്തെളിഞ്ഞപ്പോൾ പറഞ്ഞു. "അതെ, ഞാനാഗ്രഹിച്ചത് സാധിച്ചു. ഞാനൊരു ടീച്ചറായി. എല്ലാവരും സ്നേഹിക്കുന്ന, ആരാധിക്കുന്ന രാധി ടീച്ചർ."

രാധീ, അമ്മയുടെ വിളി തന്നെയുണർത്തി. പിടഞ്ഞെണീറ്റു, ചുറ്റും നോക്കി, വിദ്യാലയമെവിടെ, വിദ്യാർത്ഥികളവിടെ. ഇതൊരു സ്വപ്നമായിരുന്നോ? എഴുന്നേറ്റു വേച്ചു വേച്ചു നടന്നു. ഒരു ഉന്മാദിനിയെപോലെ...

കഥ



കെ. കേരളദാസനുണ്ണി

# പ്രേരണാക്കുറ്റം

പുളിഞ്ചോട്ടിൽവെച്ചാണ് കുമാരൻ പൊന്നേട്ടനെ കാണുന്നത്. തോടിന്റേയും റെയിലിന്റേയും നടുവിലൂടെ കടന്നുപോവുന്ന ഇടുങ്ങിയ റോഡിലൂടെ തോട്ടത്തിലേക്ക് മോട്ടോർസൈക്കിൾ ഓടിച്ചു പോവുകയായിരുന്നു അയാൾ. കുമാരനെ കണ്ടതും പൊന്നൻ കൈനീട്ടി.


കുമാരൻ ബൈക്ക് നിർത്തി.

"നിന്നെ ഈ വഴിക്കിപ്പോ കാണാറേ ഇല്ലല്ലോ" പൊന്നൻ പറഞ്ഞു.

"കുറച്ചായിട്ടി റബ്ബറ്വെട്ടുണില്ല. എങ്ങനീണ്ട് തോട്ടംന്ന് നോക്കീട്ട് വരാൻ അപ്പൻ പറഞ്ഞു. അതാ ഇറങ്ങ്യേത്" കുമാരൻ മറുപടി പറഞ്ഞു.

"അതോണ്ട് നിന്നെ ഇന്ന് കാണാറായി."

"പൊന്നേട്ടനെന്താ ഇവിടിങ്ങനെ നിൽക്ക്ണ്?" കുമാരൻ ചോദിച്ചു.



അവന്റെ അച്ഛൻ പഴണൻ പൊന്നനെ "പൊന്നേട്ടാ" എന്നാണ് വിളിക്കാറ്. അതുകേട്ട് കുമാരനും അങ്ങിനെ വിളിക്കാൻ തുടങ്ങി.

"കണ്ടത്തിന്റെ വരമ്പ് ചെത്തി പൊതിയാനുണ്ടായിരുന്നു. വെയില് മൂക്കും മുമ്പ് പണി തീർക്കാന്ന് കരുതി പുലർച്ചക്കന്നെ പണിക്കിറങ്ങി. അത് ഒരുവിധം മുടിച്ചപ്പോ ഈ നേരായി. ഇനി തോട്ടിലിറങ്ങി ഒന്ന് മുങ്ങിക്കുളിക്കണം. വീട്ടിൽ ചെന്ന് കഞ്ഞി കുടിക്കണം."


"നിങ്ങളെ ഞാൻ സമ്മതിച്ചു. എന്റപ്പൻ നാലടി നടന്നാൽ കിതയ്ക്കും. നിങ്ങളിപ്പഴും കൈക്കോട്ടെടുത്ത് സുഖായി കിളക്കുണ്ണൂ."

"അതിന് രണ്ടു കാരണണ്ടൂണ്ട്. നിന്റപ്പന് അന്നും ഇന്നും ചൊട്ടച്ചാണ് നീളേ ഉള്ളു. കുട്ട്യാവുമ്പോ ഞങ്ങളവനെ ചിക്കിട്ട എന്നാ വിളിക്കാറ്. അന്നും അവന് പണി ചെയ്യാൻ വയ്യ. എന്റെ കാര്യം അങ്ങനേല്ല. പണ്യെടുത്തിട്ടേ കഴിയാൻ വയ്യ. അപ്പോ പണ്യെട്ക്കാണ്ടിംകൂടി ഇരുന്നാലോ."


"നിങ്ങക്കെന്താ പൊന്നോട്ടാ ഇത്രകണ്ട് ബുദ്ധിമുട്ട്. മക്കള് മൂന്നെണ്ണൂല്യേ നിങ്ങളെ നോക്കാൻ."

"ആ കാര്യം മാത്രം പറയണ്ട. അവരുള്ളതാ എന്റെ വിഷമം. അതറിയ്യോ നിണക്ക്." പൊന്നേട്ടനെ എന്തോ വിഷമം അലട്ടുന്നുണ്ടെന്ന് കുമാരന് മനസ്സിലായി.

New Style Dresses



Gents & Ladies



Sastha Complex

**Golden Bazar**

Mananthalathazham, Kozhikode

Mob: Mohandas 9387966863

---



**വിനായക**

**വെജിറ്റേറിയൻ റെസ്റ്റോറന്റ് & കൂൾബാർ**

ശ്രീവളയനാട് ക്ഷേത്രം കിഴക്കേനട,

കോഴിക്കോട്

ഫോൺ : പപ്പൻ 8590264866

---

**ന്യൂകൃപ**

എക്സ്റെ & ലബോറട്ടറി

**വയനാട് റോഡ്, Op. ഫാത്തിമ ഹോസ്പിറ്റൽ,**

കോഴിക്കോട്

**MOB : VINODINI HARIDAS 9400592584**

---

**T. Kumaran Vaidyar's**


**JAYAPRAKASH PHARMACY**

**Malapparamba, Kozhikode - 9,**




**Kerala, India**

**Jayaprasad P.K.**




**Mob : 9447059880**

---



**DHANA LAKSHMI JEWELLERY**





**P.V.S. Shopping Complex,**

**Cheriya Mankave, Kozhikode - 7**

**Prop : M.C. Vinodkumar : Mob : 9847070204**

**Shop : 2331737, Resi : 2324410**

---

MANAMKULAM TIMBERS

Chalappuram P.O., Calicut 673 002, Kerala

Whole Sale and Retail Dealer of all Types of Timber logs & Sizes, Nilotika Sizes Available

Ph: Abdul mNazer - 9847010745

Mohemed Faizel - 9847133878

---

**P.V. ENTERPRISES**

DEALERS IN ELECTRICAL & PLUMBING MATERIALS

17/1894/A6, Abba Arcade, East Kottaparamba

G.H. Road, Kozhikode- 1

Ph : 0495 2724100, 9387338100

---

**MANAMKULAM ENTER PRISES**

Chalappuram P.O., Calicut 673 002, Kerala

Ph: **Off: 2302884, Res: 2301916, Mohemmed Ashraf - 9847755130, Faras : 8943957157, 7012461655**

WHOLESALE DEALER OF VENEER- PLY- LAM & WESTERN INDIA PLYWOOD / Dealers: Plywood, Laminated Sheets, Black Boards, Aluminium Items, Hardware, Timbers etc...

---

Highness Cool

Refrigeration & Air Conditioning

Near Post Office, Mankave, Calicut- 7

(Service for A/C, Fridge)

Washing Machine, Spray Painting, etc...

Mob : 9349810003

---

**Orange**

**men`s Beauty parlor**

**A R Complex, Mankave,**

**Kozhikode 673 007**


**Mob: 9447949402**



---

PRADEEP

**ENGINEERING AUTO MOBILES**



**Parayancheri, Kozhikode-16**

**Mob: PRADEEP - 9746648048**

**TRESSWORK, GATE, GRILL etc**

---

**CAR TECH**

**Krishnan Nair Road Junction, Karaparamba,**

**Calicut-10 Mob: Suresh Babu 9495640243,**

**Ph: 2377017, Res: 2376189**



GOVERNMENT APPROVED

**A SERVICE CENTER FOR MECHANICHAL ENGINEERING PACH WORKS & SPRAY PAINTING FOR ALL CARS & JEEP**

"എന്താ നിങ്ങടെ പ്രശ്നം. അത് പറയിൻ. എന്നാലല്ലേ അറിയുള്ളു."

"എനിക്കിപ്പൊ വയസ്സ് എഴുപത്തിരണ്ട്. പഴണനേക്കാൾ ഒരു വയസ്സ് കൂടും. പതിനെട്ട് വയസ്സ് തികയുണമുമ്പ് ഞാൻ വീട് വിട്ടതാ. ഊട്ടീല് ബേക്കറിപ്പണിക്ക് ചെന്നതാണ്. കിട്ട്യേതോ തൈലം കാച്ചല്. അതില് ഉറച്ചുനിന്നില്ല. വയസ്സ് അറുപതാവണവരെക്ക് കിട്ടുണ പണ്യോക്കെ മാറിമാറി ചെയ്തു. അതിന്റെടേലൊരു പെണ്ണ് കെട്ടി. കെട്ട്യോള് അഞ്ച് പെറ്റു. മൂത്തത് മൂന്നെണ്ണം ആണുങ്ങള്., ഒടുക്കത്തെ രണ്ടും പെണ്ണ്. അത് രണ്ടും കുട്ടീലേ പോയി."

"ഇതൊക്കെ എനിക്കറിയിണതല്ലേ പൊന്നേട്ടാ"

"ഇത് പറഞ്ഞാലേ ഇനീള്ളത് പറയാൻ പറ്റു. നിങ്ങള് പണ്യെടുത്ത് എന്താ ഉണ്ടാക്ക്യേത്ന്ന് ഭാരീം മക്കളും ചോദിക്കിണുണ്ട്. അഞ്ചില് രണ്ട് പോയാലും ബാക്കി മൂന്നെണ്ണത്തിനെ വളർത്തി വലുതാക്ക്യേത് ചില്ലറ കാര്യാണോ. മാസാമാസം ഓരോ മുട്ട സാധനങ്ങളാ ഞാനവിടന്ന് കെട്ടി ഏറ്റി കൊണ്ടുവരാ. ഒന്നിനും ഒരു കുറവ് ഞാൻ വരുത്തീട്ടില്ല. തന്നത്താൻ ഇരയെടുക്കാറായപ്പൊ മൂന്നിനേം പെണ്ണുകെട്ടിച്ചു. ഓട്ടുപുര ആണെങ്കിലും എല്ലാരുക്കും ഒന്നിച്ച് കഴിയാൻ പറ്റുണ വിധത്തില് ഒരു പത്തായപുര ഉണ്ടാക്കി പതിനഞ്ച് പറയ്ക്ക് കൃഷി വാങ്ങി. തോട്ടിന്റെ പള്ളേല് പത്തിരുപത്തഞ്ച് കായ്ക്കുണ തെങ്ങുള്ള ഒരു തോട്ടൂണ്ടാക്കി. ഇതൊക്ക്യല്ലെ, ഒരുമനുഷ്യൻ കൂട്ട്യാൽ കൂടൂ."

"അതൊന്നും അല്ലാന്ന് ആരും പറയില്ല. പിന്നെന്താ പ്രശ്നം"

"അറുപത് വയസ്സ് വരെ ഞാൻ പണ്യെടുത്തു. അപ്പഴയ്ക്കും എനിക്ക് വാതക്കടച്ചില് തുടങ്ങി. അവിടത്തെ തണുപ്പ് സഹിക്കാൻ വയ്യാണ്ടായി. നിവൃത്തീല്ലാണ്ടെ വന്നപ്പഴാ പണി വേണ്ടാന്നുവെച്ച് മടങ്ങിപ്പോന്നത്. അന്ന് തുടങ്ങ്യേതാ എന്റെ കഷ്ടകാലം. ഇപ്പൊ ഭാര്യയ്ക്കും മക്കൾക്കും ഞാനൊരു ഭാരാണ്."

"എന്താ അവര് നിങ്ങളെ വല്ലതും പറയുണുണ്ടോ?"

"പറയുണ്ടോന്നോ. മൂത്തചെക്കന് റെയിലിൽ കൊട്ടീംകൊണ്ട് കൊട്ടി നടക്കലാ പണി. എഞ്ചിനിയറാന്നാ അവന്റെ ഭാവം. വായ പൊളിച്ചാൽ അരയ്ക്ക്കീപ്പട്ടുള്ള വർത്തമാനേ കുരുത്തംകെട്ടോൻ പറയൂ. എന്താ ചെയ്യാ. ഉണ്ടാക്ക്യേ അപ്പനാണ് എന്ന നിനവ് വേണ്ടേ. അതില്ല."

"അപ്പൊ രണ്ടാമനോ"

"അവന്റെ കഥ ഇതിലേറെ വിശേഷാണ്. മരംവെട്ടലാണ് അവന്റെ പണി. കൈ നിറയെ കാശ് കിട്ടണുണ്ട്. പറഞ്ഞിട്ടെന്താ. കിട്ടുണ കാശ് അവന് കുടിക്കാൻ തികയില്ല. കള്ളും കുടിച്ച് വന്നിട്ട് മിണ്ടാതിരിക്ക്യോ. ആ പരിപാടീല്ല. അവനെത്തുമ്പഴയ്ക്കും തള്ള എന്തെങ്കിലും അവന്റടുത്ത് കൊളുത്തിക്കൊടുക്കും. അത് കേൾക്കണ്ട താമസം അവനെന്നെ തല്ലാൻ വരും."

"അതെന്താ ഭാര്യ നിങ്ങടെകൂടെ നിൽക്കാത്ത് "

"എനിക്ക് വരുമാനൂല്യാ. കയ്യിലാണച്ചാൽ പത്തുപൈസില്യാ. പിന്നെ എന്നെ ക്കൊണ്ട് അവൾക്കെന്താ പ്രയോജനം."

"എന്താ അവര് നിങ്ങളെ കുറ്റം പറയുണത്"

"ഒന്നും പറയണ്ടാ എന്റെ കുട്ട്യേ അവരുടെ നോട്ടത്തിൽ എനിക്കില്ലാത്ത കുറ്റൂല്യാ. ഒന്നിനും കയ്യില്യാ. കാര്യപ്രാപ്തീല്യാ, തിന്ന് മുടിക്കാൻ വേണ്ടീട്ട് ജീവിക്ക്യാണ് എന്നൊക്ക്യാ പറയുണ്. കണ്ടം നിരത്തീട്ട് നടാൻ പാകത്തിന് വെള്ളം കെട്ടിനിർത്ത്യേതാണ്. ഞണ്ട് കുത്തി ഓട്ടപ്പെടുത്തി അത് മുഴുവൻ ചോർന്നു. പാടം നോക്കാൻ പോണൂന്ന് പറഞ്ഞ് രാവിലീം വൈകുന്നേരവും വരമ്പത്ത് കൂടി നടന്നാ പോരാ. പോട് കുത്തീട്ടുണ്ടോന്ന് നോക്കണം. വീട്ടുകാരെ ബോധിപ്പിക്കാൻ വേണ്ടീട്ട് പണ്യെടുത്താൽ ഇങ്ങനീരിക്കുംന്ന് പറഞ്ഞ് മൂന്നാളും എന്നെ വണ്ടുംതൊണ്ടും വിളിച്ചു പറഞ്ഞു."

"കഷ്ടാണല്ലോ പൊന്നേട്ടാ നിങ്ങടെ കാര്യം"

"ഇപ്പൊ കുറെആയിട്ട് നിങ്ങക്ക് പോയി ചത്തൂടെ എന്നാ ഭാരീം മക്കളും പറയൂണത്. ചാവാൻ മടീണ്ടായിട്ടല്ല. ചെറ്യേ ചെക്കൻ അടുത്തമാസം ലീവിന് വരും. അവന്റടുത്ത് എന്താവേണ്ടേന്ന് ചോദിക്കണം. അതുവരെ കണ്ടീല്യാ കേട്ടില്യാന്ന് നടിച്ചിരിക്ക്യാ. എന്നാ എന്റെ മനസ്സ് മാവാന്ന് എനിക്കന്നെ അറിയില്ല. അന്ന് ഞാൻ ജീവിച്ചത് മതീന്ന് നിശ്ചിയിച്ചിരിക്കും. അത്രകണ്ട് വെറുത്തിട്ടുണ്ട്."

"വേണ്ടാത്തതൊന്നും ചെയ്യാൻ തോന്നണ്ട. ക്ഷമിക്കിൻ. മകൻ വരോലാ. പട്ടാളത്തിലല്ലേ അവൻ. ഇപ്പൊ എവട്യാ അവൻ ജോലി ചെയ്യുണ്"

"അതെനിക്കറിയില്ല. വടക്ക് എവട്യോ ആണ് എന്നേ അറിയൂ. എന്നെ അവന് ഇഷ്ടാണ്. ലീവിന് വന്നാൽ പോണതുവരെ അപ്പാന്നു പറഞ്ഞ് എന്റൊപ്പം ഉണ്ടാകും."

"അവന്റെ കെട്ട്യോളോ "

"അവനില്ലാണ്ട്യേ അവളിവിടെ ഇരിക്ക്യോ. അതും നല്ല സ്വഭാവുള്ള ഇവരുടെ കൂടെ. അവള് അവളുടെ വീട്ടിലാണ്. അവൻ വരുമ്പോ വരും. പോകുമ്പോ അവളും പോകും"

"ഇതൊന്നും എനിക്കറിയില്ലാട്ട്യോ"

"അതിന് നീ നാട്ടിലല്ലല്ലോ. വല്ലപ്പഴും മോട്ടോർ സൈക്കിളിൽ പോണതു കാണും. കണ്ട് വർത്തമാനം പറഞ്ഞാൽ അല്ലെ വല്ലതും അറിയൂ. നിന്റെ അപ്പന് എന്റെ സംഗതി കുറച്ചൊക്കെ അറിയും"

"മകൻ വന്നാൽ എന്തുചെയ്യാനാ നിങ്ങടെ ഉദ്ദേശം"

"എനിക്കൊന്നും അറിയില്ല കുട്ട്യേ. "

"എങ്ങനെയെങ്കിലും ഈ നരകത്തിന്നൊന്ന് രക്ഷപ്പെടണം അതേള്ളു."

"രണ്ടുമണിയോടെ ഞാൻ കോയമ്പത്തൂര്ക്ക് പോകും. രണ്ട് ദിവസം പണിയെടുത്ത് മൂന്നാം പക്കം മടങ്ങിവരും. അപ്പനെ ഡോക്ടറെ കാണിക്കാൻ പോണം. ഞാൻ മടങ്ങി പോകുമ്പം നിങ്ങള് എന്റെ കൂടെ വന്നാൽ എന്തെങ്കിലും പണ്യാക്കി തരാം. ചിലവിനുള്ള കാശ് കിട്ടും. നിങ്ങക്ക് എന്റെ കൂടെ താമസിക്കും ചെയ്യാം. എന്താ വരുന്നോ."

"ശരി. നീ വരുമ്പോ എന്നെ വന്ന് കാണ്. പറ്റിയാൽ ഞാൻ വരാം. എന്നെ കണ്ടുന്നും ഞാൻ വിവരം ചോദിച്ചൂന്നും നീ നിന്റെ അപ്പന്റെടുത്ത് പറയ്."

യാത്ര പറഞ്ഞു പോയ കുമാരൻ തിരിച്ചുവരുന്നത് കാത്തിരിക്കാനുള്ള ക്ഷമ പൊന്നനുണ്ടായിരുന്നില്ല.

"പൊന്നേട്ടൻ പോയടാ മകനേ" അവനെത്തിയതും പഴണൻ

പറഞ്ഞു. "നീ പോയ ദിവസം രാത്രി ഊക്കൻ തമ്മിൽതല്ല് ഉണ്ടായിനും ചെക്കന്മാർ അവനെ കൈവച്ചൂന്നും പുലർച്ചെ അവൻ പോയി തീവണ്ടി യുടെ മുന്നിൽ ചാടീന്നും ഒക്കെയാണ് പറഞ്ഞു കേട്ട ത്."

"എന്തിനാ തമ്മിൽതല്യേത്"

"രണ്ടാമത്തെ ചെക്കന്റെ കൊടുവാൾ എടുത്ത് പൊന്നൻ ഒരു മരത്തിന്റെ കൈക്കൊമ്പ് വെട്ടീന്നും കൊടുവാളിന്റെ വായ പോയീന്ന് പറഞ്ഞ് ആ ചെക്കൻ ലഹള കൂട്ടീന്നും പറഞ്ഞ് പറഞ്ഞ് വഴക്ക് മൂത്ത് അടിപിടിില് എത്തീന്നും ആണ് കേട്ടത്"

"ഞാനയാൾക്കൊരു ഹോട്ടലിൽ വാച്ച്മാന്റെ പണി ശെരിയാക്കീട്ട് വന്നതാ. ആഹാരും കിട്ടും. അഞ്ചുറു പ്പിക കാശും കിട്ടും. യോഗൂല്യാതെ പോയി."

"ഇനി അവന് പണീം വേണ്ട, കാശും വേണ്ട."

"നിങ്ങള് പൊന്നേട്ടനെ കാണാൻ പോയോ"

"കാണാൻ പോയില്ല. കണ്ണാക്ക് കാണാനും ഞാൻ വരണില്ല. നീ പോയീ വാ."

പഴണന്റെ വാക്കിനെ മാനിച്ച് കുമാരൻ പൊന്നന്റെ വീട്ടിലെത്തി.

"നാല് ദിവസമുമ്പ് ഞാൻ പൊന്നേട്ടനെ കണ്ടി രുന്നു"

അവൻ പര്യേതന്റെ കുടുംബാംഗങ്ങളോട് പറഞ്ഞു.

"എന്താ മൂപ്പരിങ്ങനെ ചെയ്തത്"

"ഞങ്ങളെന്താപറയാ തിന്ന് കൊഴുപ്പ് കൂടിയപ്പോ ചെയ്ത പണിയാണ്"

മരം വെട്ടുകാരനായ മകൻ പറഞ്ഞത് അവൻ കണക്കിലെടുത്തില്ല.

"നാട്ടുകാർ ആരൊക്ക്യോ ചേർന്ന് ഞങ്ങടെ പേരിൽ പോലിസിൽ പരാതി കൊടുക്കുന്നുണ്ടെന്നു കേട്ടു." മൂത്തോൻ പറഞ്ഞു.

"സംഗതി ബുദ്ധിമുട്ടാവ്വോലോ."

"എന്ത് ബുദ്ധിമുട്ട് തൂക്കി കൊല്ലാൻ ഒന്നും വിധി ക്കില്ലല്ലോ പോവാൻ പറ..."

രണ്ടാമന് ഒട്ടും പരിഭ്രമമില്ല

"ശരി. അമ്മെനെ ഒന്ന് കാണട്ടെ"

കുമാരൻ അകത്തേക്ക് ചെന്നു.

"ചാവണുന്നേരത്തും ആ പാപി മനുഷ്യൻ ചെയ്തത് നോക്കടാ വേശമകനെ" പൊന്നന്റെ ഭാര്യ പറഞ്ഞു. "ചാവണന്നുവെച്ചാൽ എന്തൊക്കെ വഴിണ്ട്. വണ്ടീടെ മുന്നിൽ ചാടി ചാവണോ. ഇറച്ചി വെട്ടികൂട്ടിയ പോലെ യായീന്നാ കേട്ടത്. വൈകുന്നേരത്തും കൂടി കല്ലിൽ ഒട്ടിപിടിച്ച ഇറച്ചി കൊത്തിതിന്നോണ്ട് കാക്കാളവടെ ഉണ്ടായീരുന്നുന്നും പറയുണു. മകന് അതിലെ കൂടി നടക്കണന്ന് ഓർമണ്ടെങ്കിൽ അയാളാപ്പണി ചെയ്യോ?"

"എന്താ മൂപ്പരിക്ക് ഇങ്ങനെ തോന്നാൻ. നിങ്ങക്ക് വല്ലതും അറിയോ"

"എപ്പോ നോക്കിയയാലും ഊട്ടീല് അതുണ്ട്, ഊട്ടീല് ഇതുണ്ട് എന്നൊരു കൂട്ടേള്ളൂ, നല്ല പ്രായ ത്തിൽ അവിടല്ലെ ആള് കഴിഞ്ഞത്. ഏതെങ്കിലും തമിഴത്തീം ആയിട്ട് മൂപ്പര് ആ കാലത്ത് ചിറ്റം കൂടി ട്ടാണ്ടാകും. ഇപ്പഴും ആ നിനവുണ്ടെങ്കിലോ."

കേട്ടതു മതിയെന്ന് കുമാരന് തോന്നി. മരിച്ചു പോയ ആളെപ്പറ്റി പറയുന്നതിന്ന് ഒരതിരുണ്ട്.

"ഞാൻ ഇറങ്ങുണൂ. പിന്നെ കാണാം" അവൻ എഴു ന്നേറ്റു.

"ഇരിക്കെടാ മകനെ, ചായ കൊണ്ടുവരുണുണ്ട്."

"ചായീം കാപ്പീം ഒന്നും ഞാൻ കുടിക്കാറില്ല" എന്നു പറഞ്ഞ് കുമാരൻ ഇറങ്ങി നടന്നു.







**ഹൈദ്രാബാദിൽ വെച്ചുനടന്ന നാഷണൽ പവർ ലിഫ്ടിംഗ് ചാമ്പ്യൻഷിപ്പിൽ M 2–66 KG വിഭാഗ ത്തിൽ 1 ഗോൾഡും, 2 സിൽവർമെഡലും കര സ്ഥമാക്കിയ അനിൽകുമാർ എം.പി. (കാലിക്കറ്റ് ബാർബൽ ക്ലബ്) / സ്പോട്സ് കൗൺസിൽ ഓപ്പൺ ജിം പരിശീലകൻ**

ലേഖനം

# നാഗപ്പാട്ട്



മഞ്ചേരി ബാലചന്ദ്രൻ



**ക്ഷേ**ത്രകാവുകളിൽ നടക്കുന്ന ഉത്സവമാണ് നാഗപ്പാട്ട്. അഥവാ സർപ്പപാട്ട്. ഓരോ വർഷവും കുംഭമാസത്തിലെ ശിവരാത്രിക്ക് മുന്നെ നാഗപാട്ട് നടത്തണമെന്നാണ് പഴയ ഐതിഹ്യം. ശിവരാത്രി കഴിഞ്ഞാൽ നാഗങ്ങൾ ഉറങ്ങുമെന്നാണ് അറിയപ്പെടുന്നത്. എന്നാൽ കഴിഞ്ഞ രണ്ടു വർഷമായി കൊറോണ മഹാമാരിയുടെ ഭീതിയും, ആകാംക്ഷയും മൂലം ശിവരാത്രി കഴിഞ്ഞിട്ടും പലസ്ഥലങ്ങളിലെ കാവുകളിൽ നാഗപ്പാട്ട് നടന്നതായി പത്രവാർത്തകളുണ്ടായിരുന്നു.



പഴയ കുടുംബങ്ങളിലെ കാവുകളിൽ മുടങ്ങാതെ നാഗപ്പാട്ട് നടത്തുന്നവരുമുണ്ട്. സർപ്പപ്രീതിക്കും വേറൊരു വിധത്തിൽ സർപ്പബലിക്കും കുടുംബത്തിലെ ഐശ്വര്യത്തിനും സന്താനസൗഭാഗ്യത്തിനും മാറാവ്യാധികൾ വരാതിരിക്കാനും പ്രാർത്ഥിക്കുന്നവരുമുണ്ട്. നാഗ കന്യകമാരെ വിളിച്ചുണർത്തി അഭീഷ്ടകാര്യങ്ങൾ പ്രാർത്ഥന ഫലത്തിലൂടെ നേടുകയാണ് ഉദ്ദേശം.

പാരമ്പര്യമായി നാഗപ്പാട്ട് നടത്തുന്നത് പട്ടികജാതിയിൽപെട്ട പുള്ളുവന്മാരാണ്. ഓരോ വർഷത്തിലും പ്രസ്തുത പാട്ട് നടത്തുന്നവർ അവരുടെ കുടുംബത്തിലെ പുള്ളുവനും അയാളുടെ കൂടെ പുള്ളുവത്തിയും കൂടെ സഹായികളായി മറ്റു അംഗങ്ങളും ചേർന്നാണ് പരിപാടിയിൽ പങ്കെടുക്കുന്നത്. പുള്ളുവകുടവും വീണയും ഇലത്താളവുമാണ് നാഗപ്പാട്ട് പരിപാടിയിലെ സംഗീത സാന്ദ്രമായ വാദ്യങ്ങളായി അറിയപ്പെടുന്നത്.



പാട്ട് നടക്കുന്ന മുറ്റം മെഴുകി വൃത്തിയാക്കി, സന്ധ്യ കഴിഞ്ഞാൽ നാല് ദിക്കിലുമുള്ള പന്തലിന് ചുറ്റും കുരുത്തോല തൂക്കി, നാഗങ്ങളിലെ രൂപം പച്ചപ്പൊടി, ചുവപ്പ്പൊടി, മഞ്ഞൾപ്പൊടി, അരിപ്പൊടി, ഉമിക്കരി എന്നീ വർണ്ണങ്ങൾ കൊണ്ട് കളം വരക്കുന്നു.

# നക്ഷത്രരാജ്യം ത്രൈമാസിക മാനേജ്മെന്റ് "ത്രൈമാസിക" നേരിട്ട് സപ്ലൈ ചെയ്യുന്ന കോഴിക്കോട് സിറ്റി, കൊയിലാണ്ടി, മഞ്ചേരിയിലെ പ്രധാനപ്പെട്ട കടകൾ

*ശാസ്താസ് ബുക്ക്സ് & സ്റ്റേഷനറി*
(Near K.S.R.C stand)
സിറ്റി ടവറിന് എതിർവശം
മാവൂർറോഡ്, കോഴിക്കോട്.

*ക്വാളിറ്റി സ്റ്റേഷനറി*
7/940,കോർട്ട് റോഡ്
രണ്ടാം റെയിൽവേ ഗേറ്റിന് സമീപം
കോഴിക്കോട്- 673001
ഫോൺ: 2721358

*കെ.ആർ. ബ്രദേഴ്സ്*
എസ്.എം. സ്ട്രീറ്റ്
കോഴിക്കോട്- 673001, ഫോൺ: 2720565

*മലബാർ സ്റ്റേഷനറി,*
(മിംസ് ആശുപത്രിയ്ക്ക് എതിർവശം)
കോഴിക്കോട്

*അസീസ് സ്റ്റേഷനറി*
*കൊയിലാണ്ടി ബസ്സ്റ്റാന്റ്. കോഴിക്കോട്,*

*നെല്ലിക്കുത്ത് ബുക്ക് സ്റ്റാൾ*
(Op) ന്യൂ ബസ്സ് സ്റ്റാന്റ്, മഞ്ചേരി,
ഫോൺ: 9946628758

*ശ്രീദേവി ബുക്ക്സ & പേപ്പേഴ്സ്,*
(കോടതിക്കടുത്ത്), കച്ചേരിപ്പടി
മഞ്ചേരി, ഫോൺ:

*കെ. ആർ. കൂൾബാർ*
(കരിമ്പ് ജ്യൂസ് കട), പഴയ ബസ്സ് സ്റ്റാന്റ്
മഞ്ചേരി ഫോൺ: 9946999413

*ഗുഡ്ലൈൻ ബേക്കറി*
(കോയാസ് പോസ്പിറ്റലിനു മുൻവശം)
(കോഴിക്കോടചെറുവണ്ണൂർ)

*അക്ഷര ബുക്ക്സ്* (രാമനാട്ടുകര)

*കുട്ടിയാപ്പു സ്റ്റേഷനറി* (രാമനാട്ടുകര)

*ചന്ദ്രൻ സ്റ്റേഷനറി* (ഫറോക്ക്)

**MEGHA BOOKS,**
**N.G.O. QUATERS (KOZHIKODE)**

*ശ്രീൻ സ്റ്റോർ* (അത്താണിക്കൽ)

*ഇ.എൻ. ജി. സ്റ്റോർ* (പന്തീരാങ്കാവ്)

*കൃഷ്ണൻക്കുട്ടി സ്റ്റേഷനറി* (പൊറ്റമ്മൽ)

*വാസു സ്റ്റേഷനറി* (മാങ്കാവ്)

*കെ. ജയരാജൻ സ്റ്റേഷനറി* (കാളൂർറോഡ്)

*ഫ്രണ്ട്സ് സ്റ്റേഷനറി* (കാളൂർറോഡ്)

*പ്രമീള സ്റ്റോർ* (കോന്തനാരി)

*കേരളാ സ്റ്റോർ,* 6–ാം മൈൽ, (വെള്ളിപറമ്പ്)

*വി.കെ.ബി. സ്റ്റോർ* (വെസ്റ്റ്ഹിൽ ചുങ്കം)

*ചുങ്കം സ്റ്റേഷനറി* (വെസ്റ്റ്ഹിൽ ചുങ്കം)

*രാമചന്ദ്രൻ സ്റ്റേഷനറി* (പുതിയപാലം)

*ധർമ്മരാജ് സ്റ്റേഷനറി* (പുതിയപാലം)

*സുരഭി സ്റ്റേഷനറി* *(ഒളവണ്ണ ബസാർ)*

*രാമകൃഷ്ണൻ സ്റ്റേഷനറി* (നിയർ അപ്സര തിയേറ്റർ ടിക്കറ്റ് കൗണ്ടർ), (കോഴിക്കോട്)

*രാമദാസ് സ്റ്റോർ,* കല്ലായി റോഡ്,
(നിയർകല്ലിക്കോട്ടെ ഫണ്ട്സ്, (കോഴിക്കോട്)

*ടി.പി സ്റ്റോർ,* (ശാരദമന്ദിരം)

*സാഗരൻ സ്റ്റേഷനറി,* (ഈസ്റ്റ് നടക്കാവ്)

*കവിത സ്റ്റോർസ്,* ദേവഗിരി ബിൽഡിംഗ്,ഫോൺ:
04952355921 (കാലിക്കറ്റ്മെഡിക്കൽകോളേജ)

*നാരായണൻ ബുക്ക് സ്റ്റാൾ,* (ഇംഗ്ലീഷ് പള്ളി)

*ബേബി സ്റ്റേഷനറി* (കാരന്തൂർ)

**IDE @ STORE** പറമ്പിൽബസാർ, കോഴിക്കോട്
**Phone: 9495979790, 9497209610**

നാഗപ്പാട്ടിലെ പ്രധാന കലാകാരൻ പുള്ളുവനും തുടർന്ന് കൂടെയുള്ളവരുമാണ്. കുടംകൊട്ടി പാട്ട് ആരംഭിച്ച് കഴിഞ്ഞാൽ പരിസരം സംഗീത സാന്ദ്രമായ അന്തരീക്ഷമാകുന്നു. പാട്ടിന്റെ ഈരടികൾ ഉച്ചസ്ഥായി ആകുന്നതോടെ ഈരംഗം കണ്ട് കൊണ്ടിരിക്കുന്ന കാണികളിലെ പെൺകുട്ടികളും മുതിർന്നവരുമായ സ്ത്രീകൾ നാഗകന്യകമാരായി തുള്ളികളത്തിൽ പ്രവേശിച്ച്, കുരുത്തോല പറിച്ച് "വന്ന കാര്യം" ഉച്ചത്തിൽ പറയുന്നു. അപ്പോൾ കളത്തിൽ



വന്നത് ഏത് നാഗകന്യകയാണെന്ന് പള്ളുവൻചോദിക്കുന്നു. മറുപടിയായി, സ്ഥലത്തെ കാവിലെ നാഗത്തിന്റെ പേര് പറയുന്നു. തുടർന്ന് നാഗകന്യക്മാരും പുള്ളുവനും പരസ്പരം ചോദ്യങ്ങളും മറുപടിയുമായി രംഗം തുടരുന്നു....

കുറച്ച് കഴിഞ്ഞ നാഗകന്യകമാർ കളം മായ്ച്ച് കഴിഞ്ഞ് കുളിക്കാൻ പോവുകയും തുടർന്ന് അടുത്ത പരിപാടിയായി"കളത്തിൽ കമ്മളായി " മറ്റൊരു കലാകാരൻ വരുകയും കാവിലെ ദൈവങ്ങളായി നിലകൊള്ളുന്ന ചിത്രോട് കല്ലുകൾ വലം വെച്ച് കുടുംബത്തിലെ കാരണവരും മറ്റ് പരിവാരങ്ങളും മറ്റ് ദേവ





സ്ഥാനങ്ങൾ ചുറ്റി കളത്തിന്റെ കിഴക്ക് ഭാഗത്ത് ദീപങ്ങൾ വെച്ച് തൊഴുത് പിൻവാങ്ങുന്നു...

സർപ്പകാവിൽ എപ്പോഴും ശീതളച്ഛായ നില നിർത്താൻ ഏഴിലം പാലയുണ്ട്. ഏഴിലം പാലക്കും ഒരു ഐതിഹ്യമുണ്ട്. യക്ഷിയും ഗാന്ധർവ്വനും ഏഴിലം പാലയുടെ നിഴലിൽ വസിക്കുന്നുയെന്ന് പഴമക്കാർ പറയുന്നു. പലരും യക്ഷിക്കഥയോർത്ത് ഭയപ്പെടുന്നു. പ്രായം ചെന്നവർ ചെറിയ കുട്ടികളോട് ഗാന്ധർവ്വ-യക്ഷികഥകൾ പറയുമ്പോൾ കുട്ടികൾക്ക് കൗതുകമുണ്ടാകുന്നു.

കാവുകൾ സംരക്ഷിക്കാൻ വേണ്ടി ഗവർമെന്റ് സാമ്പത്തിക സഹായം ഫോറസ്റ്റ് വകുപ്പിന്റെ കീഴിൽ ചെയ്യുന്നുണ്ട്. ഓരോ ജില്ലകളിലെ കാവുകളെ സംബന്ധിച്ച് കണക്കുകൾ ശേഖരിക്കുന്നുമുണ്ട്. കാവുകളുടെ വിസ്ത്രിതിയും സ്ഥലത്തിന്റെ കിടപ്പും കൊണ്ട് ഗവർമെന്റ് നിർണയിക്കുന്ന സ്ഥലം പരിപൂർണമാകാത്തതിനാൽ ഗവർമെന്റ് കണക്കിൽ സ്ഥലവാസികൾക്ക് അപേക്ഷകൊടുക്കാൻ കഴിയാതെ വരുന്നു. ഇത്തരം അപാകത പരിഹരിക്കേണ്ടതുണ്ട്.

കേരളത്തിൽ മലപ്പുറം ജില്ലയിലെ തൂത, മണ്ണാർക്കാട്, ഒറ്റപ്പാലം, ആനമങ്ങാട്, ചെർപ്പുളശ്ശേരി തുടങ്ങിയ സ്ഥലങ്ങളിൽ പുള്ളുവൻ കലാകാരന്മാർ സ്വന്തം കലാരംഗമായി നാഗപ്പാട്ട് നടത്തിവരുന്നു. നാഗപ്രതിഷ്ടക്ക് പ്രസിദ്ധമാണ് കേരളത്തിലെ മണ്ണാശാല നാഗക്ഷേത്രവും കണ്ണൂരിലെ പെരളശ്ശേരിയിലെ നാഗക്ഷേത്രവും.

വർഷങ്ങൾക്ക് മുമ്പ "പുള്ളുവൻ" എന്ന പേരും "പുള്ളുവൻ" യെന്ന പേരിലുമുള്ള ഒരു സമുദായ കേസ്സ് കേരള ഹൈക്കോടതിയിൽ ഉണ്ടായിരുന്നു. വള്ളുവൻ എന്നത് ഒരു "ജാത" പേരെല്ലെന്നബഹുമാനപ്പെട്ട കോടതി വിധിച്ചതോഞ്ഞെത് ഒരു പട്ടിക ജാതി സമുദായത്തിന്ന് വളരെ ആശ്വാസമായി. ○

**DINESH K.T.**

**Ph: 0495 2702176**
**Mob: 9946309061**
**9387425579**

**നീലഗിരി പൂജാസ്റ്റോർ**

**എ.വി.എസ്. പൂജാസ്റ്റോർ**

**തളി റോഡ്, പാളയം, കോഴിക്കോട് - 673002**

എല്ലാവിധ പൂജാസാധനങ്ങളും ഇവിടെ ലഭിക്കുന്നതാണ്.

# ജനനി



**സ്റ്റുഡിയോ & വീഡിയോ**

ഒളവണ്ണ, കോഴിക്കോട്

**Mob: N.M. Mohandas**
**9495050499**

Passport photos, Enlargements,
Wedding Album,
Video Coverage and Outdoor functions



## Yes Key Electricals & Engineering Works

**Puthiyapalam, Calicut**

Repair of: Motor Rewinding,
Welding Set, Step-Up, Battery Charges,
Mixie, Fan, Cikreema Rectifiers etc

**കൂടാതെ എല്ലാവിധ**
**ഇലക്ട്രിക്ക് ഉപകരണങ്ങളും**
**റിപ്പയർ ചെയ്തുകൊടുക്കുന്നു.**

NB: **വെൽഡിങ് മെഷീൻ വാടകയ്ക്ക് കൊടുക്കുന്നതാണ്.**

K.P. Sunil Kumar Mob: 9847390950
Ph: 8921569540, Resi: 9048594525

# HASBI

## TOURS & TRAVELS



**Meenchanda**
**Areekad**
**Calicut-27**

**Mob: SAHIR**
**9895 999 100**
**9349 666 100**



ആശംസകളോടെ...




# ആത്മപ്രഭാലയ



## ബനാന ചിപ്സ് സെന്റർ

**കളിപ്പൊയ്ക, പി.ഒ. കോട്ടൂളി, കോഴിക്കോട്–16**

**എം. മോഹൻദാസ് : ഫോൺ: 9744960052**



ഓം നഃമ ശിവായ

ആത്മപ്രഭാലയ ജപ ധ്യാന പരിശിലന സമിതി

# ക്ഷേത്രവും ക്ഷേത്രത്തിന്റെ ഉദ്ദ്യേശവും എന്ത്



എം. മോഹൻദാസ്
ആത്മപ്രഭാലയ ബനാന ചിപ്സ്
കളിപൊയ്ക, കോട്ടൂളി.
ഫോൺ: 9744960052



**ജീ**വിതം എന്താണെന്നും, ജീവിതം ഏത് രീതിയിൽ നിയന്ത്രണമായ രീതിയിൽ ജീവിക്കണമെന്നും അറിയുവാനുള്ള ഉപാധിയാണ് ക്ഷേത്രം.

ഈ ജഗത്ത് (ഈ പ്രപഞ്ചം/ഈ ഭൂമി/ ഈ ലോകം)ത്ത് സത്യവും അസത്യവും തുല്യമാണ്. അതുകൊണ്ട് സത്യവും, അസത്യവും തിരിച്ചറിയണമെങ്കിൽ ആചാരങ്ങളും അനുഷഠാനങ്ങളും അനിവാര്യമാണ്. സത്യം എന്നതുകൊണ്ട് ഉദ്ദ്യേശിക്കുന്നത് ശക്തിയെയാണ്. ഈശ്വരൻ എന്നും പറയാം. ഈ ശക്തി എങ്ങിനെ നിലകൊള്ളുന്നു എന്നു ആർക്കും പറയുവാൻ സാധ്യമല്ല. കാരണം സത്യത്തിന് രൂപമില്ല. നാമമില്ല.

പിന്നെ എങ്ങിനെ നമ്മൾ സത്യത്തെ തിരിച്ചറിയും?...

സത്യത്തെ അറിയണമെങ്കിൽ അറിവുണ്ടാകണം. അറിവുണ്ടാകണമെങ്കിൽ മനസ്സ് ശാന്തമാകണം. മനസ്സ് ശാന്തമാകണമെന്നുണ്ടെങ്കിൽ അനുഷ്ഠാനം ഉണ്ടാകണം.

ദശാബ്ദങ്ങൾക്കു മുൻപ് നമ്മുടെ ഭരണാധികാരികൾ സത്യത്തിലും ധർമ്മത്തിലും നീതിയിലും നിഷ്ഠയിലും വിശ്വാസമുള്ളവരായിരുന്നു. കാലക്രമത്തിൽ ഭരണാധികാരികൾ സത്യത്തിലും ധർമ്മത്തിലും നീതിയിലും നിഷ്ഠയിലും വിശ്വാസമില്ലാത്തവരാകുകയും തൻമൂലം ഭരണാധികാരികളും ജനങ്ങളും സ്വാർത്ഥതക്കും അഹങ്കാരത്തിനും അക്രമത്തിനും വിധേയനാകുകയും ചെയ്തു.

ജീവിതം നിലനിൽക്കണമെങ്കിൽ ആഹാരം വേണം. ആഹാരത്തിനുള്ള കൃഷിഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്ന സ്ഥലങ്ങൾ, വയലുകൾ, നെൽപ്പാടങ്ങൾ തുടങ്ങിയവ ഷോപ്പിംങ്ങ് മാളുകളും, പാർപ്പിടങ്ങളും (ഫ്ളാറ്റുകൾ, വില്ലകൾ) റോഡുകളുമാക്കിയാൽ, ഭാവിയിൽ ഭൂമിയിൽ ജീവിക്കുന്ന മർത്ത്യർക്കും ജീവജാലങ്ങൾക്കും എന്ത് സംഭവിക്കും. ഇന്ന് നമ്മൾ ഇത്തരം പ്രവർത്തികളുടെ കെടുതികൾ അറിയുന്നില്ല. അല്ലെങ്കിൽ ഭാഗികമായേ അറിയുന്നുള്ളു എന്നു ആലങ്കാരികമായി പറയാം. ഭാവിയിൽ ഭക്ഷണവും വെള്ളവുമില്ലാത്ത രാജ്യമായി, രാജ്യങ്ങളെല്ലാം മാറും. അങ്ങിനെ സംഭവിക്കാതിരിക്കണമെങ്കിൽ രാജ്യങ്ങളിലും സംസ്ഥാനങ്ങളിലും സത്യവും, ധർമ്മവും, നീതിബോധവും ഉള്ള ഭരണാധികാരികൾ ഉണ്ടാവണം.

ഒരു കാലത്ത് സത്യവും ധർമ്മവും നീതിബോധവുമുള്ളവരുടെ കൈകളിലായിരുന്നു ഭരണചക്രം.

ഭൂരിപക്ഷത്തെ ആശ്രയിച്ച് ഭരണം മുന്നോട്ടുപോയാൽ ബഹുഭൂരിപക്ഷം ജനങ്ങളും, സ്വാർത്ഥതക്കും വ്യാമോഹത്തിനും അധർമ്മത്തിനും അഹങ്കാരത്തിനും അക്രമത്തിനും അനീതിക്കും അടിമപ്പെട്ടവരായിരിക്കും. ഇന്നത്തെ ഈ ദുസ്ഥിതിക്ക് ഒരു പരിതിവരെ കാരണവും ഇതുതന്നെയാണ്.

ഈ സ്ഥിതിയിൽ നിന്നു മോചിതരാകണമെങ്കിൽ സത്യവും ധർമ്മവും നീതിയും തിരിച്ചറിയണം.

ഇതിന് മനുഷ്യന് എന്ത്ചെയ്യാൻ സാധിക്കുമെന്നള്ളതിനുള്ള ഉത്തരം;

"മരണംവരെ ജീവിക്കേണ്ടത് മനഷ്യനാണ്. ഭൂമിയിൽ ജനിക്കാനും ജീവിക്കാനും മനുഷ്യന് അവകാശമുണ്ട്" ഈ ബോധത്തിലേക്കുണരുവാനുള്ള മന്ത്രജപങ്ങളാണ് മനുഷ്യർക്കുള്ള ലളിതമായ മാർഗ്ഗം.

ക്ഷേത്രങ്ങളിൽ കൂടി മാത്രമേ ഇതിനൊരു പരിഹ്വാരം ഉണ്ടാക്കുവാൻ സ്സാധിക്കുകയുള്ളു.

"പ്രാർത്ഥനാ ഹോൾ "എന്ന രൂപത്തിൽ രണ്ടോ മൂന്നോ മണിക്കൂർ ക്ഷേത്രങ്ങളിൽ നാമം ജപിക്കുവാനുള്ള സാഹചര്യം ഉണ്ടാക്കുവാൻ ഭക്തന്മാരായ ജനങ്ങളും ക്ഷേത്രഭാരവാഹികളും ഉത്സാഹിച്ചാൽ ശാന്തിയും സമാധാനവും ഉള്ള ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കുവാൻ ക്ഷേത്രങ്ങളിൽ കൂടി സാധിക്കും എന്നാണ് എന്റെ അറിവിൽ നിന്ന് എനിയ്ക്ക് ബോധ്യമുള്ളത്.

ഈ ലോകം ഒരിക്കലും അവസാനിക്കുന്നില്ല. ജീവിതം എന്താണെന്ന് അറിയാത്തവരുടെ സൃഷ്ടിയാണ് ലോകാവസാനം. ഇവിടെ സംഭവിക്കുന്നത് രാജ്യത്തിന്റെ നിയന്ത്രണത്തിൽ വരുന്ന മാറ്റങ്ങളാണ്. ജീവിക്കുന്നതും മരിക്കുന്നതും നമ്മളാണ്. ജീവിക്കവാൻ വേണ്ടതായ സാഹചര്യം സൃഷ്ടിക്കേണ്ടതും നമ്മളാണ്. ഈശ്വരൻ എന്ന ശക്തി ആരെയും പ്രത്യേകമായി പരിഗണിക്കകയോ താല്പര്യപ്പെടുകയോ ചെയ്യുന്നില്ല. അത് നിഷ്പക്ഷമാണ്.

ഏതൊരു മനുഷ്യന്റെയും അവസ്ഥ കാമം ക്രോധം വ്യാമോഹം അഹങ്കാരം ലോഭം എന്നിവ ഉൾക്കൊള്ളുന്നതാണ്. ഇത്തരം മാനസികാവസ്ഥയെ നിയന്ത്രിക്കാൻ പഠിച്ചാൽ ഏതൊരു മനുഷ്യനും നല്ലവനാകാം.

ഗുരുദേവ സ്മൃതിയിൽ സഹകരിക്കുവാനും സംഘടിക്കുവാനും താല്പര്യമുള്ളവർ ബന്ധപ്പെടുക

മനസ്സിന്റേയും ശരീരത്തിന്റേയും
ആരോഗ്യം ഉറപ്പുവരുത്താം

കളരി മർമ്മ ഉഴിച്ചിൽ
കർക്കിടക ചികിത്സ




<> നാഡി ഞരമ്പുകൾക്ക് ഉത്തേജനം ലഭിക്കുന്നു <> വാത രോഗങ്ങൾക്ക് ശമനം ലഭിക്കുന്നു <>
<>ശരീരത്തിലെ രക്ത സഞ്ചാരം ക്രമപ്പെടുത്തുന്നു <> നല്ല ഉറക്കം ലഭിക്കുന്നു<>
<>മേദസ്സിനെ ക്രമീകരിക്കുന്നു<>വ്യായാമം ചെയ്യാത്തവർക്കും വ്യായാമത്തിന്റെ ഫലം ലഭിക്കുന്നു<>



AM Shamsu Gurukkal's
SHIFA
Ayurvedic Pharmacy
CHOORAKKODI KALARI SANGAM
TREATMENTS 9947640634

CKS


ചികിത്സക്കും ആയുർവ്വേദ ഔഷധങ്ങൾക്കും







കൊടാപ്പള്ളി ആയുർവ്വേദ ഫാർമസി
Agency : KACOPS, KOTTOOLI
Mob : 9747868041, 9995386888
29/1552 A2, KOTTOOLI CENTERE
KOZHIKODE - 16





പ്രമുഖ ആയുർവേദ കമ്പനികളുടെ മരുന്നുകളും - തറിമരുന്നുകളും
പ്രസവാനന്തര ഔഷധങ്ങളും ഇവിടെ ലഭ്യമാണ്

GLAMOUR GENTS WEAR



Whole Sale & Retail



Mankave,
Calicut - 7






Mob: 9847756569, 8891901404

Pants, Jeans, Shirt, T. Shirts etc...

ചെറുകഥ



# ഒരു കുടക്കീഴിൽ

സ്മിത എം.കെ.



**നീ**ലാഞ്ചനം കലാസാംസ്ക്കാരിക കൂട്ടായ്മയുടെ നേതൃത്വത്തില് എഴുത്തുകാരൻ അജയന് സ്വീകരണം. യമുന ഒന്നുകൂടി പത്രത്തില് കണ്ട വാർത്ത വായിച്ചു. കണ്ണിന് അൽപം കാഴ്ച കുറഞ്ഞെങ്കിലും, പ്രായം വാർദ്ധക്യത്തില് എത്തി ചേർന്നെങ്കിലും യമുനയുടെ ഓർമ്മകള് ഒരിക്കലും മങ്ങിയിരുന്നില്ല. അച്ഛനും അമ്മയും അനിയനും അടങ്ങുന്ന നല്ലൊരു കുടുംബമായിരുന്നു യമുനയുടേത്. കാണാനും സുന്ദരി. സാമാന്യ വിദ്യഭ്യാസവും. എല്ലാം ഉണ്ടായിരുന്നിട്ടും വിധി എല്ലായിടത്തും അവൾക്ക് എതിരായിരുന്നു. ഒരു ജോലിക്കായി മുട്ടാത്ത വാതിലുകളില്ല. എല്ലാ വാതിലുകളും അവൾക്കുമുൻപിൽ കൊട്ടി അടക്കപ്പെട്ടു. അച്ഛന്റെ ആകസ്മിക മരണം അവളെ വല്ലാതെ തളർത്തി. അമ്മ അസുഖബാധിതയായി കിടപ്പിലായി. സഹോദരങ്ങള് പഠിച്ച് നല്ല നിലയിലായപ്പോള് യമുന അവർക്ക് അധികപ്പറ്റായി മാറി. കിടപ്പിലായ അമ്മയെയും പരിചരിച്ച് യമുന ജീവിതം തള്ളിനീക്കുന്നു. ഏതു പ്രതിസന്ധിഘട്ടങ്ങളിലും തരണം ചെയ്ത് മുന്നോട്ട് നീങ്ങാൻ യമുനയ്ക്ക് പ്രചോദനമാകുന്നത് തന്റെ കൊച്ചു റേഡിയോ മാത്രമാണ്. അതില് വരുന്ന എല്ലാ പ്രോഗ്രാമുകളും മുടങ്ങാതെ കേൾക്കും. യമുന തികഞ്ഞ റേഡിയോ ശ്രോതാവായി മാറുകയായിരുന്നു. എല്ലാ ആഴ്ചകളിലും കേൾക്കുന്ന യുവവാണിയിൽ അജയന്റെ കഥകൾ കേൾക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ എല്ലാ കഥകളും ഗ്രാമീണ പശ്ചാത്തലത്തില് വിരിഞ്ഞവയും. തന്റെ ജീവിതാനുഭവങ്ങളുമായി ഒരുപാടുസാമ്യമുള്ള കഥാപാത്രത്തെ യമുന അജയൻ എന്ന എഴുത്തുകാരന്റെ കഥകളിലൂടെ കണ്ടു. പിന്നീട് അങ്ങോട്ട് അജയൻ എഴുതിയ ഒട്ടുമിക്ക നോവലുകളും ചെറുകഥകളും യമുന വായിക്കാൻ ഇടവരുന്നു. കത്തുകളിലൂടെ വിമർശനങ്ങളും അഭിപ്രായങ്ങളും അറിയുക്കുക പതിവായി. കൂടാതെ തികഞ്ഞ ഒരു കൃഷ്ണഭക്തയും കൂടിയാണ് യമുന. ഭഗവാന് തന്നോടുള്ള ഇഷ്ടകൂടുതല് കൊണ്ടാണ് തന്നെ ഇങ്ങനെ ഇട്ട് കഷ്ടത്തിലാക്കുന്നത് എന്നാണ് യമുനയുടെ പക്ഷം. അമ്മയുടെ മരണം കൂടി അയപ്പോള് യമുന നന്നേ ഒറ്റപ്പെട്ടതുപോലെ ആയി. തന്റെ മനസിനെ ശാന്തമാക്കാൻ യമുന കണ്ടെത്തിയ ഏക മാർഗ്ഗം പുസ്തകപാരായണം ആയിരുന്നു.

പതിയെ പതിയെ ചെറിയ കഥകള് യമുന എഴുതാൻ തുടങ്ങി. മാനത്ത് പുഞ്ചിരി തൂകിനില്ക്കുന്ന നക്ഷത്രങ്ങളെപ്പോലെ നിലാകോടി ഉടുത്തു നില്ക്കുന്ന വെണ്ണിലാവുപോലെ യമുനയുടെ മനസ്സും പ്രകാശപൂരിതമായി. “ചില്ലുകൊട്ടാരം” എന്ന കൃതിക്ക് കേരള സർക്കാരിന്റെ ഒരു അവാർഡും യമുനക്ക് ലഭിച്ചു. ഇതിനെല്ലാം പ്രചോദനമായത് തന്റെ കൂടപ്പിറപ്പിറപ്പ്പോലെ താൻ കൊണ്ട് നടക്കുന്ന റേഡിയോയും തന്റെ പ്രിയ സുഹൃത്തും വഴികാട്ടിയും ആയ അജയൻ എന്ന എഴുത്തുകാരന്റെ സ്നേഹം പതിച്ചെടുത്ത ആ മനസ്സും ആണ്.

ജീവിത്തതില് ഒറ്റപ്പെട്ടുപോയ പല സന്ദർഭങ്ങളിലും അജയൻ എന്ന എഴുത്തുകാരൻ യമുനയുടെ ജീവിതത്തെ വല്ലാതെ സ്വാധീനിച്ചിട്ടുണ്ട്. “യമുനമ്മ എന്താ ആലോചിക്കുന്നത്.” നന്ദന വന്ന് പുറത്ത് തട്ടി വിളിച്ചപ്പോളാണ് യമുന ചിന്തയിൽനിന്നുണർന്നത്. ആരോരുമില്ലാത്ത തനിക്ക് “രാരീരം” എന്ന റേഡിയോ കൂട്ടായിമയിലൂടെ സ്നേഹത്തിന്റെ പളുങ്കുപാത്രം പോലെ കിട്ടിയതാണ് നന്ദനയെ. സ്വന്തമല്ലെങ്കിലും നന്ദന യമുനക്ക് മകളാണ്. രാരീരം എന്ന സ്നേഹ വന്ദനം നടത്തികൊണ്ടുപോകുന്നത് നന്ദന എന്ന വിദ്യാർത്ഥിയാണ്.

“മോളെ നിയത് കണ്ടോ അജയന് നമ്മുടെ നാട്ടില് സ്വീകരണം” യമുന പറഞ്ഞു.

“എവിടെ എവിടെ നോക്കട്ടെ” നന്ദന ഉദ്വേഗഭരിതയായി. നന്ദനക്ക് സന്തോഷം പറഞ്ഞറിയക്കാതിരിക്കാൻ ആയില്ല. എല്ലാ കാര്യവും യമുന പറഞ്ഞ് നന്ദനക്ക് അറിയാം.

“യമുനമ്മ സന്തോഷമായിരിക്ക് നമുക്ക് അജയൻ സാറിനെ കാണാൻ പോകണം.” നന്ദന പറഞ്ഞു.


“നമ്മളെ കണ്ടാൽ ആജയന് അറിയുമോ ആവോ ഇപ്പോള് വലിയ ആളായില്ലെ. പിന്നെ വർഷം പത്ത് പതിനെട്ടായില്ല തമ്മില് കണ്ടിട്ട്. കുടുംബവും കുട്ടികളുമായി സന്തോഷമായി ജീവിക്കായാകും പാവം. ഇത്രയധികം സ്നേഹം യമുനമ്മയുടെ മനസ്സില് അജയൻ സാറിനോട് ഉണ്ടായിരുന്നെങ്കില് പണ്ടേ തുറന്നു പറയാമായിരുന്നു.” നന്ദന പറഞ്ഞു.

“ദൈവ നിയോഗം ഇതായി


## സി. എം. എസ്. ഗ്ലാസ്സ്, പ്ലൈവുഡ് & ഫർണീച്ചർ

**അർപ്പണ സെന്റർ, കോവൂർ, കോഴിക്കോട്**

ഫോൺ: 0495 2353022, സി.എം. സുന്ദരൻ – 9388412430










ഗ്ലാസ്സ്, പ്ലൈവുഡ്, ഫർണീച്ചർ, ഫൈബർ ഡോർ,
*ഗ്ലാസ്സ് ബെന്റിങ്ങ്, കളറിംഗ്, ബവലിംഗ്, എച്ചിംങ് വർക്സ്*
ഹാർഡ് വേർ, കിച്ചൻ ക്യാബിനറ്റ്, *അക്വേറിയം,*

## സി.എം.എസ്. ഫർണീച്ചർ

തൊടിയിൽ ബിൽഡിംഗ്, പൊറ്റമ്മൽ , കോഴിക്കോട് 673 017

ഫോൺ: സി.എം. സുന്ദരൻ 9388412430






**0% - Intrest Bajaj Finance**


BAJAJ FINSERV

പലിശ രഹിത വായ്പാ സൗകര്യം


സോഫസെറ്റ് – 14500 രൂപ മുതൽ
കട്ടിൽ & ബെഡ് – 16000 രൂപ മുതൽ
ബെഡ്റൂം സെറ്റ് – 33900 രൂപ മുതൽ
ഡൈനിംഗ് ടേബിൾ &
6 Nos ചെയർ (Wooden) 21900 രൂപ മുതൽ








## ശാരദ
### ഇൻഡസ്ട്രിയൽസ്






കാളൂർറോഡ്, മാങ്കാവ്, കോഴിക്കോട് 673 007

**Mob : 9846412070**




എല്ലാവിധ ഇൻഡസ്ട്രിയൽ ജോലികൾക്കും സമീപിക്കുക





## Green Petals
GARDEN



**പുഷ്പ–ഫല കാർഷിക വിപണന കേന്ദ്രം**

പറമ്പിൽ കടവ്, കോഴിക്കോട്, ഫോൺ: 8086053026, 8136974090

ഗുണമേന്മയും അത്യുല്പാദനശേഷിയുമുള്ള എല്ലാവിധ ഫലവൃക്ഷതൈകൾ (ബഡ്ഡിംഗ് ), അലങ്കാര സസ്യങ്ങൾ, പുഷ്പ സസ്യങ്ങൾ, ഇഡോർ പ്ലാന്റുകൾ, ഔഷധ സസ്യങ്ങൾ, പലതരം പോട്ടുകൾ, എന്നിവ വളരെ വിലക്കുറവിൽ ലഭിക്കുന്നതാണ് കൂടാതെ ലോൺ വർക്കുകൾ, ഗാർഡൻ വർക്കുകൾ എന്നിവ ഉത്തരവാദിത്വത്തോടെ ചെയ്തുകൊടുക്കുന്നതാണ്.

രിക്കും മോളെ അത് നമ്മള് അനുഭവിച്ചേ തീരു" യമുന പറഞ്ഞു. യമുന ഒരുപാട് നേരം പത്രത്തിലേക്ക് നോക്കിയിരുന്നു.

പിറ്റെ ദിവസം നന്ദനയേയുംകുട്ടി പ്രോഗ്രാം നടക്കുന്ന ഓഡിറ്റോറിയത്തില് എത്തി. യമുനയുടെ ഹൃദയത്തിന്റെ താളം. വല്ലാതെ ഉച്ചത്തില് മിടിച്ചു കൊണ്ടിരുന്നു. തന്റെ രണ്ടു കണ്ണുകളും അജയൻ എന്ന ആ മനുഷ്യനെ തിരയുന്നു. സദസ്സില് മുൻ നിരയില് ക്ഷണിക്കപ്പെട്ട അതിഥിയായി അതാ ഇരിക്കുന്നു. തന്റെ ആത്മാർഥ സുഹൃത്ത് അജയൻ. യമുനയുടെ മനസ്സ് സന്തോഷം കൊണ്ട് നിറഞ്ഞു. കണ്ണുകള് നിറഞ്ഞു തുളുമ്പി.

എല്ലാവരും അക്ഷമരായി കാത്തിരിക്കുകയാണ് അജയന്റെ രണ്ടു വാക്കിനായി. വളരെ ഉദ്വേഗഭരിതമായ നിമിഷങ്ങളായിരുന്നു അത്. സദസിനെ അഭിമുഖീകരിച്ചുകൊണ്ട് കൂപ്പ്കൈകളോടെ അജയൻ എന്ന സാധാരണ മനുഷ്യൻ. യമുനക്ക് എന്തെന്നറിയാത്ത സന്തോഷം തോന്നി.

സദസ്സിലിരിക്കുന്ന എന്റെ ആത്മമിത്രങ്ങൾക്ക് സാദരനമസ്കാരം. അജയൻ സദസിനു നേരെ കൈകൂപ്പികൊണ്ട് പറഞ്ഞു. എന്റെ പുസ്തകങ്ങൾ വായിക്കുകയും അതിനു അഭിപ്രായവും നിർദ്ദേശവും അറിയുക്കുകയും ചെയ്യുന്ന എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു. പിന്നെ ഞാൻ എഴുതുന്ന ഓരോ കഥയും എന്റെ ജീവിതാനുഭവമായി സാമ്യമുള്ളതാണ്. അങ്ങനെ കുറച്ചു കാര്യങ്ങള് അജയൻ സംസാരിച്ചു.

അടുത്തത് നിധാന്തന സാംസ്കാരിക വേദി നടത്തിപ്പുകാരൻ നന്ദൻ സാർ അജയൻ എന്ന സാഹിത്യകാരനെ പൊന്നാട അണിയിക്കുന്നതാണ്. പിന്നീട് അജയന്റെ പുതിയ ഒരു കഥയായ "ഒരു മഴനീർ മുത്തുകൾ" എന്ന കൃതി നന്ദൻ സാറിന് നൽകികൊണ്ട് സദസ്സ് വിടവാങ്ങാൻ ഒരുങ്ങുന്നു.

പിന്നീട് എല്ലാവരും എണീറ്റ് കുശലം പറയലും അടക്കം പറയലും ഒക്കെ ആയി. അപ്പോഴും യമുന സദസിലേക്ക് നോക്കിതന്നെ ഇരുന്നു.

ഇന്ന് അജയൻ എന്ന എഴുത്തുകാരൻ വെറും ഒരു എഴുത്തുകാരൻ മാത്രമല്ല. എല്ലാവരും അറിയപ്പെടുന്ന സമൂഹത്തില് ഒരുപാട് മൂല്യങ്ങളുള്ള ഒരു വ്യക്തിയുമാണ് അങ്ങനെ ഒരാള് പഴയ കാലത്തേക്ക് തിരിഞ്ഞുനോക്കാമോ. ഇല്ല ഒരിക്കലും ഇല്ല യമുനയുടെ മനസ്സ് മന്ത്രിച്ചു. അടുത്ത് ചെന്ന് നിൽക്കാൻ കൺകുളിർക്കെ കാണാൻ യമുനയുടെ മനസ്സ് വല്ലാതെ കൊതിച്ചു. എങ്കിലും ഇല്ല പാടില്ല അങ്ങനെ പറയാൻ യമുന അവളുടെ മനസ്സിനെ പാകപ്പെടുത്തി.

തിരക്കൊക്കെ ഒരു വിധം കഴിഞ്ഞു. നന്ദന ഒരു ഓട്ടോഗ്രാഫിനായി അജയന്റെ അടുത്തേക്ക് നീങ്ങുന്നു. സാറിന്റെ ഒട്ടുമിക്ക കഥകളും ഞാൻ വായിക്കാറുണ്ട്. എല്ലാം വളരെ അധികം മികവു പുലർത്തുന്നവയാണ്. എല്ലാം ഒന്നിന് ഒന്ന് മെച്ചം. എല്ലാം വളരെ മനോഹരമാണ്. വായിക്കുമ്പോൾ കഥയും കഥാപാത്രങ്ങളും മനസില് തങ്ങി നിൽക്കുന്നവയും നന്ദന പറഞ്ഞു.

എന്റെ സൃഷ്ടിക്ക് ഇത്രയധികം അനുമോദനം തന്ന മോൾക്ക് ഒരുപാട് നന്ദി. അജയൻ പറഞ്ഞു. നന്ദന അയാൾക്കു നേരെ കൈ കൂപ്പി. സാർ ഒരു അപേക്ഷയുണ്ട് നന്ദന പറഞ്ഞു.

"മോള് പറഞ്ഞോളു എന്താ അത് " അജയൻ ആരാഞ്ഞു.

"സാറിന് ഒരാളെ പരിചയപ്പെടുത്താനുണ്ട്. സാറ് ഒന്നു വരു" നന്ദന പറഞ്ഞു.

"തീർച്ചയായും വരാം അജയൻ പറഞ്ഞു."

നന്ദന അജയനെയും കുട്ടി യമുനയുടെ അടുത്തെത്തി.

"സാറിന് ഇവരെ അറിയുമോ?"

അജയൻ അവരെ ഒന്ന് സൂക്ഷിച്ചുനോക്കി മെല്ലെ മെല്ലെ ആ മനസ്സിലേക്ക് ആ രൂപം മിന്നി മായുന്നു. യമുന അറിയാതെ ചുണ്ടുകള് മന്ത്രിച്ചു. അജയൻ മുഖത്തു നിന്ന് ആ കണ്ണട എടുത്തുമാറ്റി. "യമുന താനിവിടെ ഞാൻ ഒട്ടും പ്രതീക്ഷിച്ചില്ല. അത്യധികം അത്ഭുതമായിരിക്കുന്നു. എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല."

"ഒട്ടും അത്ഭുതപ്പെടണ്ട ഞാൻ തന്നെ ആ പഴയ യമുന തന്നെ." യമുന പറഞ്ഞു.

"വരു നമുക്കൽപം മാറിനിന്ന് സംസാരിക്കാം." അജയൻ പറഞ്ഞു.

യമുന നന്ദനയെ നോക്കി. നന്ദന കണ്ണടച്ച് കാണിച്ചു .

രണ്ടാൾക്കും എവിടെ തുടങ്ങണം എന്തു പറയണം എന്ന് അറിയുന്നില്ല.

"യമുനയുടെ കുടുംബം" അജയൻ ചോദിച്ചു.

യമുന എല്ലാം വിവരിച്ചു പറഞ്ഞു. "താനിപ്പോ രാരീരം എന്ന വൃദ്ധസദനത്തില് കഴിയുന്നു."

എല്ലാം കേട്ട് അജയൻ എന്തു പറയണം എന്നറിയാതെ പകച്ചു നിന്നു.

"അജയന്റെ കുടുംബം ഭാര്യയും മക്കളും ഒക്കെ പറയു കേൾക്കട്ടെ" യമുന പറഞ്ഞു.

"കുടുംബം എനിക്കോ അങ്ങനെ ഒന്ന് എനിക്കില്ല. ഈ പുസ്തകങ്ങളും എഴുത്തും ഒക്കെ ആയി കാലം കഴിഞ്ഞു. പിന്നെ തന്നെക്കുറിച്ച് ഒരുപാട് ആഗ്രഹിച്ചിരുന്നു. പക്ഷേ ഒന്നും തുറന്നുപറയാൻ അന്ന് കഴിഞ്ഞില്ല. എന്നാലും മനസില് നല്ല ഒരു പിടി ഓർമ്മകള് അതങ്ങനെ തന്നെ കിടന്നിരുന്നു." അജയന്റെ മനസ് വല്ലാതെ വിതുമ്പുന്നുണ്ടായിരുന്നു.

അജയൻ അടുത്ത്ചെന്ന് യമുനയുടെ കൈത്തലം തന്റെ നെഞ്ചിനോട് ചേർത്ത് പിടിച്ചു. "കാലത്തിനും പ്രകൃതിക്കും പകരം വക്കാനില്ലാത്ത ഒന്നാണ് സ്നേഹം. ഒരിക്കലും മായിക്കാനും മറക്കാനും കഴിയാത്ത അമൂല്യ രത്നങ്ങളെ പോലേ വിലപ്പെട്ടതാണ് സ്നേഹം. കൂടൊഴിഞ്ഞ ചില്ല പോലെ ആണ് നാം എല്ലാവരും. വാർദ്ധക്യത്തിന്റെ അവശതയിലെങ്കിലും ഇനിയുള്ള കാലം അത് ഒരാഴ്ചയോ മാസമോ വർഷങ്ങളോ ആവട്ടെ." അജയൻ ചോദിച്ചു "ജീവിതത്തിൽ ഒരു പൊൻതിരി വെട്ടമായി കൂടെ നില്ക്കുമോ താൻ."

യമുനക്ക് സങ്കടം കൊണ്ടോ സന്തോഷം കൊണ്ടോ എന്ത് പറയണം എന്ന് അറിയില്ല.

എത്രയോ വർഷമായി താൻ മനസ്സിൽ ഒളിപ്പിച്ചു വച്ചതാണ് ഈ സ്നേഹവും കരുതലും എല്ലാം. എല്ലാം ഒരു കണ്ണീരായി അണപൊട്ടി ഒഴുകുകയാണ്. അജയൻ യമുനയെ തന്നിലേക്ക് ചേർത്തു പിടിച്ചു. അങ്ങ് ദൂരെ നന്ദന മോള് ഇതെല്ലാം കാണുന്നുണ്ടായിരുന്നു. അവൾ വേഗം അടുത്തേക്ക് ചെന്നു "ഈ പരിചയപ്പെടുത്തലിന് ഞാൻ മോളോട് എങ്ങനെയാ നന്ദി പറയുക" അജയൻ ചോദിച്ചു.

"അയ്യോ സാർ അങ്ങനെ ഒന്നും പറയരുത്. ഞാൻ എന്റെ കടമ നിർവഹിച്ചു അത്രമാത്രം. യമുനമ്മ എന്നോട് എല്ലാം പറഞ്ഞിരുന്നു. അന്ന് ഞാൻ മനസ്സിൽ ആഗ്രഹിച്ചതാണ് ഇതെല്ലാം. ഈ ഒരു അവസരത്തിനു വേണ്ടി ഞാൻ എത്രയോ നാളായി കാത്തിരിക്കുന്നു. ഇപ്പോ എനിക്കു സമാധാനമായി."



"സാർ ഞങ്ങൾക്കൊപ്പം സദനത്തില് വരണം"

"തീർച്ചയായും"

അജയൻ പറഞ്ഞു. രണ്ടുപേരും നന്ദനക്കൊപ്പം സദനത്തിലേക്ക് യാത്രയാവുന്നു.

# പവർലിഫ്ടിംഗ് ജേതാക്കൾ





ഫോർട്ട് കൊച്ചിയിൽ വച്ച് നടന്ന സംസ്ഥാന പവർലിഫ്ടിംഗ് മത്സരത്തിൽ മാസ്റ്റേഴ്സ് 2 വിഭാഗത്തിൽ സ്വർണ്ണമെഡൽ നേടിയ എ. ഗണേശൻ, വെള്ളിമെഡൽ നേടിയ സന്തോഷ്കുമാർ, സബ്ജൂനിയർ വിഭാഗത്തിൽ വെള്ളിമെഡൽ നേടിയ നിദ, ജൂനിയർ വിഭാഗത്തിൽ വെങ്കലമെഡൽ നേടിയ അവിനാഷ് (കാലിക്കറ്റ് ബാർബൽ ക്ലബ്)

## ശ്രീ പുഷ്പക ബ്രാഹ്മണ സേവാസംഘം 54-ാം ദേശീയ സമ്മേളനം




**ശ്രീ പുഷ്പക ബ്രാഹ്മണ സേവാസംഘം 54-ാം ദേശീയ സമ്മേളനം കോഴിക്കോട്ട് കേന്ദ്രമന്ത്രി വി. മുരളീധരൻ ഉദ്ഘാടനം ചെയ്യുന്നു.**

ശ്രീ പുഷ്പക ബ്രാഹ്മണ സേവാസംഘം 54-ാം ദേശീയ സമ്മേളനം 2022 ആഗസ്റ്റ് 13, 14 തിയ്യതികളിൽ കോഴിക്കോട് സുകൃതീന്ദ്ര കലാമന്ദിരിൽ വിപുലമായ പരിപാടികൾസംഘടിപ്പിച്ച കൊണ്ട് ആഘോഷിക്കുകയുണ്ടായി. നമ്പീശൻ, ഉണ്ണി, നമ്പിടി, കുരുക്കൾ, നമ്പ്യാർ, മൂത്തത്, ഇളയത്, ചാക്യാർ, പ്ലാപ്പള്ളി തുടങ്ങി പത്തോളം ബ്രാഹ്മണ സമുദായങ്ങളുടെ സംഘടനയായ ശ്രീ പുഷ്പക ബ്രാഹ്മണ സേവാസംഘം സാർവ്വദേശീയ തലത്തിലുള്ള കേന്ദ്ര സമിതിക്കു കീഴിൽ ജില്ല, പ്രാദേശിതലത്തിൽ പ്രവർത്തിച്ചു വരുന്നു. സാത്വിക ജീവിതശൈലിയോടെ ആദ്ധ്യാത്മിക, സാംസ്ക്കാരിക ചര്യകളെ മുറുകെ പിടിച്ചുകൊണ്ട് സമൂഹത്തെ സാഹോദര്യത്തോടെ, സ്നേഹത്തോടെ, സൗഹൃദത്തോടെ ഒന്നിപ്പിക്കുക എന്ന ദൗത്യം തന്നെയാണ് സംഘടന നിറവേറ്റുന്നത്. ഒപ്പം ദേശീസ സമൂഹത്തെ ഭിന്നിപ്പിച്ചു ആനുകൂല്യങ്ങൾ നേടിയെടുക്കാനും നിലനിർത്താനും ശ്രിച്ചുകൊണ്ടിരിക്കുന്ന സമൂഹത്തോടും വിസ്മരിക്കപ്പെടേണ്ട പൂർവ്വകാല സാമൂഹിക പരിതസ്ഥിതികളെ ഇന്നും മുതലെടുക്കാൻ ശ്രമിക്കുന്നവരുണ്ടെങ്കിൽ അവരോടുപോലും ഒരു മൗഢ്യവുമില്ലാതെ സാമൂഹികമായ നീതിക്കായി കൈകോർത്തു പ്രർത്തിക്കുകയുമാണ് സംഘടനയുടെ ലക്ഷ്യം.

**വി. വിനോദ് കുമാർ**
**( ജനറൽ കൺവീനർ)**


# ദേവി ജ്യോതിഷാലയം

**കോട്ടൺമിൽ റോഡ്, മാവേലി സ്റ്റോറിന് എതിർവശം**
**തിരുവണ്ണൂർ, കോഴിക്കോട്-29, ഫോൺ: 9447445500**



ജ്യോത്സ്യൻ & വാസ്തു കൺസൽട്ടന്റ്
പി. സുരേഷ് ബാബു



**(ജ്യോതിഷരത്നം, ജ്യോതിഷാചാര്യ, ജ്യോതിഷ ഭൂഷണം & വാസ്തു ഭൂഷണം)**

**ജാതകം രചിക്കൽ, വിവാഹപ്പൊരുത്ത പരിശോധന, മുഹൂർത്തം കുറിക്കൽ, ജാതക ഫലപ്രവചനം, പ്രശ്നം വെക്കൽ, വാസ്തു പരിശോധന, ദോഷപരിഹാരം, കുറ്റിയടിക്കൽ മുതലായവ നിർവ്വഹിക്കുന്നു.**

ചെറുകഥ



അശ്വതി കെ.ടി, കടുങ്ങപുരം

# പൊള്ളുന്ന നിലാവ്



**പു**റത്ത് പൊള്ളുന്ന നിലാവ്. മരച്ചില്ലയിൽ നിന്നും വഴുതി ജനലിലൂടെ അരിച്ചെത്തിയ കുളിർക്കാറ്റ് അൽപ്പം ആശ്വാസമേകി. ആ ഇളം തെന്നൽ അനസ്യുതം തുടർന്നെങ്കിൽ എന്നവൾ ആശിച്ചു. സമയം മഴ പോലെ പെയ്തു വീണുകൊണ്ടിരുന്നു. ജനൽപ്പാളികളിലേക്ക് മിഴികൾ പായിച്ചു. നിറയെ ചിലന്തി വലകൾ.

ആരോട് പറയാൻ...

അവൾ സ്വയം പിറുപിറുത്തു.

അവളുടെ അച്ഛനും അമ്മയും മരിച്ചിട്ട് അഞ്ചു വർഷം തികയാറായി. ഇതളടർന്ന പൂവിനെപ്പോലെ അവൾ മാത്രം തനിച്ചായി. ഒരു നിമിഷത്തെ ഓർമ്മയിൽ മിഴികൾ നനഞ്ഞു. തൊണ്ടയിടറി. വല്ലാത്ത ദാഹം തോന്നി. മേശപ്പുറത്തിരിക്കുന്ന വെള്ളം നിറച്ച ജഗ്ഗെടുക്കുമ്പോൾ അത് താഴെ വീണു. ശബ്ദം കേട്ട് വീട്ടുടമസ്ഥ ഓടി വന്നു. രൂക്ഷമായ ഭാഷയിൽ അവർ അവളെ ശകാരിച്ചു.

അസത്ത്, എന്തിനു നീ മാത്രം ബാക്കിയായി...?

ചലനമറ്റ കാലുകളിൽ നിലാവിന്റെ പൊള്ളൽ ഒരിക്കൽ കൂടി അനുഭവപ്പെട്ടു.

അവരുടെ കേട്ടാൽ അറക്കുന്ന ശകാരങ്ങളും പീഢനങ്ങളും സഹിച്ച് കഴിയുകയാണവൾ.

ഇന്ന് ബാല്യവും കൗമാരവും പിന്നിട്ട ഒരു യുവതിയാണവൾ. സ്വപ്നങ്ങൾ നെയ്തിരുന്ന ഒരു വസന്തകാലം ഇങ്ങിനി തിരികെ വരാത്ത വിധം നഷ്ടമായിരിക്കുന്നു. അവൾ ആകുലചിത്തയായി. മനസ്സിന്റെ ഉള്ളറകളിൽ ഒളിപ്പിച്ചു വെച്ച സ്മരണകൾ അപ്പൂപ്പൻതാടി പോലെ പറന്നു പൊങ്ങി.

അമ്മയും അച്ഛനും മരണപ്പെട്ട് കുറച്ചു നാളുകൾ കഴിഞ്ഞ് തന്റെ ഇരുകാലുകളും നിശ്ചലമായി. ഒടുവിൽ ആരാണെന്നുപോലും അറിയാത്ത ഒരു അകന്ന ബന്ധുവായ ഈ സ്ത്രീ തന്നെ ഏറ്റെടുത്തു. തന്റെ പണവും സ്വത്തും മോഹിച്ചുമാത്രം.

ക്ലാവു പിടിച്ച ഓർമ്മകളുടെ പ്രവാഹം നിലച്ചില്ല. താനും ഒരു പ്രണയിനിയായിരുന്നു. എല്ലാ യുവതികളെയും പോലെ സ്വപ്നങ്ങൾക്ക് നിറക്കൂട്ടൊരുക്കിയവൾ. എന്നാൽ ചലനമറ്റ തന്റെ കാലുകൾ കണ്ട് അയാൾ പിന്മാറി. ഉറ്റവരുടെ മരണത്തിനും തന്റെ പ്രണയത്തിനും മുന്നിൽ പരാജയത്തിന് കീഴടങ്ങി.

ഇനി അവൾക്കു വേണ്ടത് സമാധാനത്തിന്റെ തണുത്ത നിലാവാണ്. ഇപ്പോഴത് തണുക്കുവാൻ തുടങ്ങിയിരിക്കുന്നു. അതെ, നിലാവ് തണുക്കുകയാണ്. ശിരകളെ കുളിരണിയിക്കുന്ന ശൈത്യത്തിന്റെ താരള്യതയിൽ വിലയിക്കാൻ അവളിൽ ആർത്തി മൂത്തു. ചലനമറ്റ കാലുകൾ തണുത്തു. ക്രമേണ അവളുടെ ശരീരം മുഴുവൻ തണുത്തു. വീൽചെയറിൽ നിന്ന് ഊർന്നുവീണു. അതെ, അവൾ യാത്രയാവുകയാണ്. സമാധാനത്തിന്റെ തണുത്ത വെളിച്ചം തേടി.

ഞങ്ങൾ 14-ാം വർഷത്തിലേക്ക്

NAKSHATHRA RAJYAM SINCE 2008 OCTOBER

# നക്ഷത്രരാജ്യം നാൾ വഴികൾ



**ഫോൺ : 9847649567, 9744233997**

**മാനേജിംഗ് എഡിറ്റർ**

**നക്ഷത്രരാജ്യം ത്രൈമാസിക**

P.B : No. 1205, Mankave P.O., Kozhikode - 7





Printed, Published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri P.O, P.B. No.1205, Mankave Post Office, Kozhikode District in Kerala state, India Pin: 673007 and printed at Kamala Printers, Calicut for Geethanjaliweboffsets, Geethanjali building, NH 17, Kundayithode, Kolathara P.O, Kozhikode - 673055 and published at Kozhikode-Editor E. Radhakrishnan.



# T.K. TYRE WORLD

OPP. HP PETROL PUMP, OLAVANNA JUNCTION,
KUNNATHUPALAM, KOZHIKODE
MOB: 9846 744 700, 9061 744 701


എല്ലാവിധ വാഹനങ്ങളുടെയും
പ്രമുഖ കമ്പനികളുടെ ടയറുകൾ ഇവിടെ ലഭ്യമാണ്

CEAT apollo TYRES JK TYRE TVS TYRES RALCO TYRES









# T. K. CAR WASH

NEAR HP PETROL PUMP, OLAVANNA JUNCTION,
KUNNATHUPALAM, KOZHIKODE, MOB: 9846 744 700

Form Wash, Interior Cleaning,
Bike, Car, Water Service

Bike, Car, Traveller, Ace, Auto, Dosth, Etc. - Water Service



# T.K. TYRE RESOLING

എല്ലാവിധ വാഹനങ്ങളുടെയും ടയറുകൾ
റീസോളിങ് & പഞ്ചർ വർക്കുകൾ ചെയ്തു കൊടുക്കുന്നു

MOB: 9846 744 700

VOL: 4, ISSUE: 17
RNI REG NO. : KERMAL 16195

NAKSHATHRARAJYAM
TRI-MONTHLY (QUARTERLY)

2022 AUGUST, SEPTEMBER, OCTOBER
RS. 10/-







Printed, published and owned by E.Radhakrishnan on behalf of E.Radhakrishnan (name of owner) Edoli House, Kommeri, P B No.1205,Mankavu P O, Kozhikode District in Kerala State, India Pin:673007 and printed at Kamala Printers, Calicut for Geethanjali Web Offsets, Geethanjali Bldg., NH-17, Kundayithode, Kolathara P.O., Kozhikode-673055 and Published at Kozhikode, Editor E.Radhakrishnan.